കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## ജില്ലാ ഓഡിറ്റ് കാര്യാലയം

## പാലക്കാട്

www.lfa.kerala.gov.in

# പിരായിരി ഗ്രാമ പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

2018-19

e-mail: dopkd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.പി.കെ.ഡി.17/549/2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്
തീയതി –19.05.2020

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

പിരായിരി ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം :- പിരായിരി ഗ്രാമപഞ്ചായത്ത് 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പിരായിരി ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തികവർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട്

ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2) എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

<u>പകർപ്പ് :-</u>

1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
2. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്
3. കാര്യാലയ പകർപ്പ്

നം.കെ.എസ്.എ-പികെഡി.17/549/2020 തീയതി – 19.05.2020

## പാലക്കാട് ജില്ലയിലെ പിരായിരി ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

പാലക്കാട് ജില്ലയിലെ പിരായിരി ഗ്രാമപഞ്ചായത്തിന്റെ 2018-19സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 18-5-2019 മുതൽ 19-2-2020 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 24 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 17 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും ,സ്ഥാപനം ഓഡിറ്റിന് ലഭ്യമാക്കാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | സതീശൻ.എൻ<br>ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 20.2.2020മുതൽ<br>2.3.2020 വരെ |

### ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| | | |
|---|---|---|
| 1 | ശ്രീ. എസ്.പ്രേമാനന്ദ് | ഓഡിറ്റ് ഓഫീസർ(ഹ.ഗ്ര) |
| 2 | ശ്രീമതി.കെ.വി.സുസ്മിത | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| 3 | ശ്രീമതി.കാർത്തിക.പി | ഓഡിറ്റർ |
| 4 | ശ്രീ.ഷഹീർ. എസ് | ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

പ്രസിഡന്റ്

| | |
|---|---|
| ശ്രീമതി.കെ.കല്യാണി | 1-4-2018 മുതൽ<br>31-3-2019 വരെ |
| ശ്രീ.എം.ജെ.ജോയ്സൺ | 1-4-2018 മുതൽ<br>31-3-2019 വരെ |

നിർവഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീ.ദേവപ്രസാദ് | 1-4-2018 മുതൽ<br>31-03-2019 വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ I | ശിവപ്രസാദ്. | 1-4-2018 മുതൽ 31-03-2019 |
| മെഡിക്കൽ ഓഫീസർ ഹോമിയോ | ഡോ.സിനി എബ്രഹാം | 1-4-2018 മുതൽ<br>31.3.19 വരെ |
| മെഡിക്കൽ ഓഫീസർ പി എച്ച് സി | ഡോ.വിവേക് | 1-4-2018 മുതൽ<br>6-3-2019 വരെ |
| | | |

| | | |
|---|---|---|
| ആയുർവേദം | ഡോ.സ്മിത | 1-4-2018 മുതൽ<br>6-3-2019 വരെ |
| | ഡോ.റജുല | 7-3-2019 മുതൽ<br>31-3-2019 വരെ |
| വെറ്ററിനറി സർജൻ | ശ്രീ.റഷീൻ | 1-4-2018 മുതൽ 31.3.19 വരെ |
| പ്രധാനാദ്ധ്യാപകൻ | ശ്രീ.തോമസ് വർഗീസ് | 1-4-2018 മുതൽ 27-5-2018 വരെ |
| | ശ്രീമതി.ജയ | 28-5-2018 മുതൽ 3-7-2018 വരെ |
| | ശ്രീ.മണികണ്ഠൻ | 3-7-2018 മുതൽ 3-10-2018 വരെ |
| | ശ്രീമതി.മിനി.കെ.പി | 4-10-2018 മുതൽ 31-3-19 വരെ |
| കൃഷി ഓഫീസർ | ശ്രീമതി.നഫീസ.എം | 1-4-2018മുതൽ 31-7--2018 വരെ |
| | ശ്രീമതി.രശ്മി കൃഷ്ണൻ | 1.8.18 മുതൽ 31.3.19 വരെ |
| ഐ.സി.ഡി.എസ് | ശ്രീമതി.ധനലക്ഷ്മി | 1-4- |

| | | |
|---|---|---|
| സൂപ്പർവൈസർ | | 2018മുതൽ 31-03-19 വരെ |
| ഡയറി ഡവൽപ്മെന്റ് ഓഫീസർ | ശ്രീമതി. എൻ. ബിന്ദു | 1.4.18 മുതൽ 10.7.18 വരെ |
| ഡയറിഫാം ഇൻസ്ട്രക്ടർ | ശ്രീമതി.ആശ | 11-7-2018മുതൽ 21-11-2018വരെ |
| | ശ്രീമതി.രാധിക | 22-11-2018 മുതൽ 31-3-19 |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ.മോഹൻദാസ് | 1-4-2018മുതൽ 18-11-18 |
| | ശ്രീമതി. രശ്മി.പി.വി | 19.11.18 മുതൽ 31.3.19 വരെ |

# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്.

# 1-1 ബജറ്റ്

27.3.2018 തീയതിയിലെ 1 നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു.

മുന്നിരിപ്പ് - 5892365.45

വരവ് - 209563335

ആകെ - 215455700.45

ചെലവ് - 206638300

നീക്കിയിരുപ്പ് -8817400.45

# 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-7-2018 | 3-6-2019 | - | - |

# 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 10850928 |
| വരവ് | 119489191 |
| ആകെ | 130340119 |
| ചെലവ് | 89052484 |
| നീക്കിയിരിപ്പ് | 41287635 |

# 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 25152752 | 25152752 | 24174988 | 977764 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 10730000 | 10730000 | 5943056 | 4786944 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | 0 | 93000 | 93000 | 0 | 93000 |

| | | | | | | |
|---|---|---|---|---|---|---|
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | | 0 | 9471000 | 9471000 | 9417592 | 53408 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | 0 | 5174000 | 5174000 | 4657054 | 516946 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | 0 | 14108393 | 14108393 | 11744116 | 2364277 |
| എം.ജി.എൻ.ആർ.ഇ.ജി.എസ് | തൊഴിലാളികളുടെ കൂലി | 0 | 29204507 | 29204507 | 29204507 | 0 |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 10475 | 593496 | 603971 | 599035 | 4936 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ(TSC) | | 1782000 | 2468522 | 4250522 | 210000 | 4040522 |
| ICDS | | 1064450 | 447800 | 1512250 | 404478 | 1107772 |
| സാക്ഷരത | | 136920 | 3215 | 140135 | 0 | 140135 |
| LAD (MLA) ഫണ്ട് | | 0 | 449193 | 449193 | 449193 | 0 |
| ജലനിധി (കനറാ ബാങ്ക്) | | 80473 | 6058 | 86531 | 0 | 86531 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | 0 | 7276753 | 7276753 | 2272064 | 5004689 |
| | ജില്ലാ പഞ്ചായത്ത് | 2673740 | 8047206 | 10720946 | 4589217 | 6131729 |
| ബി ഫണ്ട് | | | | | | |
| വിവാഹ ധനസഹായം | | 0 | 450000 | 450000 | 450000 | |
| തൊഴിൽ രഹിത | | 0 | 470400 | 470400 | 470400 | |

| | | | | | | |
|---|---|---|---|---|---|---|
| വേതനം | | | | | | |
| തനത് ഫണ്ട് | ബാങ്ക് (PDC ബാങ്ക്) | 1175410 | 122953 | 1298363 | 24 | 1298339 |
| | ബാങ്ക് (PSCB) | 4195273 | 6145495 | 10340768 | 5455950 | 4884818 |
| | കാനറാ ബാങ്ക് | 2973623 | 10779480 | 13753103 | 10444895 | 3308208 |
| | ട്രഷറി (ജനറൽ പർപ്പസ് ഗ്രാന്റ് ഉൾ പ്പെടെ) | 1830119 | 31101527 | 32931646 | 8563853 | 24367793 |

# 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|
| 257 | 303932891 | 196 | 66552227 | 61 | 76.26 |

ഐ.കെ.എം സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള കണക്ക് താഴെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 2 | 2 | 5428087 | 4738195 | 87.29 |
| വെറ്റിനറി സർജൻ | 7 | 6 | 4303900 | 415888 | 9.66 |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 7 | 7 | 1568901 | 1355832 | 86 |
| മെഡിക്കൽ | 1 | 1 | 300000 | 300000 | 100 |

| | | | | | |
|---|---|---|---|---|---|
| ഓഫീസർ (ഹോമിയോ | | | | | |
| മെഡിക്കൽ ഓഫീസർ (ആയുർവദ) | 2 | 2 | 475000 | 464000 | 97.68 |
| വി.ഇ.ഒ | 11 | 7 | 222288614 | 14954062 | 6.73 |
| ഐ.സി.ഡി.എസ് | 15 | 10 | 10750698 | 6707789 | 62 |
| അസിസ്റ്റന്റ് സെക്രട്ടറി | 4 | 2 | 1611200 | 426700 | 26.48 |
| സെക്രട്ടറി | 32 | 20 | 11186570 | 4222355 | 37.74 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 167 | 134 | 42567109 | 31696604 | 74.46 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 1 | 1 | 850000 | 850000 | 100 |
| ഹെഡ്മാസ്റ്റർ | 8 | 4 | 2602812 | 420802 | 16.17 |
| ആകെ | 257 | 196 | 303932891 | 66552227 | 21.9 |

# 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 10475 | 593496 | 603971 | 599035 | 4936 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 29204507 | 29204507 | 29204507 | 0 |

# 1-7 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 24 -2-2020 ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 32901.രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

# 1-8 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 470400 | 283 |
| കർഷകതൊഴിലാളി പെൻഷൻ | 6849800 | 516 |
| വിധവാപെൻഷൻ | 18987000 | 1580 |
| വാർദ്ധക്യകാലപെൻഷൻ | 29930600 | 2522 |
| വികലാംഗപെൻഷൻ | 5029200 | 409 |
| 50 വയസ്സിന് മുകളിലുള്ള അവിവാഹിതർ | 801100 | 66 |

# 1-9 ആഭ്യന്തരനിയന്ത്രണം

പിരായിരി ഗ്രാമ പഞ്ചായത്തിൽ കൈകാര്യം ചെയ്യുന്ന മുഴുവൻ കാര്യങ്ങളെയും അടിസ്ഥാനമാക്കി വിവിധ ഉത്തരവാദിത്തങ്ങൾ ജീവനക്കാർക്ക് ഓഫീസ് ഉത്തരവുകളിലൂടെ ഏൽപിച്ചിട്ടുണ്ട്. ഇന്റേർണൽ ഓഡിറ്റിന്റെ ഭാഗമായി പെർഫോമൻസ് ഓഡിറ്റ് വിഭാഗം കൃത്യമായ ഇടവേളകളിൽ പരിശോധന നടത്തുകയും വേണ്ട നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നുണ്ട്.

ചെലവുകൾ ബജറ്റിനനുസരണമായി നിയന്ത്രിക്കുന്നതിനുള്ള സംവിധാനം നിലവിലുള്ള സോഫ്റ്റ്‌വേറിലില്ല. സാമ്പത്തിക വർഷം അവസാനിക്കുന്നതിന് മുൻപ് റിവൈസ്ഡ് ബഡ്ജറ്റ് തയ്യാറാക്കി ഭരണസമിതി പാസാക്കുന്നുണ്ട്. ഓരോ ചെലവും നടത്തുമ്പോൾ ബഡ്ജറ്റിൽ അനുവദിച്ച തുകയേക്കാൾ കൂടുന്നുണ്ടോ എന്ന് അക്കൗണ്ടന്റ് പ്രത്യേകം ശ്രദ്ധിക്കേണ്ടിവരുന്നുണ്ട്.

വാർഷിക കണക്കുകൾ സ്ഥാപനത്തിന്റെ ഇടപാടുകളേയും പ്രവർത്തനങ്ങളേയും പ്രതിഫലിപ്പിക്കുന്നുണ്ട്. വാർഷിക കണക്കിലെ അപാകതകൾ ഈ റിപ്പോർട്ടിന്റെ അവസാന ഭാഗത്ത് അനുബന്ധം 1 ആയി ചേർത്തിട്ടുള്ള ഓഡിറ്റ് സാക്ഷ്യ പത്രത്തിൽ ചേർത്തിട്ടുണ്ട്.

അക്കൗണ്ടിങ്ങ് റൂൾസ് പ്രകാരം സൂക്ഷിക്കേണ്ട എല്ലാ രജിസ്റ്ററുകളും രേഖകളും സ്ഥാപനത്തിൽ സൂക്ഷിച്ചിട്ടുണ്ട് സ്ഥാപനത്തിന്റെ അക്കൗണ്ടിങ്ങ് രേഖകൾ തീപ്പിടുത്തം, കളവ്, പുറമേ നിന്നുള്ള ഇടപെടലുകൾ, വ്യാജരേഖ ചമക്കൽ എന്നിവയിൽ നിന്നും സംരക്ഷിക്കുന്നതിനുവേണ്ടിയുള്ള മതിയായ ക്രമീകരണങ്ങൾ നടത്തിയിട്ടില്ല. 2 ഫയർ എക്സ്റ്റിങ്ഗ്വിഷറുകൾ സ്ഥാപിച്ചിട്ടുണ്ട്.

ഓരോ ഇടപാടും നടത്തുന്ന സമയത്തുതന്നെ അക്കൗണ്ട് ചെയ്യപ്പെടുന്നുണ്ട്. പണമിടപാട് നടത്തുന്ന എല്ലാ രേഖകളുടേയും ഡ്യൂപ്ലിക്കേറ്റ് സൂക്ഷിക്കുന്നുണ്ട്. രശീതികൾ പ്രീ നമ്പേർഡ് ആണ്. രശീതി, ചെക്ക് എന്നിവ ക്യാൻസൽ ചെയ്യുമ്പോൾ സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നുണ്ട്. അടിയന്തിര സാഹചര്യങ്ങളിൽ മാന്വലായ രശീതികൾ സ്ഥാപനത്തിൽ ഉപയോഗിക്കുന്നുണ്ട്. ഇതിന്റെ സ്റ്റോക്ക് രജിസ്റ്റർ കാലികമാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നുണ്ട്. ഉപയോഗിക്കാത്തവ ഭദ്രമായി സൂക്ഷിച്ചിട്ടുണ്ട്. ഗ്രാമ പഞ്ചായത്തിന്റെ എല്ലാ ട്രഷറി/ബാങ്ക് അക്കൗണ്ടുകളും സാംഖ്യയിൽ ചേർത്തിട്ടുണ്ട്.

ഫ്രണ്ട് ഓഫീസിൽ ഒരു ദിവസം ഒരാളെയാണ് ചുമതലപ്പെടുത്തുന്നത്. ഓരോരുത്തർക്കും login, password ലഭ്യമാക്കി സുരക്ഷിതത്വം ഉറപ്പാക്കിയിട്ടുണ്ട്. ഒരാളുടെ പാസ്സ് വേർഡ്, ലോഗിൻ എന്നിവ മറ്റുള്ളവർ ഉപയോഗിക്കുന്നില്ല. ഫ്രണ്ട് ഓഫീസ് ഡ്യൂട്ടി രജിസ്റ്റർ സൂക്ഷിക്കുന്നുണ്ട്. തുക ബാങ്കിൽ അടവാക്കുന്നത് തുക കളക്റ്റ് ചെയ്യുന്ന ആൾ അല്ല. ഓരോ ദിവസത്തെയും വരവ് തുക ക്യാഷിന്റെ ചുമതലയുള്ള സെക്ഷൻ ക്ലാർക്കിനെ (Cashier) ഏൽപ്പിക്കുകയും തുകയുടെ കൃത്യത അക്കൗണ്ടന്റ്, ഹെഡ് ക്ലാർക്ക്, സെക്രട്ടറി എന്നിവർ പരിശോധിച്ചുറപ്പാക്കുകയും ചെയ്യുന്നുണ്ട്. തുക അതേ ദിവസം അല്ലെങ്കിൽ തൊട്ടടുത്ത പ്രവൃത്തി ദിവസം തന്നെ ബാങ്കിൽ അടവാക്കുകയും അടവു വിവരം അക്കൗണ്ടന്റ്, ഹെഡ് ക്ലാർക്ക്, സെക്രട്ടറി എന്നിവർ പരിശോധിച്ചുറപ്പാക്കുകയും ചെയ്യുന്നുണ്ട്.

ആയിരം രൂപക്ക് മുകളിലുള്ള തുകകൾ ചെക്കായിട്ടാണ് നൽകുന്നത്. എല്ലാ പേമെന്റുകൾക്കും കൈപ്പറ്റ് രശീതി വാങ്ങുന്നുണ്ട്. പേമെന്റ് വൗച്ചർ സെക്ഷൻ ക്ലാർക്ക് തയ്യാറാക്കി അക്കൗണ്ടന്റ്, ഹെഡ് ക്ലാർക്ക് എന്നിവർ പരിശോധിച്ച ശേഷം സെക്രട്ടറി ചെക്കിൽ ഒപ്പ് വെക്കുന്നു. എല്ലാ പേമെന്റുകളും ശരിയായ രീതിയിൽ വൗച്ചർ ചെയ്യപ്പെടുന്നുണ്ട്. വൗച്ചറിനോടൊപ്പം ഒറിജിനൽ ബില്ലുകൾ സൂക്ഷിക്കുന്നുണ്ട്. വൗച്ചറുകളിൽ സെക്രട്ടറി, പ്രസിഡണ്ട് ഇവർ ഒപ്പ് വെച്ച് ആധികാരികമാക്കുന്നുണ്ട്. ബുക്ക് ഓഫ് അക്കൗണ്ട്സും ബാങ്ക് ബാലൻസും തമ്മിൽ മാസാന്ത്യ/വർഷാന്ത്യ

റീകൺസീലിയേഷൻ നടത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നുണ്ട്. ബ്ലാങ്ക് ചെക്കുകൾ മുൻകൂർ ഒപ്പിട്ട് വെക്കുന്ന രീതി സ്ഥാപനത്തിൽ നിലവിലില്ല. ഇഷ്യൂ ചെയ്ത ചെക്കുകൾ റിയലൈസ് ചെയ്യുന്നത് ശ്രദ്ധിച്ച് മടങ്ങി വരുന്ന ചെക്കുകൾ ചെക്ക്/ഡി.ഡി. രജിസ്റ്ററിൽ ചേർത്ത് ക്യാൻസൽ ചെയ്യുന്നുണ്ട്.

ഗ്രാമ പഞ്ചായത്തിന് ലഭിക്കേണ്ട തുകകളുടെ കാലതാമസത്തിന് നിയമപ്രകാരം ഫൈൻ/ പിഴപ്പലിശ ഈടാക്കുന്നുണ്ട്. എല്ലാ കളക്ഷനുകളും കാഷ് ബുക്ക്, ലെഡ്ജർ എന്നിവയിൽ ഒരേസമയം രേഖപ്പെടുത്തുന്നതിനുള്ള സംവിധാനം ഉണ്ട്. എന്നാൽ വസ്തുനികുതി മാത്രമാണ് ഡി.സി.ബി. രജിസ്റ്റർ സാംഖ്യയുമായി ബന്ധിപ്പിച്ചിരിക്കുന്നത്. ഒരു കെട്ടിടം പൂർത്തിയാവുന്ന മുറക്ക് അസിറ്റന്റ് എഞ്ചിനീയർ പരിശോധിച്ച് റിപ്പോർട്ട് നൽകുകയും ഇതിന്റെ അടിസ്ഥാനത്തിൽ വാർഡ് ക്ലാർക്ക് വിവരങ്ങൾ സഞ്ചയയിൽ രേഖപ്പെടുത്തുകയും ചെയ്യുന്നു. ഇത് കെട്ടിട നികിതിയുടെ ചുമതല വഹിക്കുന്ന സീനിയർ ക്ലാർക്ക്, ഹെഡ് ക്ലാർക്ക് എന്നിവർ പരിശോധിച്ച് സെക്രട്ടറിക്ക് ഫോർവേർഡ് ചെയ്യുകയും സെക്രട്ടറി ഇതംഗീകരിച്ച് ഡിജിറ്റൽ സിഗ്നേച്ചർ ചെയ്യുന്ന മുറക്ക് നികുതി ഡിമാന്റ് സോഫ്റ്റ്‌വേറിൽ രേഖപ്പെടുത്തപ്പെടുകയും ചെയ്യുന്നു. മറ്റു നികുതികളുടെയും ലൈസൻസ് ഫീസുകളുടെയും ഡി.സി.ബി പ്രത്യേകം മാനുവലായി തയ്യാറാക്കുകയാണ് ചെയ്യുന്നത്.

ടാക്സുകൾ യഥാസമയം പിരിച്ചെടുക്കുന്നതിന് നടപടികൾ സ്ഥാപനം സ്വീകരിക്കുന്നുണ്ട്. കാമ്പ് കലക്ഷനും ഫീൽഡ് കളക്ഷനും നടത്തി നികുതികൾ പിരിച്ചെടുത്തിട്ടുണ്ട്. 2017-18ൽ പിരിഞ്ഞ് കിട്ടാനുള്ള തുകകൾ കൃത്യമായി കണക്കാക്കി അടുത്ത വർഷത്തേക്ക് ക്യാരിഓവർ ചെയ്തിട്ടുണ്ട്. 2018-19ലും 100% പിരിവ് കൈവരിക്കാനായിട്ടില്ല. 100% പിരിവ് കൈവരിക്കുന്നതിനായി ജീവനക്കാരുടെ കൂട്ടായ ശ്രമം ആവശ്യമാണ്.

സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിൽ സ്ഥാപനത്തിന് ബാധകമായ നിയമങ്ങളും ചട്ടങ്ങളും പൂർണ്ണമായും പാലിക്കുന്നില്ല. ഏറ്റവും കുറഞ്ഞ ടെണ്ടർ രേഖപ്പെടുത്തിയ കട്ടിലുകളും ഫർണ്ണീച്ചറുകളും സ്വീകരിക്കാതെ ഉയർന്ന നിരക്കിലുള്ള ക്വട്ടേഷനുകൾ സാവീകരിക്കുന്നതിനായി പ്രൊക്യൂർമെന്റ് കമ്മറ്റി കാരണമായി പറഞ്ഞത് ക്വാളിറ്റി കുറവാണ് എന്നതാണ്. എന്നാൽ ഈ മേഖലയിൽ പ്രാവീണ്യമുള്ള ഏതെങ്കിലും സാങ്കേതിക വിദഗ്ധന്റെ ഗുണനിലവാര സാക്ഷ്യപത്രം ലഭ്യമാക്കുന്നുമില്ല. പ്രൊക്യൂർമെന്റ് പ്ലാൻ, പ്രൊക്യൂർമെന്റ് ബജറ്റ് ഇവ തയ്യാറാക്കുന്നില്ല. പർച്ചേസ് ഓർഡർ, വർക്ക് ഓർഡർ, കരാറുകൾ എന്നിവ കൃത്യമായി ചമക്കുന്നുണ്ട്. നിർവ്വഹണ ഉദ്യോഗസ്ഥരും വാങ്ങൽ നടപടിക്രമങ്ങൾ കൂടുതൽ ശ്രദ്ധയോടെ നടത്താൻ ശ്രദ്ധിക്കേണ്ടതാണ്. മെഡിക്കൽ ഓഫീസർ ഫോട്ടോസ്റ്റാറ്റ് മെഷീൻ സർക്കാർ പോർട്ടലിൽ നിന്നും വാങ്ങിക്കാതെ ടെണ്ടർ മുഖേനയാണ് വാങ്ങിയിരിക്കുന്നത്. ഗ്രാമ പഞ്ചായത്ത് ഓഫീസിലേക്ക് വാങ്ങുന്ന സാധനങ്ങൾ സ്റ്റോക്കിലെടുക്കുന്നുണ്ട്. സ്റ്റോക്ക് രജിസ്റ്റർ സെക്രട്ടറി ഒപ്പ് വെച്ച് ആധികാരികമാക്കുന്നുണ്ട്. പേമെന്റ് നടത്തുന്നതിനു മുൻപ് ഒറിജിനൽ ഇൻവോയ്സ്/ ബില്ലിൽ സ്റ്റോക്ക് എൻട്രി വിവരം ചേർത്തിട്ടുണ്ടെന്ന് സെക്രട്ടറി ഉറപ്പാക്കുന്നുണ്ട്. സ്റ്റോക്ക്

രജിസ്റ്റർ പ്രകാരമുള്ള ആസ്തികളുടെ വർഷാന്ത്യ നീക്കിയിരുപ്പ് ഭൗതിക പരിശോധന നടത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്താൻ ശ്രദ്ധിക്കുന്നില്ല. വാങ്ങിയ സാധന സാമഗ്രികൾ ഭദ്രമായി സൂക്ഷിക്കാൻ ശ്രദ്ധിക്കുന്നുണ്ട്. പക്ഷെ സ്റ്റോക്ക്&സ്റ്റോർസ്, മറ്റ് വിലപ്പെട്ട രേഖകൾ എന്നിവക്ക് ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തിയിട്ടില്ല. കമ്പ്യൂട്ടറുകൾക്കും അനുബന്ധ സാമഗ്രികൾക്കും ആന്വൽ മെയിന്റനൻസ് സർവ്വീസ് ഏർപ്പെടുത്തിക്കാണുന്നില്ല. സർക്കാർ മാർഗനിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് കമ്പ്യൂട്ടറുകൾക്കും അനുബന്ധ സാമഗ്രികൾക്കും ആന്വൽ മെയിന്റനൻസ് കോൺട്രാക്ട് ഏർപ്പെടുത്തേണ്ടതാണ്.

സർവ്വീസ് ബുക്കുകളും, ലീവ് റെക്കോർഡുകളും അറ്റൻഡൻസ് രജിസ്റ്ററും ശരിയായി സൂക്ഷിക്കുന്നുണ്ട്. ടാക്സുകൾ, പി.എഫ്., മറ്റ് നിയമപരമായ റിക്കവറികൾ തുടങ്ങി ജീവനക്കാരിൽ നിന്നും ഈടാക്കുന്നവ കൃത്യമായി അടവാക്കുന്നുണ്ട്.

ഓരോ വർഷവും ആർജ്ജിക്കുന്ന ആസ്തികൾ ഉൾപ്പെടുത്തി ആസ്തി രജിസ്റ്റർ കാലികമാക്കുന്നുണ്ട്. 2018-19 വർഷം വരെ സൃഷ്ടിച്ച ആസ്തികൾ ആസ്തിരജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. അനാവശ്യവും കാലഹരണപ്പെട്ടതുമായ ആസ്തികൾ നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് അതേസമയം നാശോന്മുഖമാകുന്നതിനു മുൻപ് വില്പന നടത്താൻ ശ്രദ്ധിക്കുന്നുണ്ട്.

പഞ്ചായത്ത് കമ്മറ്റി മീറ്റിങ്ങിന് Software ലൂടെ മിനുട്ട്സ് തയ്യാറാക്കുന്നതിന് സംവിധാനമുള്ളത്. ഗ്രാമ സഭ, വർക്കിങ്ങ് ഗ്രൂപ്പ്, സ്റ്റാന്റിങ്ങ് കമ്മറ്റി ഇവയുടെ മിനുട്ട്സുകളും Online സംവിധാനത്തിലേക്കുമാറേണ്ടതുണ്ട്. നിലവിൽ വർക്കിങ്ങ് ഗ്രൂപ്പുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തേണ്ടതും മിനുട്ട്സ് തയ്യാറാക്കി സൂക്ഷിക്കുന്നതിൽ ശ്രദ്ധിക്കേണ്ടതുമാണ്. മരാമത്ത് വർക്കിങ്ങ് ഗ്രൂപ്പ് 2018-19 വാർഷിക പദ്ധതിയുമായി ബന്ധപ്പെട്ട് 3 യോഗങ്ങൾ കൂടിയിട്ടുണ്ട്. ഇതിൽ പ്രൊജക്ടുകളുടെ പേരുകൾ നമ്പറിട്ട് എഴുതുന്നതല്ലാതെ ചർച്ചകളുടെയോ, നിർദ്ദേശങ്ങളുടെയോ വിവരങ്ങൾ ചേർക്കുന്നില്ല. ഒരു യോഗത്തിന്റെ (20.3.18) മിനുട്ട് ക്ലോസ് ചെയ്തിട്ടുമില്ല.

പദ്ധതി നടത്തിപ്പ് കാര്യക്ഷമത ഉറപ്പു വരുത്തേണ്ടതാണ്. 2018-19 വർഷം സർക്കാരിൽ നിന്നും ലഭിച്ച ഗ്രാന്റുകളുടെയും അവയുടെ വിനിയോഗത്തിന്റെയും വിവരം ചുവടെ കൊടുക്കുന്നു.

| ഇനം | ലഭിച്ച തുക | ചെലവ് | ശതമാനം |
|---|---|---|---|
| പ്ലാൻ (ജനറൽ) | 25152752 | 24174988 | 96.11 |
| പ്ലാൻ (എസ്.സി.പി) | 10730000 | 5943056 | 55.39 |
| പ്ലാൻ (ടി.എസ്.പി) | 93000 | 0 | 0 |
| | | | |

| | | | |
|---|---|---|---|
| ധനകാര്യ കമ്മീഷൻ അവർഡ് | 14108393 | 11744116 | 83.24 |
| മെയിന്റനൻസ് ഫണ്ട് (റോഡ്) | 9471000 | 9417592 | 99.44 |
| മെയിന്റനൻസ് ഫണ്ട് (നോൺ റോഡ്) | 5174000 | 4657054 | 90.01 |

ചെലവഴിക്കാത്ത ഗ്രാന്റുകൾ തുടർ വർഷങ്ങളിൽ ലഭ്യമാവാത്ത ഈ കാലഘട്ടത്തിൽ സർക്കാരിൽ നിന്നും ലഭിക്കുന്ന ഗ്രാന്റുകൾ അതാത് വർഷങ്ങളിൽ തന്നെ ഉപയോഗപ്പെടുത്തി ഗ്രാമ പഞ്ചായത്തിന്റെ വികസനം ത്വരിതപ്പെടുത്താൻ ഗ്രാമപഞ്ചായത്തിലെ ജനങ്ങളും ഭരണ സമിതി അംഗങ്ങളും സെക്രട്ടറിയും മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥരും ജിവനക്കാരും ശ്രദ്ധാപൂർവ്വം പ്രവർത്തിക്കേണ്ടതാണ്.

# 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 25.1.19 | 12/19 | 26.1.19 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 4.3.2011-15.3.11 | 2005-06 to 2009-10 | LB (H.Q)8a-718/318/ 18.4.2011 |

# 1-11 വാർഷികകണക്കുകളിലെ അപാകതകൾ

ഓഡിറ്റ് സർട്ടിഫിക്കറ്റിൽ പരാമർശിച്ച അപാകതകൾ നിലനിൽക്കുന്നു

# 1-12 സാംഖ്യ കാഷ് രസീതികൾ ക്യാൻസൽ

# ചെയ്യാതെ സ്റ്റോക്ക് രജിസ്റ്ററിൽ സൂക്ഷിച്ചത് ക്രമപ്രകാരമല്ല

താഴെ പറയുന്ന സാംഖ്യ കാഷ് രസീതികൾ ഉപയോഗിക്കാതെ/ക്യാൻസൽ ചെയ്യാതെ സ്റ്റോക്ക് രജിസ്റ്ററിൽ സൂക്ഷിച്ചിരിക്കുന്നു. ആയതിന് വിശദീകരണം നൽകുവാൻ ഓഡിറ്റ് അന്വേഷണം നം. 9/28.02.2020 പ്രകാരം ആവശ്യപ്പെട്ടെങ്കിലും മറുപടി ലഭിച്ചില്ല. ഉപയോഗിക്കാത്ത സാംഖ്യ കാഷ് രസീതികൾ കാരണം രേഖപ്പെടുത്തി ക്യാൻസൽ ചെയ്ത് സാക്ഷ്യപ്പെടുത്തേണ്ടതാണ്.

| ക്രമ നം. | സാംഖ്യാ കാഷ് രസീതി നം. |
|---|---|
| 1 | 1941001 |
| 2 | 1941002 |
| 3 | 0665999 |
| 4 | 0666000 |

# 1-13 തൊഴിൽ നികുതി പിരിവ് കാര്യക്ഷമമാക്കേണ്ടതാണ്

1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം ഓരോ അർദ്ധവർഷവും പഞ്ചായത്ത് പ്രദേശത്ത് അറുപത് ദിവസത്തിൽ കുറയാതെ തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെട്ടിരിക്കുന്ന ഏതൊരാളിൽ നിന്നും ബാധകമായ തൊഴിൽനികുതി ഈടാക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്യുന്നു. പാഞ്ചായത്തിന്റെ തൊഴിൽ നികതി പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

<u>എ. ലൈസൻസ് അനുവദിച്ചിട്ടുള്ള സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല</u>

2018-19 സാമ്പത്തിക വർഷത്തിൽ ഗ്രാമപഞ്ചായത്തിൽ നിന്നും ലൈസൻസ് അനുവദിച്ചിട്ടുള്ള താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽനികുതി തൊഴിലുടമ മുഖേന ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല. ആയതിനുള്ള കാരണം വിശദീകരിക്കേണ്ടതാണ്.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | ലൈസൻസിയുടെ പേര് | അപേക്ഷ പ്രകാരം സ്ഥാപനത്തിലെ ജോലിക്കാരുടെ എണ്ണം |
|---|---|---|---|
| 1 | പെന്റാ ഗ്രാനൈറ്റ് | പി ജെ ജോഷി | 4 |
| | | | |

| | | | |
|---|---|---|---|
| 2 | ഷീമാ ഫ്യൂവൽസ് | അനീസ് കൗസർ | 5 |
| 3 | കെ ബി ആട്ടോമോട്ടീവ് | ആർ മധുസൂദനൻ | 8 |
| 4 | പി & ടി ഫുഡ് പ്രൊഡക്ട്സ് | പ്രിൻസ് സേവ്യർ | 4 |
| 5 | ന്യൂറൈറ്റ് ചോയ്സ് | ജെയ്സൻ ടി ജെ | 5 |
| 6 | മദീന സെറാമിക്ക് ഇൻഡസ്ട്രീസ് & ബിൽഡിംഗ് മെറ്റീരിയൽസ് | കെ ഐ സുലൈമാൻ | 4 |
| 7 | അമ്മു ഫുഡ്സ്, അമൃതം പൊടി | ഭഗവതി എം വി | 7 |
| 8 | ക്ലാ ക്ലോവ് ഫുഡ് പ്രൈ. ലിമിറ്റഡ് | ടെലിൻ തമ്പി കെ | 10 |
| 9 | അമൃത് അച്ചാർ | സി എം യൂസഫ് | 5 |
| 10 | ജെയിൻ വയർ നെറ്റിംഗ് | ഹനിഷ് കുമാർ ജോഷി | 6 |
| 11 | ആർ കെ ട്രേഡേഴ്സ് | കാജാഹുസൈൻ എച്ച് | 5 |
| 12 | സ്റ്റാർസ് കാമ്പസ് | ഫാ. ടോജി തോമസ് | 8 |

<u>ബി. റേഷൻ കട നടത്തിപ്പുകാർ, പഞ്ചായത്ത് പ്രവൃത്തികൾ ഏറ്റെടുത്ത് ചെയ്യുന്ന കരാറുകാർ എന്നിവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല</u>

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകളുടെ നടത്തിപ്പുകാർ, പഞ്ചായത്ത് പ്രവൃത്തികൾ ഏറ്റെടുത്ത് ചെയ്യുന്ന കരാറുകാർ എന്നിവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതായികാണുന്നില്ല. ആയത് ഈടാക്കി അറിയിക്കേണ്ടതാണ്.

എഗ്രിമെന്റ് രജിസ്റ്റർ പ്രകാരമുള്ള കരാറുകാരുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | 2018-19 സാമ്പത്തിക വർഷത്തിൽ ഗ്രാമപഞ്ചായത്ത് |
|---|---|
| | |

| | പ്രവൃത്തികൾ ഏറ്റെടുത്ത കരാറുകാരുടെ പേര് |
|---|---|
| 1 | പീതാംബരൻ ആർ |
| 2 | വി കെ ചാമി |
| 3 | നൗഷാദ് വി എം |
| 4 | അഖില മുഹമ്മദ് എം ആർ |
| 5 | ജയരാജ് ജി |
| 6 | ഫാസിൽ എച്ച് |
| 7 | ചന്ദ്രൻ ടി |
| 8 | എ മോഹൻദാസ് |
| 9 | കെ രവീന്ദ്രൻ |
| 10 | എൻ എം ഷഫീക്ക് |
| 11 | അനന്ദൻ എം |
| 12 | കെ മുഹമ്മദ് റഫീക്ക് |
| 13 | സുധീഷ് യു |

സി. സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല. ആയത് ഈടാക്കി അറിയിക്കേണ്ടതാണ്.

1. മുത്തൂറ്റ് ഫിൻ കോർപ്പ്സ്, കൊടുന്തിരപ്പുള്ളി

2. ധനലക്ഷ്മി ബാങ്ക്, കൊടുന്തിരപ്പുള്ളി

3. ഇന്ത്യൻ ബാങ്ക്, പിരായിരി

4. ഹ്യുണ്ടായ് ഷോറൂം, കല്ലേക്കാട്

5. ഇ.ആർ.എ.എം. മോട്ടോർസ്, മേപ്പറമ്പ്

6. ഇസാഫ് മൈക്രോഫിനാൻസ്, മേപ്പറമ്പ്

7. കേരള ഗ്രാമീൺ ബാങ്ക്, കൊടുന്തിരപ്പുള്ളി

8. അലി ഫോർഡ്, കല്ലേക്കാട്

9. ഏബിൾ സ്റ്റൈബെക്ക്, എൽ.എൽ.പി. മേപ്പറമ്പ്

10. എച്ച്.പി. കോണ്ടിനന്റൽ ബിവറേജസ് പ്രൈ. ലിമിറ്റഡ്

11. സപ്ലൈകോ ഡിപ്പോ, കൊടുന്തിരപ്പുള്ളി

12. റോയൽ എൻഫീൽഡ് പി.വി.ആർ. വീൽസ്, കിറിശ്ശാംകുളം

13. എസ്.എം.എൽ. ഫിനാൻസ്, മേപ്പറമ്പ്

14. ഹൈ ടെക്ക് ഓഡിറ്റോറിയം, പിരായിരി

15. റോയൽ പാലസ് ഓഡിറ്റോറിയം, കുറിശ്ശാംകുളം

16. അനുഗ്രഹ കല്യാണ മണ്ഡപം, കൊടുന്തിരപ്പുള്ളി

17. ബി.എസ്.എൻ.എൽ., പിരായിരി

<u>ഡി. ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല</u>

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. ആയത് ഈടാക്കി അറിയിക്കേണ്ടതാണ്.

1. പുളിയപ്പറമ്പ് (അൺ എയ്ഡഡ്) എച്ച്.എസ്.എസ്.

2. രാജീവ് ഗാന്ധി സഹകരണ ആശുപത്രി, കല്ലേക്കാട്

3. എലഗന്റ് ആർട്സ് & സയൻസ് കോളേജ്, പുളിയപ്പറമ്പ്

3. ടെലഫോൺ എക്സ്ചേഞ്ച് ബി.എസ്.എൻ.എൽ., പിരായിരി

4. ഗ്രേസ് എച്ച്.എസ്., കൊടുന്തിരപ്പുള്ളി

5. ടീച്ചേഴ്സ് ട്രൈനിംഗ് കോളേജ്, വ്യാസ വിദ്യാപീഠം, കല്ലേക്കാട്

6. സെൻട്രൽ സബ്സിഡി പോലീസ് കാന്റീൻ, കല്ലേക്കാട്

7. ഓഡിറ്റോറിയം/കല്യാണ മണ്ഡപങ്ങൾ (ഹൈടെക്ക് ഓഡിറ്റോറിയം, റോയൽ പാലസ്, അനുഗ്രഹ etc)

8. പി.എച്ച്.സി., പറളി

(ഇതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണം നം.11/28.02.2020 ന് മറുപടി നൽകിയിട്ടില്ല.)

# 1-14 ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് - അപാകതകൾ പരിഹരിക്കേണ്ടതാണ്

ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ഗ്രാമ പഞ്ചായത്ത് അനുവദിച്ച ലൈസൻസ് അപേക്ഷകൾ, രജിസ്റ്ററുകൾ എന്നിവ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

<u>എ. ലൈസൻസ് ഫീസ് പുതുക്കി നിശ്ചയിക്കേണ്ടതാണ്</u>

2017 ലെ കേരള നിക്ഷേപങ്ങൾ പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും ആക്ടിന് അനുസൃതമായി കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 232 ൽ വരുത്തിയ ഭേദഗതി അനുസരിച്ച് 31.10.2017 ലെ സ.ഉ.(പി)നം. 80/2017/തസ്വഭവ പ്രകാരം കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിൽ ഭേദഗതി വരുത്തി ഉത്തരവായിട്ടുണ്ട്. ഭേദഗതി ചട്ടങ്ങൾ പ്രകാരം ലൈസൻസ് ഫീസ് നിശ്ചയിക്കുന്നത് ദൈനംദിന വിറ്റുവരവിന് പകരം മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിലായിരിക്കണമെന്ന് ചട്ടം 7 പ്രകാരം നിഷ്കർഷിക്കുകയും പട്ടിക രണ്ടിൽ ലൈസൻസ് ഫീസുകൾ പുതുക്കി നിശ്ചയിക്കുകയും ചെയ്തിട്ടുണ്ട്.

ഗ്രാമപഞ്ചായത്തിന്റെ 2018-19 വർഷത്തെ ലൈസൻസ് രജിസ്റ്ററും അപേക്ഷകളും പരിശോധിച്ചതിൽ ലൈസൻസ് ചട്ടങ്ങളിൽ വന്ന ഭേദഗതി പ്രകാരം ഫീസ് പിരിക്കുന്നതിന് സ്ഥാപനങ്ങൾ ഉൽപാദനം, സേവനം എന്നീ മേഖലകളിൽ ഏതിലാണ് ഉൾപ്പെടുന്നതെന്നോ മൈക്രോ, മിനി, സ്മാൾ, മീഡിയം, ലാർജ്ജ് എന്നിങ്ങനെ തരം ഏതാണെന്നോ അപേക്ഷകളിലോ രജിസ്റ്ററിലോ രേഖപ്പെടുത്തിയിട്ടില്ല. ചുമത്താവുന്ന പരമാവധി ഫീസാണ് ഭേദഗതി ചെയ്ത പട്ടിക രണ്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്നിരിക്കെ സ്ലാബുകൾക്ക് അനുസൃതമായി ഗ്രാമപഞ്ചായത്ത് ചുമത്തുന്ന ഫീസിന് നിരക്ക് നിശ്ചയിച്ചിട്ടില്ല. ആയതിലേക്ക് ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധക്ഷണിക്കുന്നു.

<u>ബി. വാർഡ് വൈസ് ട്രേഡേഴ്സ് ലിസ്റ്റ് സൂക്ഷിക്കേണ്ടതാണ്</u>

പഞ്ചായത്തിലെ അസസ്മെന്റ് രജിസ്റ്റർ പ്രകാരം വാണിജ്യാവശ്യത്തിനുള്ള 1380 കെട്ടിടങ്ങൾക്ക് കെട്ടിട നമ്പർ അനുവദിച്ചതായി കാണുന്നു. എന്നാൽ ലൈസൻസ് രജിസ്റ്റർ പ്രകാരം ലൈസൻസ് എടുത്ത് പ്രവർത്തിക്കുന്ന വാണിജ്യസ്ഥാപനങ്ങൾ 480 എണ്ണം മാത്രമാണ്. ഗ്രാമപഞ്ചായത്തിലുള്ള 21 വാർഡുകളിലും ഫീൽഡ് വെരിഫിക്കേഷൻ നടത്തി വാർഡ് അടിസ്ഥാനത്തിൽ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കേണ്ടതും അനുമതിയില്ലാതെ യാതൊരു സ്ഥാപനവും പ്രവർത്തിക്കുന്നില്ലായെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

<u>സി. വൈദ്യുതികൊണ്ട് പ്രവർത്തിക്കുന്ന യന്ത്രസാമഗ്രിയോ നിർമ്മാണ യന്ത്രമോ ഉപയോഗിക്കുന്ന സ്ഥലത്തിന് ഫീസ് ഈടാക്കിയിട്ടില്ല</u>

1996 -ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ, ചട്ടം 18 അനുസരിച്ച് വൈദ്യുതികൊണ്ട് പ്രവർത്തിപ്പിക്കുന്ന യന്ത്ര സാമഗ്രിയോ നിർമ്മാണ യന്ത്രമോ ഉപയോഗിക്കുന്ന സ്ഥലത്തിന് കേരള പഞ്ചായത്ത് രാജ് ആക്ട് 232-ാം വകുപ്പ് പ്രകാരം ഒരു കൊല്ലത്തേക്ക് ലൈസൻസ് നൽകുകയോ പുതുക്കി നൽകുകയോ ചെയ്യുന്നതിന് പട്ടിക III ൽ പറഞ്ഞ തുകയെ അധികരിക്കാതെ ഫീസ് ചുമത്താവുന്നതാണ്. എന്നാൽ 2018-19 വർഷം ടി ഇനത്തിൽ തുകകൾ

ഈടാക്കിയതായി കാണുന്നില്ല. ആയത് ഈടാക്കുവാനുള്ള മേൽ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡി. ഉറവിട മാലിന്യ സംസ്കരണത്തിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് ഉറപ്പാക്കാതെ ലൈസൻസ് അനുവദിച്ചിരിക്കുന്നു

സ.ഉ.(സാധാ)നം.2511/2017/തസ്വഭവ തിയതി 22.07.2017 പ്രകാരം ഉറവിട മാലിന്യ സംസ്കരണം ഫലപ്രദമായും കാര്യക്ഷമമായും നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിക്കുവാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സർക്കാർ നിർദ്ദേശം നൽകിയിരുന്നു. ഹോട്ടലുകൾ, ക്ലബ്ബുകൾ, കല്യാണ മണ്ഡപങ്ങൾ, ഹാളുകൾ, ഭക്ഷണശാലകൾ പ്രവർത്തിക്കുന്ന മാളുകൾ, റീടെയിൽ കേന്ദ്രങ്ങൾ, ഷോപ്പിംഗ് കോംപ്ലക്സുകൾ, ഭക്ഷ്യവസ്തുക്കൾ വിൽക്കുന്ന സിനിമാ തിയറ്ററുകൾ, വസ്ത്രശാലകൾ, പാർട്ടികളുമായി ബന്ധപ്പെട്ട് ഭക്ഷണം വിളമ്പുന്ന സ്ഥലങ്ങൾ, കാറ്ററിംഗ് യൂണിറ്റ്, പച്ചക്കറി-പഴം വിപണന കടകൾ, മത്സ്യം, മാസം എന്നിവ വിൽക്കുന്ന കടകൾ, കാന്റീനുകൾ, എന്നിവിടങ്ങളിലെല്ലാം മാലിന്യങ്ങൾ തരംതിരിച്ച് ജൈവ മാലിന്യങ്ങൾ വേർതിരിച്ച് ശേഖരിച്ച് ഉറവിടത്തിൽ തന്നെ ഫലപ്രദമായി സംസ്കരിക്കുന്നതിന് ബയോബിൻ, എയ്റോബിക് ബിൻ, ബയോഗ്യാസ് പ്ലാന്റ് പോലുള്ള സംവിധാനങ്ങൾ സജ്ജീകരിക്കുന്നതിനും അത്തരത്തിൽ സംവിധാനം ഏർപ്പെടുത്താത്ത സ്ഥാപനങ്ങളുടെ ലൈസൻസ് റദ്ദാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാനും നിർദ്ദേശിച്ചിരുന്നു. ജൈവ, അജൈവ മാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ സംസ്കരിക്കുന്നതിനുള്ള സംവിധാനം ഉണ്ടെന്ന് ഉറപ്പാക്കി മാത്രമേ ലൈസൻസ് അനുവദിക്കാവൂ എന്നും അജൈവ മാലിന്യങ്ങൾ നിശ്ചിത ഫീസ് ഈടാക്കി തദ്ദേശ സ്ഥാപനത്തിന് ശേഖരിക്കാവുന്നതാണെന്നും സർക്കാർ വ്യക്തമാക്കിയിട്ടുണ്ട്. നിലവിലുള്ളതും പുതുതായി ലൈസൻസ് നൽകുന്നതുമായ സ്ഥാപനങ്ങളുടെ വാർഡ് തിരിച്ചുള്ള ലിസ്റ്റ് തയ്യാറാക്കി കമ്പ്യൂട്ടറൈസ് ചെയ്ത് പ്രസിദ്ധപ്പെടുത്തേണ്ടതാണെന്നും 1994ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 219A മുതൽ 219X വരെയുള്ള വകുപ്പുകൾ, കേന്ദ്ര സർക്കാരിന്റെ സോളിഡ് വേസ്റ്റ് ചട്ടങ്ങൾ, 2016 ലെ ചട്ടം 4 എന്നിവ നടപ്പാക്കുന്നുണ്ടെന്ന് സെക്രട്ടറിമാർ ഉറപ്പാക്കേണ്ടതാണും സർക്കാർ നിർദ്ദേശിച്ചിരുന്നു. ലൈസൻസ് അനുവദിക്കുമ്പോൾ മേൽ നിർദ്ദേശം പാലിച്ചതായി കാണുന്നില്ല. സർക്കാർ നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്.

ഇ. കശാപ്പുശാലകൾക്കും ഇറച്ചിക്കടകൾക്കും ലൈസൻസ് നിർബന്ധമാക്കണം

1996-ലെ കേരള പഞ്ചായത്ത് രാജ് (കശാപ്പുശാലകളും ഇറച്ചിക്കടകളും) ചട്ടങ്ങൾ 38 പ്രകാരം ഒരു പഞ്ചായത്ത് പ്രദേശത്തിനുള്ളിൽ മൃഗത്തിന്റെയോ പക്ഷിയുടെയോ മാംസം വിൽക്കുന്നതിനുള്ള കട സ്ഥാപിക്കുന്നത് അതിനായി ഗ്രാമപഞ്ചായത്ത് അംഗീകരിച്ചിട്ടുള്ള സ്ഥലത്ത് ആയിരിക്കേണ്ടതും, ഇറച്ചിക്കട ചില്ലുവച്ച് മറച്ചതും ഈച്ച മുതലായ പ്രാണികൾ കടക്കാത്തതും, ധാരാളം വായു സഞ്ചാരമുള്ളതുമായിരിക്കേണ്ടതും വഴിയാത്രക്കാർ കാണാത്ത വിധത്തിൽ ഇറച്ചി സൂക്ഷിക്കേണ്ടതും , കടയുടെ ലൈസൻസി, തന്റെ പേർ, കടയുടെ നമ്പർ, വില നിരക്കുകൾ എന്നിവ വ്യക്തമാക്കിക്കൊണ്ടുള്ള ബോർഡ് അന്യർക്ക് കാണത്തക്കവിധം കടയുടെ മുൻപിൽ പ്രദർശിപ്പിക്കേണ്ടതുമാണ്. എന്നാൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ഇറച്ചിക്കടകൾക്ക് 1994 ലെ കേരള പഞ്ചായത്ത് രാജ് 229 മുതൽ 231 വരെയുള്ള വകുപ്പുകൾ, 1996-ലെ കേരള പഞ്ചായത്ത് രാജ് (കശാപ്പുശാലകളും ഇറച്ചിക്കടകളും) ചട്ടങ്ങൾ, ബഹു. പഞ്ചായത്ത് ഡയറക്ടറുടെ സർക്കുലറുകൾ (സർക്കുലർ നം.27560/ജെ2/2000/തസ്വഭവ തീ.12-07-2000,

സർക്കുലർ നം.1173/ഡിബി2/09/തസ്വഭവ തീ.17-09-2009, സർക്കുലർ നം. 66771/ഡി ബി 2/09/ തസ്വഭവ തീയതി 08-01-2010, സർക്കുലർ നം. 25533/ഡി ബി 2/12/തസ്വഭവ തീയതി 06-04-2012) എന്നിവയിലെ നിബന്ധനകൾ പ്രകാരം ലൈസൻസ് നൽകിയിട്ടില്ല.

ആരോഗ്യവകുപ്പുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി, ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന ഇറച്ചി വിൽപ്പന കേന്ദ്രങ്ങൾക്ക് എതിരെ 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 230 (എ) വകുപ്പ് പ്രകാരം നടപടികൾ സ്വീകരിച്ച്, വിവരം അറിയിക്കേണ്ടതാണ്. യോഗ്യമായവക്ക് നിയമാനുസൃത വ്യവസ്ഥകൾ പാലിച്ച് ലൈസൻസ് നൽകുന്നതിനുള്ള നടപടികളും സ്വീകരിക്കേണ്ടതാണ്.

(ഇതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണം നം.08/28.02.2020 ന് തുടർ നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്.)

# 1-15 വസ്തുനികുതി - രേഖകൾ പരിശോധിച്ചതിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

എ)ഡാറ്റ പ്യൂരിഫിക്കേഷൻ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കിയില്ല

വസ്തു നികുതി നിർണ്ണയിക്കുന്നതിനുള്ള സഞ്ചയ സോഫ്റ്റ്‌വെയറിലെ വിവരങ്ങൾ പ്രകാരം വിവിധ ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്ന 15685 കെട്ടിടങ്ങൾ ഗ്രാമപഞ്ചായത്ത് പരിധിയിൽ നിലവിലുണ്ട്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| | |
|---|---|
| പാർപ്പിടം | 13911 |
| അസംബ്ലി കെട്ടിടം/ കൺവെൻഷൻ സെന്റർ,ആഡിറ്റോറിയം ,കല്ല്യാണമണ്ഡപങ്ങൾ, ലോഡ്ജ്, സിനിമ തിയേറ്റർ | 18 |
| ആശുപത്രികൾ | 15 |
| ഇതര വ്യവസായങ്ങൾക്കാവശ്യമുള്ളവ | 44 |
| ഓഫീസ് ആവശ്യം(വ്യവസായശാലകളുടെ ഓഫീസ് കെട്ടിടം ഉൾപ്പെടെ) | 100 |
| മൊബൈൽ ടവർ | 15 |
| വാണിജ്യ ആവശ്യത്തിനുള്ള 100 ച.മീ വരെ തറ വിസ്തീർണമുള്ള ഹോട്ടൽ/ റസ്റ്റോറന്റുകൾ/ | 1280 |

| | |
|---|---|
| ഗോഡൗണുകൾ | |
| വാണിജ്യ ആവശ്യത്തിനുള്ള 100 ച.മീ മുകളിൽ തറ വിസ്തീർണമുള്ള ഹോട്ടൽ/ റസ്റ്റോറന്റുകൾ/ ഗോഡൗണുകൾ | 74 |
| വാണിജ്യ ആവശ്യത്തിനുള്ള 100 ച.മീ മുതൽ 200ച.മീ വരെ തറ വിസ്തീർണമുള്ള ഹോട്ടൽ/ റസ്റ്റോറന്റുകൾ/ ഗോഡൌണുകൾ | 0 |
| വാണിജ്യ ആവശ്യത്തിനുള്ള 200 ച.മീ മുകളിൽ തറവിസ്തീർണ്ണം ഉള്ള സൂപ്പർ മാർക്കറ്റ് ഷോപ്പിംഗ് മാളുകൾ | 11 |
| വാണിജ്യാവശ്യത്തിനുള്ള ബങ്കുകൾ, പെട്ടിക്കടകൾ, കമ്പ്യൂട്ടർ സെന്റർ, ഫ്യൂവൽ സ്റ്റേഷൻ | 15 |
| വ്യവസായ ആവശ്യത്തിനുള്ള കൈത്തറിഷെഡ്/ കയർപിരി ഷെഡ് | 117 |
| വിദ്യാഭ്യാസാവശ്യം | 85 |
| ആകെ | 15685 |

2018-19 സാമ്പത്തിക വർഷത്തിൽ ഗ്രാമ പഞ്ചായത്ത് വസ്തു നികുതി ഡാറ്റ പ്യൂരിഫിക്കേഷൻ നടത്തിയത് സംബന്ധിച്ച് വിവരങ്ങൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കുകയോ ഡാറ്റ പ്യൂരിഫിക്കേഷൻ സംബന്ധിച്ച രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കുകയോ ചെയ്തിട്ടില്ല. തൻവർഷം സഞ്ചയ ഡാറ്റ പ്യൂരിഫിക്കേഷൻ ഡാറ്റ എൻട്രി നടത്തുന്നതിന് മാത്രമായി സുചിത്ര, സുനിത എന്നിവരെ ദിവസ വേതനടിസ്ഥാനത്തിൽ നിയമിച്ച് പ്രതിദിനം 250/- രൂപ നിരക്കിൽ വേതനം നൽകിയിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ ഡാറ്റ പ്യൂരിഫിക്കേഷൻ സംബന്ധിച്ച വിവരങ്ങൾ സൂക്ഷിക്കാത്തതും പരിശോധനയ്ക്കായി ഹാജരാക്കാത്തതും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ഭാഗത്ത് നിന്നുള്ള ഗുരുതരമായ വീഴ്ചയായാണ് ഓഡിറ്റ് വിലയിരുത്തുന്നത്.

ബി)വസ്തുനികുതി - കുടിശ്ശിക പിരിച്ചെടുക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്

2018-19 വർഷത്തെ വാർഷിക കണക്ക് പ്രകാരം വസ്തു നികുതിയിനത്തിൽ 2782107/- രൂപ കുടിശ്ശിക നിലനിൽക്കുന്നുണ്ട്. വിശദ വിവരം ചുവടെ ചേർക്കുന്നു.

| | റസിഡൻഷ്യൽ | നോൺ - റസിഡൻഷ്യൽ |
|---|---|---|
| കറന്റ് | 767343 | 260995 |
| അരിയർ | 1249974 | 503795 |

ആയത് എത്രയും പെട്ടെന്ന് പിരിച്ചെടുക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

# 1-16 ബിൽഡിംഗ് പെർമിറ്റ്- രേഖകൾ പരിശോധിച്ചതിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

എ)രേഖകളുടെ സൂക്ഷിപ്പ് തൃപ്തികരമല്ല

പെർമിറ്റ് രജിസ്റ്റർ പരിശോധിച്ചതിൽ 2018 -19 സാമ്പത്തിക വർഷം ആകെ 1153 അപേക്ഷകൾ ലഭ്യമായിട്ടുണ്ട്. ആയതിൽ ചുവടെ ചേർക്കുന്ന കെട്ടിടങ്ങളുടെ അപേക്ഷയും അനുബന്ധ രേഖകളും പരിശോധനയ്ക്കായി ഹാജരാക്കിയിട്ടില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു.

| പെർമിറ്റ് രജി. ക്രമ നം. | അപേക്ഷ നം. | അപേക്ഷകന്റെ പേര് | കെട്ടിട ത്തിന്റെ ഉപയോഗം | വിസ്തീർണ്ണം |
|---|---|---|---|---|
| 15/18-19 | 3086/ 06-04-2018 | കെ.ബാല കൃഷ്ണൻ, കല്ലേക്കാട് | പാർപ്പിടം | 178.2m$^2$ |
| 32/18-19 | 3221/ 11-04-2018 | അബ്ദുൾഹക്കിം, കല്ലേക്കാട് | ലഭ്യമല്ല | ലഭ്യമല്ല |
| 34/18-19 | 3261/ 12-04-2018 | അബ്ദുൾ മജീദ്, കല്ലേക്കാട് | ലഭ്യമല്ല | ലഭ്യമല്ല |
| 48/18-19 | 3401/ 18-04-2018 | നൗഷാദ്, മെട്രോ നഗർ | പാർപ്പിടം | 139m$^2$ |
| 90/18-19 | 3957/ 10-05-2018 | യൂസഫ് | പാർപ്പിടം | 117m$^2$ |
| 115/18-19 | 4249/21-05-2018 | കേരള ഖാദി വില്ലേജ്, ഇൻഡസ്ട്രീസ് ചെയർമാൻ | | 323.36m$^2$ |

| | | | | |
|---|---|---|---|---|
| 127/18-19 | 4386/ 26-05-2018 | ലഭ്യമല്ല | ലഭ്യമല്ല | ലഭ്യമല്ല |
| 174/18-19 | 4762/ 11-06-2018 | | പാർപ്പിടം | $297m^2$ |
| 200/18-19 | 5054/ 23-06-2018 | കൃഷ്ണവേണി, കൊടുന്തിര പ്പുള്ളി | ലഭ്യമല്ല | ലഭ്യമല്ല |
| 230/18-19 | 5944/ 05-07-2018 | വിവേക്, ചേങ്ങോട് | ലഭ്യമല്ല | ലഭ്യമല്ല |
| 243/18-19 | 6096/ 09-07-2018 | ലഭ്യമല്ല | വാണിജ്യം | $475m^2$ |
| 291/18-19 | 6797/ 20-07-2018 | ഷാഹുൽ ഹമീദ് & ഇക്ബാൽ | വാണിജ്യം & പാർപ്പിടം | $1109.7m^2$ |
| 293/18-19 | 6823/ 27-07-2018 | ഹസ്സൻ, മേപ്പറമ്പ് | വാണിജ്യം | $405m^2$ |
| 313/18-19 | 7452/ 14-08-2018 | സുജീഷ്, പിരായിരി | പാർപ്പിടം | $148.21m^2$ |
| 315/18-19 | 7289/ 16-08-2018 | മുസ്തഫ | പാർപ്പിടം | $488.52m^2$ |
| 321/18-19 | 7388/ 20-08-2018 | കോമൺ വെൽത്ത് ഇൻഡസ്ട്രിയൽ കോപ്പറേറ്റീവ് സൊസൈറ്റി | പാർപ്പിടം | $300m^2$ |
| 364/18-19 | 8175/ 19-09-2018 | മോഹൻദാസ്, വി.ജി.വില്ല | പാർപ്പിടം | $438.61m^2$ |
| 398/18-19 | 8799/ 04-10-2018 | ഇക്ബാൽ വഹാബ് | റെസി ഡൻഷ്യൽ | $840.84m^2$ |

| | | | | |
|---|---|---|---|---|
| | | | അപ്പാർ ട്ട്മെന്റ് | |
| 884/18-19 | 10990/ 27-12-2018 | ജഷീറ | പാർപ്പിടം | 266.83m$^2$ |

കെട്ടിട നിർമ്മാണത്തിന് പെർമിറ്റ് അനുവദിച്ചത് മുതൽ നിർമ്മാണം പൂർത്തിയാക്കി കെട്ടിട നമ്പർ നൽകി, നികുതി നിശ്ചയിക്കുന്നത് വരെ രേഖകൾ കൃത്യമായി സൂക്ഷിക്കാത്തതിനാൽ പെർമിറ്റിൽ നിന്നുള്ള വ്യതിയാനം കണ്ടെത്തുന്നത് ശ്രമകരമാണ്.
ഫയലുകൾ ഹാജരാക്കാത്തത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് {നം.21(1)/2.3.2020} ഓഡിറ്റ് പൂർത്തിയാക്കിയ ശേഷം സമർപ്പിച്ച മറുപടിയിൽ ആവശ്യപ്പെട്ട ഫയലുകളിൽ മിക്കതും കണ്ടെത്തിയിട്ടുണ്ടെന്നും ഇവ റെക്കോർഡ് റൂമിൽ മാറിക്കിടക്കുകയാണെന്നും പരാമർശിച്ചിട്ടുണ്ട്. മുഴുവൻ ഫയലുകളും കണ്ടെത്തി പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. കെട്ടിട നിർമ്മാണ പെർമിറ്റുമായി ബന്ധപ്പെട്ട ഫയലുകൾ ക്രമമായി കൃത്യതയോടെ സൂക്ഷിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

ബി) ഫ്ലോർ ഏരിയയ്ക്കു പകരം പ്ലിന്ത് ഏരിയയുടെ അടിസ്ഥാനത്തിൽ കെട്ടിട നിർമ്മാണ പെർമിറ്റ് ഫീസ് കണക്കാക്കുന്നു.
കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2011 ലെ ചട്ടം 11(3) ലെ ഷെഡ്യൂൾ II ൽ പെർമിറ്റിനുള്ള ഫീസ് നിരക്ക് ആകെ ഫ്ലോർ ഏരിയയുടെ അടിസ്ഥാനമാക്കിയാണ് നിശ്ചയിക്കേണ്ടത്. 2018-19 സാമ്പത്തിക വർഷത്തിൽ പെർമിറ്റ് അനുവദിച്ചിട്ടുള്ള അപേക്ഷകളും അനുബന്ധ രേഖകളും പരിശോധിച്ചതിൽ കെട്ടിട നിർമ്മാണ പെർമിറ്റ് ഫീസ് കണക്കാക്കുന്നതിന് ഫ്ലോർ ഏരിയ അടിസ്ഥാനമാക്കി ഫീസ് നിശ്ചയിക്കുന്നതിനു പകരം നിർദ്ദിഷ്ഠ കെട്ടിടത്തിന്റെ പ്ലാനിൽ രേഖപ്പെടുത്തിയിട്ടുള്ള ആകെ പ്ലിന്ത് ഏരിയയുടെ അടിസ്ഥാനത്തിലാണ് ഫീസ് കണക്കാക്കിയിട്ടുള്ളത്.
ഇതു സംബന്ധിച്ചു നൽകിയ ഓഡിറ്റ് അന്വേഷണത്തിന് {നം.21(2)/2.3.2020} ഓഡിറ്റ് പൂർത്തിയാക്കിയ ശേഷം സമർപ്പിച്ച മറുപടിയിൽ കെട്ടിട നിർമ്മാണ പെർമിറ്റിനുള്ള ഫീസ് ആയതിന്റെ സോഫ്റ്റ്‌വേറിൽ കാണിച്ചിരിക്കുന്നത് പോലെയാണ് നാളിതുവരെ എടുത്തുകൊണ്ടിരിക്കുന്നത് എന്ന് പരാമർശിച്ചിട്ടുണ്ട്.
സോഫ്റ്റ്‌വേറിലെ അപാകത ബന്ധപ്പെട്ടവരുടെ ശ്രദ്ധയിൽ പെടുത്തി പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

# 1-17 വെള്ളക്കരം - ആവശ്യമായ രേഖകൾ ലഭ്യമല്ല

ഗ്രാമപഞ്ചായത്തിന്റെ 2018-19 വാർഷിക ധനകാര്യ പത്രികയിലെ വിവരങ്ങൾ പ്രകാരം വെള്ളക്കരം ഇനത്തിൽ ആകെ 121280/- രൂപ (തൻവർഷ കുടിശ്ശിക 53114/- രൂപ, മുൻവർഷങ്ങളിലെ കുടിശ്ശിക 68166/- രൂപ) ഗ്രാമപഞ്ചായത്ത് പിരിച്ചെടുക്കാൻ ബാക്കിയുള്ളതായി

കാണുന്നു. എന്നാൽ ഇതുമായി ബന്ധപ്പെട്ട താഴെ പറയുന്ന രേഖകൾ പഞ്ചായത്തിൽ നിലവിലില്ല.
1. വെള്ളക്കരം ഡിമാന്റ് രജിസ്റ്റർ, കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ.

2. ഗാർഹിക, വാണിജ്യ ഉപഭോക്താക്കളുടെ എണ്ണം, ഈടാക്കുന്ന ഫീസ്/കരം.

3. കുടിശ്ശിക നിലനിൽക്കുന്ന ഉപഭോക്താക്കളുടെ വിവരങ്ങൾ.

രേഖകളുടെ അഭാവത്തിൽ കുടിവെള്ള പദ്ധതിയിൽ നിന്നും കണക്ഷൻ എടുത്തിട്ടുള്ളതും, വെള്ളക്കരം ഒടുക്കാത്തതുമായ ഉപഭോക്താക്കളുടെ വിവരങ്ങൾ, ലഭിക്കാനുള്ള വെള്ളക്കരത്തിന്റെ കുടിശ്ശിക, നിലവിൽ ഈടാക്കുന്ന വെള്ളക്കരം എന്നിവയുടെ കാര്യത്തിൽ വ്യക്തത ഇല്ല. 2017-18 ലെ ഓഡിറ്റ് റിപ്പോർട്ടിൽ മേൽ കാര്യങ്ങൾ പരാമർശിച്ചിട്ടുണ്ടെങ്കിലും (ഖണ്ഡിക 2-7) ആവശ്യമായ മേൽ നടപടികൾ പഞ്ചായത്തിൽ നിന്നും സ്വീകരിച്ചിട്ടില്ല. ആയതിലേക്ക് ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധക്ഷണിക്കുന്നു.

(ഓഡിറ്റ് അന്വേഷണം നം. 17/29.02.2020 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.)

# 1-18 പഞ്ചായത്ത് കല്യാണ മണ്ഡപം - ബൈലോ തയ്യാറാക്കി സർക്കാരിന്റെ അംഗീകാരം വാങ്ങണം

2018-19 സാമ്പത്തിക വർഷത്തിൽ പഞ്ചായത്ത് കല്യാണ മണ്ഡപം വാടക ഇനത്തിൽ 825000/- രൂപ ലഭിച്ചിട്ടുണ്ട്. കല്യാണ മണ്ഡപത്തിന്റെ വാടകയായി ഒരു ദിവസം 5000/- രൂപയും അര ദിവസത്തിന് 2500/- രൂപയുമാണ് ഈടാക്കുന്നത്. എന്നാൽ വാടക നിശ്ചയിച്ചുകൊണ്ടുള്ള പഞ്ചായത്ത് കമ്മിറ്റി തീരുമാനം, പഞ്ചായത്ത് കല്യാണ മണ്ഡപം നടത്തിപ്പിനായുള്ള ബൈലോ എന്നിവ പഞ്ചായത്തിൽ ലഭ്യമല്ല.

ഓഡിറ്റ് നിരീക്ഷണങ്ങൾ താഴെ ചേർക്കുന്നു.

1. സർക്കാർ അംഗീകൃത ബൈലോയുടെ അഭാവത്തിൽ വാടക ഈടാക്കുന്ന രീതി, കൃത്യത, അഡ്വാൻസ്, ഡെപ്പോസിറ്റ് എന്നിവ ഈടാക്കുന്നതിന്റെ നിയമപരമായ സാധുത ചോദ്യം ചെയ്യപ്പെടാവുന്നതാണ്. ആയതിനാൽ 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ടിന്റെ 256-ാം വകുപ്പ്, 1995 ലെ കേരള പഞ്ചായത്ത് രാജ് (ബൈലോകൾ ഉണ്ടാക്കാനുള്ള നടപടി ക്രമം) ചട്ടങ്ങൾ ചട്ടം 3 (5,6,7) പ്രകാരമുള്ള ബൈലോ തയ്യാറാക്കി സർക്കാരിന്റെയോ സർക്കാരിനാൽ അധികാരപ്പെട്ട ഉദ്യോഗസ്ഥന്റെയോ അംഗീകാരം ലഭ്യമാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

2. വാടക തുകകളിന്മേലുള്ള ചരക്ക് സേവന നികുതി ഈടാക്കിയിട്ടില്ല. ആയത് ഈടാക്കി സർക്കാരിലേക്ക് ഒടുക്ക് വരുത്തി രേഖകൾ പരിശോധനയ്ക്ക് നൽകേണ്ടതാണ്.
(ഓഡിറ്റ് അന്വേഷണം നം. 13/28.02.2020 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.)

# 1-19 ദുരിതാശ്വാസ നിധി - ചട്ട പ്രകാരം വിനിയോഗിക്കേണ്ടതാണ്

പഞ്ചായത്തിലെ ദുരിതാശ്വാസ നിധി അക്കൗണ്ട് (നം.1443101021785, കാനറ ബാങ്ക്) 18.07.2017 ൽ ആരംഭിക്കുമ്പോൾ 1000/- രൂപ നിക്ഷേപിച്ചിട്ടുണ്ട്. അതിനുശേഷം ദുരിതാശ്വാസ നിധിയിൽ നിന്നും വരവ് ചെലവുകൾ നടന്നതായികാണുന്നില്ല. 2003 ലെ കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങൾ പ്രകാരം ദുരിതാശ്വാസ നിധി ഫലപ്രദമായി ഉപയോഗിക്കുന്നതിനും, ചട്ടം 5(1),(2),(3),(4) എന്നിവ പ്രകാരമുള്ള രജിസ്റ്ററുകളും അനുബന്ധ രേഖകളും കൃത്യമായി സൂക്ഷിക്കുന്നതിനും ശ്രദ്ധിക്കേണ്ടതാണ്.

(ഓഡിറ്റ് അന്വേഷണം നം. 22/02.03.2020 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.)

# 1-20 ഊർജ്ജിത സാക്ഷരത പദ്ധതി - സാർക്കാരിന്റെ മുൻകൂർ അനുമതി വാങ്ങിയില്ല

2018-19 സാമ്പത്തിക വർഷത്തിൽ എച്ച്.എം. നിർവഹണം നടത്തിയ ഊർജ്ജിത സാക്ഷരത പദ്ധതി പ്രകാരം പിരായിരി ഗ്രാമപഞ്ചായത്തിലെ മുഴുവൻ വീടുകളിലും സർവേ നടത്തി നിരക്ഷരരെ കണ്ടെത്തി ഓരോ വാർഡുകളിലും നിയമിക്കുന്ന പരിശീലകരെ ഉപയോഗിച്ച് നിരക്ഷരരായ ആളുകൾക്ക് പ്രത്യേകം സാക്ഷരതാ ക്ലാസ്സുകൾ നൽകി സമ്പൂർണ്ണ സാക്ഷരതാ പഞ്ചായത്താക്കി മാറ്റുക എന്നതാണ് പദ്ധതി ലക്ഷ്യം.

പദ്ധതിയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

നിർവഹണോദ്യോഗസ്ഥ - ഹെഡ് മിസ്ട്രസ്സ്, ജി.എൽ.പി. സ്കൂൾ, കൊടുന്തിരപ്പുള്ളി

| ക്രമ നം. | പ്രൊജക്ട് നം., പേര് | അടങ്കൽ തുക | ചെലവ് | | റിമാർക്ക്സ് |
|---|---|---|---|---|---|
| | | | ബിൽ നം./ തീയതി | തുക | |
| 1 | 147, ഊർജ്ജിത സാക്ഷരത | 50000/- രൂപ (വികസന ഫണ്ട്) | 04/18-19/13.03.2019 | 50000/- രൂപ | 1. സാക്ഷരത പ്രേരക്മാർക്ക് ഹോണറേറിയം (6 പേർ) - 30000/- രൂപ.<br>2. ഭക്ഷണ ചെലവ് - 10000/- രൂപ. |

| | | | | | |
|---|---|---|---|---|---|
| | | | | | 3. സ്റ്റേഷനറി - 10000/- രൂപ. |
| 2 | 253, ഊർജ്ജിത സാക്ഷരത (സ്പിൽ ഓവർ) | 146032/- രൂപ (വികസന ഫണ്ട്) | 01/18-19/12.11.2018 | 146032/- രൂപ | 1. സാക്ഷരതാ ക്ലാസ്സുകൾ കൈകാര്യം ചെയ്തതിന് 60 പേർക്ക് നൽകിയ പ്രതിഫലം - 120000/- രൂപ.<br>2. ഭക്ഷണ ചെലവ് - 26032/- രൂപ. |

പതിമൂന്നാം പഞ്ചവത്സര പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗ രേഖയിലെ (29.01.2018 ലെ സ.ഉ.(കൈ) നം. 11/2018/ത.സ്വ.ഭ.വ) ഖണ്ഡിക 7.6 ഉപ ഖണ്ഡിക 13 പ്രകാരം സാക്ഷരതാ മിഷന്റെ പ്രവർത്തനങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിന് സാക്ഷരതാ കേന്ദ്രങ്ങളിലെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുക, മിഷൻ പ്രസിദ്ധീകരിക്കുന്ന പാഠ പുസ്തകങ്ങളുടെ വിലനൽകുക, സാക്ഷരതാ മിഷന് അടക്കേണ്ടതായ ഫീസ് നൽകുക എന്നിവക്കു വേണ്ടിയുള്ള പ്രൊജക്ടുകൾ വികസന ഫണ്ടുപയോഗിച്ച് പഞ്ചായത്തുകൾക്ക് നിർവഹിക്കാവുന്നതാണ്. പദ്ധതി മാർഗ്ഗ രേഖയിൽ പ്രതിപാദിച്ചിട്ടില്ലാത്ത ഏതെങ്കിലും ഇനങ്ങൾക്ക് ധനസഹായം നൽകുന്നതിന് സർക്കാറിൽ നിന്നുള്ള മുൻകൂർ അനുമതി വാങ്ങേണ്ടതുണ്ട്.

എന്നാൽ പദ്ധതി മാർഗ്ഗരേഖയിലില്ലാത്ത മേൽ പ്രൊജക്ടുകൾ നടപ്പാക്കുന്നതിനു മുമ്പ് സർക്കാറിൽ നിന്നും മുൻകൂർ അനുമതി വാങ്ങിയതായി കാണുന്നില്ല. ആയത് ലഭ്യമാക്കി അറിയിക്കേണ്ടതാണ്.

(ഇതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണം നം.05/25.02.2020 ന് അറിവില്ലായ്മമൂലമാണ് സംഭവിച്ചത് എന്ന മറുപടി നൽകിയിട്ടുണ്ട്.)

# 1-21 സ്പർശം - പാലിയേറ്റീവ് കെയർ പദ്ധതി- മാർഗരേഖ പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിക്കുന്നില്ല

സാമൂഹികമായും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന രോഗികളെ കണ്ടെത്തി അവർക്ക് മരുന്ന് ഉൾപ്പെടെ ആവശ്യമുള്ള പ്രാഥമിക ആരോഗ്യ പരിപാലന സംവിധാനം സജ്ജമാക്കുക, കിടപ്പിലായ രോഗികൾക്ക് ഉചിതമായ ചികിത്സാ സേവനങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും നൽകുക

എന്നീ ലക്ഷ്യങ്ങളോടെയാണ് സാന്ത്വന പരിചരണ പദ്ധതി ആരംഭിച്ചിട്ടുള്ളത്. ഗുരുതരമായ രോഗം ബാധിച്ചവർക്ക് ആരോഗ്യ വകുപ്പ്, തദ്ദേശ സ്വയംഭരണ വകുപ്പ്, സന്നദ്ധ സംഘടനകൾ എന്നീ വിഭാഗങ്ങളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചുകൊണ്ട് രോഗികൾക്ക് മെച്ചപ്പെട്ട പരിചരണം ലഭ്യമാക്കുവാനായി സ.ഉ(സാധാ)നം. 3217/2015/തസ്വഭവ തിയതി 29-10-2015 പ്രകാരം മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്. ആയത് 07-03-2019 ലെ സ.ഉ(സാധാ)നം.553/2019/തസ്വഭവ പ്രകാരം പരിഷ്കരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. 2018-19 ൽ നടപ്പാക്കിയ പദ്ധതിയുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | 1/19 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി |
| അടങ്കൽ (₹) | 1000000/-(വികസന ഫണ്ട് -ജനറൽ) |
| ചെലവ് (₹) | 821632/- |

ചെലവിന്റെ വിശദ വിവരം

| ബിൽ നം. | തുക |
|---|---|
| 3/2.6.18 | 67580 |
| 4/9.7.18 | 32763 |
| 6/9.8.18 | 33324 |
| 8/13.9.18 | 32589 |
| 9/12.10.18 | 34466 |
| 11/13.11.18 | 107880 |
| 13/11.12.18 | 104892 |
| 15/5.1.19 | 89039 |
| 17/6.2.19 | 76237 |
| 18/11.3.19 | 42328 |
| 21/23.3.19 | 200534 |
| ആകെ | 821632 |

പ്രോജക്റ്റ് പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

എ)പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങൾക്കുള്ള മാർഗ്ഗരേഖ പ്രകാരം പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മിറ്റി (PMC) ഓരോ സാമ്പത്തിക വർഷാരംഭത്തിന് മുമ്പും ഗ്രാമ പഞ്ചായത്ത് രൂപീകരിക്കേണ്ടതാണ്. രണ്ട് മാസത്തിലൊരിക്കലോ, ഇടവേളകളിൽ ആവശ്യാനുസരണമോ യോഗം ചേർന്ന് തങ്ങളുടെ പരിധിയിൽ നടക്കുന്ന പാലയേറ്റീവ് പ്രവർത്തനങ്ങൾ വിലയിരുത്തേണ്ടതും പോരായ്മകൾ പരിഹരിക്കുന്നതിന് തീരുമാനങ്ങൾ എടുക്കേണ്ടതുമാണ്. 2018-19 സാമ്പത്തിക വർഷം പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മിറ്റി 23-05-2018, 19-09-2018, 31-03-2019 എന്നീ തിയതികളിൽ മാത്രമാണ് യോഗം ചേർന്നിട്ടുള്ളത്.

ബി)പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങളുടെ മേൽനോട്ടം വഹിക്കുന്നതിന് വേണ്ടി പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മിറ്റി ഓരോ മാസവും അവലോകന യോഗങ്ങൾ (Review Meeting) കൂടേണ്ടതാണ്. 2018-19 സാമ്പത്തിക വർഷം 11-04-2018, 09-05-2018, 13-06-2018, 09-07-2018, 06-09-2018, 06-10-2018, 07-11-2018, 11-01-2019 എന്നീ തിയ്യതികളിൽ ആണ് അവലോകന യോഗങ്ങൾ ചേർന്നിട്ടുള്ളത്. ഓഗസ്റ്റ്, ഡിസംബർ, ഫെബ്രുവരി, മാർച്ച് എന്നീ മാസങ്ങളിൽ യോഗങ്ങൾ ചേർന്നിട്ടില്ല.
ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണത്തിനുള്ള മറുപടിയിൽ (ഓഡിറ്റ് അന്വേഷണം നം.18(1)/29-02-2020 ) തൊട്ടടുത്ത മാസങ്ങളിൽ ചേർന്ന യോഗങ്ങളിൽ പാലിയേറ്റീവ് പ്രവർത്തനങ്ങൾ വിലയിരുത്തുകയും ചർച്ചചെയ്യുകയും ചെയ്തിട്ടുണ്ട് എന്ന് പരാമർശിച്ചിട്ടുണ്ട്. ഇനിമുതൽ ഇടവേള കൂടാതെ അവലോകനയോഗങ്ങൾ നടത്താമെന്നും മറുപടിയിൽ സൂചിപ്പിച്ചിട്ടുണ്ട്.

സാന്ത്വന പരിചരണ പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിൽ മാർഗരേഖ പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

# 1-22 വയോജനങ്ങൾക്ക് കട്ടിൽ - ഉയർന്ന നിരക്കിൽ വാങ്ങിയതിനാൽ 98100 രൂപയുടെ അധികചെലവുണ്ടായി.

പ്രൊജക്ട് - വയോജനങ്ങൾക്ക് കട്ടിൽ (25/19)

നിർവഹണം - അസി.സെക്രട്ടറി

അടങ്കൽ- 478500 (SCP)

ചെലവ് - 414200

ചെലവ് - ബിൽ -2/23.7.18-342000

4/7.3.19 – 38000

5/26.3.19 - 34200

കട്ടിൽ വാങ്ങുന്നതിനായി നടത്തിയ ടെണ്ടറിൽ കൃത്യമായ തീരുമാനം എടുക്കാത്തതിനാൽ പഞ്ചായത്തിന് വ്യക്തമായ നഷ്ടം ഉണ്ടായതായി കണ്ടെത്തി. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

പ്രവൃത്തിയുടെ നിർവ്വഹണത്തിനായി 16-2-2018ന് നടത്തിയ ടെൻഡറിൽ മൂന്ന് സ്ഥാപനങ്ങൾ പങ്കെടുക്കുകയുണ്ടായി. ടെണ്ടർ സ്പെസിഫിക്കേഷനിൽ ആവശ്യപ്പെട്ടത് താഴെ പറയുന്ന ഇനങ്ങളാണ്

G.O . 2086/17 ൽ പറയുന്ന പ്രകാരം - cot - 1.98 m x 90cm x 60/50 – top 8 mm marine grade plywood

ലഭ്യമായ ടെണ്ടറുകളുടെ വിവരം താഴെ ചേർക്കുന്നു

| സ്ഥാപനം | ഇനം | നിരക്ക് |
|---|---|---|
| സംസം ഇൻഡസ്ട്രീസ് | 2*1 pipe & top 8 mm plywood | 2900 |
| | 3*1 pipe & top 12 mm plywood | 4125 |
| | 2 1/2 *1 & top 10 mm plywood | 3385 |
| എഫാർ ട്രേഡിങ്ങ് | (As per your specification) - 198*90*60/50 top 8 mm plywood | 3288 & 3588 |
| അരുൺ ഇൻഡസ്ട്രീസ് | (As per your specification) - 7 year guarentee.. | 3340 |

ടെണ്ടറിൽ തീരുമാനമെടുക്കാനായി ചേർന്ന പർച്ചേസ് കമ്മിറ്റിയുടെ മിനുട്സിൽ (28-2-2018 ലെ മിനുട്സ് തീരുമാനം 3 - പേജ് 63) താഴെ പറയും പ്രകാരമാണ് രേഖപ്പെടുത്തിയിട്ടുള്ളത്

" ടെണ്ടർ ക്ഷണിച്ചതിൽ കട്ടിലിന് ഏറ്റവും കുറവ് നിരക്ക് രേഖപ്പെടുത്തിയ സംസം ഇൻഡസ്ട്രീസിന്റെ 2900 രൂപയുടെ കട്ടിലും 3385 രൂപയുടെ കട്ടിലും എഫാർ ട്രേഡിങ്ങിന്റെ 3288 രൂപയുടെ കട്ടിലും കമ്മിറ്റിക്ക് തൃപ്തിയായി തോന്നിയില്ല. എന്നാൽ സംസം ഇൻഡസ്ട്രീസിന്റെ 4125 രൂപ ക്വോട്ട് ചെയ്ത കട്ടിൽ വൃദ്ധർക്ക് കിടക്കാൻ പറ്റിയതും ഉറപ്പുള്ളതും ഗുണനിലവാരമുള്ളതുമാകയാൽ ആയത് 3800 രൂപയ്ക്ക് വാങ്ങുന്നതിന് കമ്മിറ്റി തീരുമാനിച്ചു."

പ്രൊക്യൂർമെന്റ് കമ്മിറ്റി തീരുമാനം 2.3.18 ലെ ഭരണസമിതി യോഗം അംഗീകരിക്കുകയും നിർവഹണ ഉദ്യോഗസ്ഥൻ 3800 രൂപ നിരക്കിൽ 109 കട്ടിൽ വാങ്ങുകയും ചെയ്തിട്ടുണ്ട്.

ഗ്രാമപഞ്ചായത്ത് ടെണ്ടറിൽ ആവശ്യപ്പെട്ട സ്പെസിഫിക്കേഷൻ 8 mm plywood ആയിരുന്നു. എന്നാൽ 8 mm plywood - കട്ടിൽ (2900) ഒഴിവാക്കി ഉയർന്ന നിരക്കിലുള്ള 12 mm plywood കട്ടിലാണ് (4125 / 3800) നിർവഹണഉദ്യോഗസ്ഥൻ വാങ്ങിയത് .

പ്രൊക്യൂർമെന്റ് മാർഗരേഖയിലെ ( ജി.ഒ (പി) - 259/2010/ തസ്വഭവ / 8.11.10) വ്യവസ്ഥകൾ പ്രകാരം ടെണ്ടർ നോട്ടീസിൽ കൃത്യമായ സ്പെസിഫിക്കേഷൻ രേഖപ്പെടുത്തേണ്ടതും ലഭ്യമായ ടെണ്ടറുകളിൽ സ്പെസിഫിക്കേഷൻ പ്രകാരമുള്ളവ മാത്രം പരിഗണിക്കേണ്ടതുമാണ്. ടെണ്ടർ സ്പെസിഫിക്കേഷൻ പ്രകാരമുള്ള സപ്ലെയർമാർ ഹാജരാക്കിയ സാമ്പിളുകൾ പരിശോധിച്ച് അവയിൽ ഉയർന്ന ഗുണനിലവാരമുള്ളവ വാങ്ങുന്ന നടപടി ടെണ്ടർ നടപടിയുടെ ഉദ്ദേശലക്ഷ്യങ്ങളെ സാധൂകരിക്കത്തക്കതല്ല. ലഭ്യമാക്കിയ സാമ്പിളുകൾ സാങ്കേതികവിദഗ്ദൻ പരിശോധിച്ച് ഗുണനിലവാരം സംബന്ധിച്ച് റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല. പർച്ചേസ് കമ്മിറ്റിക്ക് ഗുണനിലവാരം തൃപ്തികരമായി തോന്നിയില്ല എന്ന് മാത്രം രേഖപ്പെടുത്തി കുറഞ്ഞ നിരക്കിലുള്ള കട്ടിലുകൾ ഒഴിവാക്കിയത് ക്രമപ്രകാരമല്ല. പ്രൊക്യൂർമെന്റ് നിബന്ധനകൾ പാലിക്കാതെ ഉയർന്ന നിരക്കിലുള്ള ടെണ്ടർ അംഗീകരിച്ചതിനാൽ പഞ്ചായത്ത് ഫണ്ടിന് 98100 രൂപയുടെ ((3800-2900)*109)നഷ്ടം ഉണ്ടായിട്ടുണ്ട്. ഉത്തരവാദിയായ നിർവഹണ ഉദ്യോഗസ്ഥനിൽ നിന്നും തുക ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി - 6/26.2.20)

ഓഡിറ്റ് നിർദേശങ്ങൾ

ഓഡിറ്റ് നിർദേശങ്ങൾ

1.ടെണ്ടർ നോട്ടീസിൽ കൃത്യമായ സ്പെസിഫിക്കേഷൻ ഉൾപ്പെടുത്തേണ്ടതാണ്.

2.ലഭ്യമായ ടെണ്ടറിൽ സ്പെസിഫിക്കേഷൻ പ്രകാരമുള്ള ഇനത്തിന് ഏറ്റവും കുറഞ്ഞ നിരക്ക് തിരഞ്ഞെടുക്കേണ്ടതും നിരസിക്കുന്നവയ്ക്ക് കൃത്യമായ കാരണം രേഖപ്പെടുത്തേണ്ടതാണ്.

3. പ്രൊക്യൂർമെന്റ് മാർഗരേഖയിലെ ( ജി.ഒ (പി) - 259/2010/ തസ്വഭവ / 8.11.10)വ്യവസ്ഥകൾ പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

4. ഉയർന്ന നിരക്കിലുള്ള ഉപകരണങ്ങൾ വാങ്ങിയതിനാൽ പദ്ധതി ഫണ്ടിനുണ്ടായ നഷ്ടം - 98100രൂപ ഈടാക്കി സർക്കാരിലേക്ക് ഒടുക്കേണ്ടതാണ്.

# 1-23 അങ്കണവാടികൾക്ക് ഫർണിച്ചർ വാങ്ങൽ പദ്ധതി

പ്രൊജക്ട് - അങ്കണവാടികൾക്ക് ഫർണീച്ചർ (250/19)

നിർവഹണം - ഐ.സി.ഡി.എസ്.സൂപ്പർവൈസർ

അടങ്കൽ- 200000 (MG-NR)

ചെലവ് - 170465

ചെലവ് - ബിൽ -5/13.8.18- 170465

പ്രവൃത്തിയുടെ നിർവ്വഹണത്തിനായി 16-2-2018ന് നടത്തിയ ടെൻഡറിൽ 3 സ്ഥാപനങ്ങൾ പങ്കെടുക്കുകയുണ്ടായി. ടെണ്ടർ സ്പെസിഫിക്കേഷനിൽ ആവശ്യപ്പെട്ടത് താഴെ പറയുന്ന ഇനങ്ങളാണ്

1. Plastic arm chair (വലുത്)

steel almirah -1 1/2 ” *2 1/2" * 1 1/2” 20 ഗേജ്

സ്റ്റീൽ ടേബിൾ - 2 1/2" വീതി 4 1/2 നീളം -1 draw- top plywood

ലഭ്യമായ ടെണ്ടറിന്റെ വിവരം താഴെ ചേർക്കുന്നു

| സ്ഥാപനം | ഇനം | നിരക്ക് |
|---|---|---|
| എഫാർ ട്രേഡിങ് | Almirah – 20G – 4 1/2 “ | 4465 |
| | Plastic arm chair<br>Friendly | 215, 300, 345 |
| | Chairman | 345, 395, 590 |
| | Arris | 430, 570 |
| | Nilkamal | 410, 448, 475 |
| | Steel table 22 G<br>20 G<br>18 G | 3600<br>4500<br>5450 |
| അരുൺ ഇൻഡസ്ട്രീസ് | Almirah (As per tender spec) | 4875 |
| | Plastic arm chair<br>Nilkamal | 448 |
| | Steel table<br>2 1/2 അടി വീതി<br>4 1/2 അടി നീളം top plywood , 1 draw | 3775 |
| Ricky Furniture | Steel almirah | 5875 |
| | Plastic chair<br>Nilkamal<br>Arris<br>[illegible] | 499<br>469<br>399 |

| | | |
|---|---|---|
| | Kingster | |
| | Table | 4450 |

28-2-2018 ലെ പർച്ചേസ് കമ്മിറ്റി (മിനുട്സ് - പേജ് 63) തീരുമാനം 1പ്രകാരം എഫാർ ട്രേഡിങ്ങിന്റെ ടെണ്ടർ അംഗീകരിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്. മിനുട്സിലെ രേഖപ്പെടുത്തലുകൾ താഴെ പറയും പ്രകാരമാണ്.

"4465 രൂപയുടെ അലമാര വാങ്ങാൻ തീരുമാനിച്ചു.

ചെയർ - "215 രൂപയുടെ ചെയർ ഗുണനിലവാരമില്ലാത്തതിനാൽ വാങ്ങേണ്ടതില്ലെന്ന് കമ്മിറ്റി തീരുമാനിച്ചു.ടി സ്ഥാപനത്തിന്റെ ഗുണനിലവാരമുള്ളതും ഉറപ്പുമുള്ളതുമായ 395 രൂ ക്വോട്ട് ചെയ്ത Chairman പ്ലാസ്റ്റിക് കസേര 380 രൂപയ്ക്ക് വാങ്ങുന്നതിന് തീരുമാനിച്ചു. മറ്റു സ്ഥാപനങ്ങൾ കമ്മിറ്റി മുമ്പാകെ കൊണ്ടുവന്ന കസേരകൾ കമ്മിറ്റിക്ക് തൃപ്തിയായി തോന്നിയില്ല

ടേബിൾ - എഫാർ ട്രേഡിങ്ങിന്റെ 4500 രൂപ ക്വോട്ട് ചെയ്ത 20 G ടേബിൾ ഗുണനിലവാരമുള്ളതാണെന്ന് കമ്മിറ്റിക്ക് ബോധ്യമായതിനാൽ ആയത് 4440 രൂപയ്ക്ക് വാങ്ങാൻ തീരുമാനിച്ചു. മറ്റു സ്ഥാപനങ്ങൾ കമ്മിറ്റി മുമ്പാകെ കൊണ്ടുവന്ന ടേബിളുകൾ കമ്മിറ്റിക്ക് തൃപ്തിയായി തോന്നിയില്ല. "

തുടർന്ന് 2.3.18 ലെ ഭരണസമിതി പ്രൊക്യൂർമെന്റ് കമ്മിറ്റി തീരുമാനം അംഗീകരിക്കുകയും നിർവഹണ ഉദ്യോഗസ്ഥൻ 16.3.18 ന് എഫാർ ട്രേഡിങ്ങിന് സപ്ലൈ ഓർഡർ നൽകുകയും ചെയ്തിട്ടുണ്ട്.

ഇൻവോയ്സ് പ്രകാരം താഴെ പറയുന്ന ഇനങ്ങളാണ് വാങ്ങിയത്.

പ്ലാസ്റ്റിക് ചെയർ (ചെയർമാൻ) 85 എണ്ണം - @ 380

Table -10 എണ്ണം - 4440

Almirah – 21 എണ്ണം - 4465

പ്രൊക്യൂർമെന്റ് മാർഗരേഖയിലെ ( ജി.ഒ (പി) - 259/2010/ തസ്വഭവ / 8.11.10) വ്യവസ്ഥകൾ പ്രകാരം ടെണ്ടർ നോട്ടീസിൽ കൃത്യമായ സ്പെസിഫിക്കേഷൻ രേഖപ്പെടുത്തേണ്ടതും ലഭ്യമായ ടെണ്ടറുകളിൽ സ്പെസിഫിക്കേഷൻ പ്രകാരമുള്ളവ മാത്രം പരിഗണിക്കേണ്ടതുമാണ്. മേൽ പറഞ്ഞ നിബന്ധനകൾ പാലിക്കാതെ കുറഞ്ഞ നിരക്കിലുള്ള ടെണ്ടർ ഒഴിവാക്കി ഉയർന്ന നിരക്കിൽ ഫർണീച്ചർ വാങ്ങിയതിനാൽ പഞ്ചായത്ത് ഫണ്ടിന് നഷ്ടം ഉണ്ടായിട്ടുണ്ട്. സപ്ലെയർമാർ ഹാജരാക്കിയ സാമ്പിളുകൾ പരിശോധിച്ച് അവയിൽ ഉയർന്ന ഗുണനിലവാരമുള്ളവ വാങ്ങുന്ന നടപടി ടെണ്ടർ നടപടിയുടെ ഉദ്ദേശലക്ഷ്യങ്ങളെ സാധൂകരിക്കത്തക്കതല്ല. ലഭ്യമാക്കിയ സാമ്പിളുകൾ സാങ്കേതികവിദഗ്ദൻ പരിശോധിച്ച് ഗുണനിലവാരം സംബന്ധിച്ച് റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല. പർച്ചേസ് കമ്മിറ്റിക്ക് ഗുണനിലവാരം തൃപ്തികരമായി തോന്നിയില്ല എന്ന് മാത്രം രേഖപ്പെടുത്തി കുറഞ്ഞ നിരക്കിലുള്ള ഇനങ്ങൾ ഒഴിവാക്കിയത് ക്രമപ്രകാരമല്ല. ഓഡിറ്റ് എൻക്വയറി - 10/28.2.20 ന് മറുപടിയായി പർച്ചേസ് കമ്മിറ്റി തീരുമാനപ്രകാരമാണ് വാങ്ങലുകൾ നടത്തിയത് എന്നും ഗുണനിലവാരമുള്ള ഇനങ്ങൾ വാങ്ങിയതിനാലാണ് ഉയർന്ന നിരക്ക് നൽകേണ്ടിവന്നത് എന്നമാണ് അറിയിച്ചിട്ടുള്ളത്.പ്രൊക്യൂർമെന്റ് നിബന്ധനകൾ പാലിക്കാതെ ഉയർന്ന നിരക്കിലുള്ള

ടെണ്ടർ അംഗീകരിച്ചതിനാൽ പഞ്ചായത്ത് ഫണ്ടിന് താഴെ പറയും പ്രകാരം 22425 രൂപയുടെ അധികചെലവ് ഉണ്ടായിട്ടുണ്ട്.

| ഇനം | കുറഞ്ഞ നിരക്ക് | വാങ്ങിയ നിരക്ക് | നിരക്ക് വ്യത്യാസം | വാങ്ങിയ എണ്ണം | ആകെ നഷ്ടം |
|---|---|---|---|---|---|
| ചെയർ | 215 | 380 | 165 | 85 | 14025 |
| ടേബിൾ | 3600 | 4440 | 840 | 10 | 8400 |

നഷ്ടമായ തുക- 22425 - ഉത്തരവാദിയായ നിർവഹണ ഉദ്യോഗസ്ഥനിൽ നിന്നും തുക ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ഭാവിയിൽ വാങ്ങലുകൾ നടത്തുമ്പോൾ പ്രൊക്യൂർമെന്റ് മാർഗരേഖയിലെ ( ജി.ഒ (പി) - 259/2010/ തസ്വഭവ / 8.11.10) വ്യവസ്ഥകൾ പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

# 1-24 ഉയർന്ന നിരക്കിൽ കട്ടിൽ വാങ്ങിയതിനാൽ 85500രൂപ നഷ്ടം

1.പ്രൊജക്ട് - വയോജനങ്ങൾക്ക് കട്ടിൽ (249/19)

നിർവഹണം - ഐ.സി.ഡി.എസ്.സൂപ്പർവൈസർ

അടങ്കൽ- 420000 (plan-gl)

ചെലവ് - 361000

ചെലവ് - ബിൽ -13/25.10.18-190000

ബിൽ -15/23.11.18- 171000

പ്രവൃത്തിയുടെ നിർവ്വഹണത്തിനായി 16-2-2018ന് നടത്തിയ ടെൻഡറിൽ 4 സ്ഥാപനങ്ങൾ പങ്കെടുക്കുകയുണ്ടായി. ടെണ്ടർ സ്പെസിഫിക്കേഷനിൽ ആവശ്യപ്പെട്ടത് താഴെ പറയുന്ന ഇനങ്ങളാണ്

G.O . 2086/17 ൽ പറയുന്ന പ്രകാരം - cot - 1.98 m x 90cm x 60/50 – top 8 mm marine grade plywood

ലഭ്യമായ ടെണ്ടറിന്റെ വിവരം താഴെ ചേർക്കുന്നു

| സ്ഥാപനം | ഇനം | നിരക്ക് |
|---|---|---|
| സംസം ഇൻഡസ്ട്രീസ് | 2*1 pipe & top 8 mm plywood | 2900 |
| | 3*1 pipe & top 12 mm plywood | 4125 |
| | | |

| | | |
|---|---|---|
| | 2 1/2 *1 & top 10 mm plywood | 3385 |
| എഫാർ ട്രേഡിങ്ങ് | (As per your specification) - 198*90*60/50 top 8 mm plywood | 3288<br>&<br>3588 |
| അരുൺ ഇൻഡസ്ട്രീസ് | (As per your specification) -<br>7 year guarentee.. | 3340 |
| Mundikunnel agency | നിർദേശിച്ച വലിപ്പം 5 വർഷം warranty<br>സ്റ്റീൽ<br>ആഞ്ഞിലി<br>മഹാഗണി<br>തെങ്ങ് | 3750<br>3590<br>3190<br>3150 |

28-2-2018 ലെ പർച്ചേസ് കമ്മിറ്റി (മിനട്സ് - പേജ് 63) തീരുമാനം 3താഴെ ചേർക്കുന്നു.

" ടെണ്ടർ ക്ഷണിച്ചതിൽ കട്ടിലിന് ഏറ്റവും കുറവ് നിരക്ക് രേഖപ്പെടുത്തിയ സംസം ഇൻഡസ്ട്രീസിന്റെ 2900 , 3385 രൂപയുടെ കട്ടിലും എഫാർ ട്രേഡിങ്ങിന്റെ 3288 രൂപയുടെ കട്ടിലും കമ്മിറ്റിക്ക് തൃപ്തിയായി തോന്നിയില്ല. വൃദ്ധർക്ക് കിടക്കാൻ പറ്റിയതും ഉറപ്പുള്ളതും ഗുണനിലവാരമുള്ളതുമായ സംസം ഇൻഡസ്ട്രീസിന്റെ 4125 രൂപ ക്വോട്ട് ചെയ്ത കട്ടിൽ 3800 രൂപയ്ക്ക് വാങ്ങുന്നതിന് കമ്മിറ്റി തീരുമാനിച്ചു."

തുടർന്ന് 2.3.18 ലെ ഭരണസമിതി യോഗം, പ്രൊക്യൂർമെന്റ് കമ്മിറ്റി തീരുമാനം അംഗീകരിക്കുകയും നിർവഹണ ഉദ്യോഗസ്ഥ 3800 രൂപയ്ക്ക് 95 കട്ടിൽ വാങ്ങുകയും ചെയ്തിട്ടുണ്ട്.

ഗ്രാമപഞ്ചായത്ത് ടെണ്ടറിൽ ആവശ്യപ്പെട്ട സ്പെസിഫിക്കേഷൻ 8 mm plywood ആയിരുന്നു. എന്നാൽ 8 mm plywood - കട്ടിൽ (2900) ഒഴിവാക്കി ഉയർന്ന നിരക്കിലുള്ള 12 mm plywood കട്ടിലാണ് (4125 / 3800) വാങ്ങിയത് .

പ്രൊക്യൂർമെന്റ് മാർഗരേഖയിലെ ( ജി.ഒ (പി) - 259/2010/ തസ്വഭവ / 8.11.10) വ്യവസ്ഥകൾ പ്രകാരം ടെണ്ടർ നോട്ടീസിൽ കൃത്യമായ സ്പെസിഫിക്കേഷൻ രേഖപ്പെടുത്തേണ്ടതും ലഭ്യമായ ടെണ്ടറുകളിൽ സ്പെസിഫിക്കേഷൻ പ്രകാരമുള്ളവ മാത്രം പരിഗണിക്കേണ്ടതുമാണ്. എന്നാൽ ടെണ്ടർ സ്പെസിഫിക്കേഷനിൽ നിന്നും വ്യത്യസ്തമായ ഇനമാണ് ഉയർന്ന നിരക്കിൽ നിർവഹണഉദ്യോഗസ്ഥ വാങ്ങിയത്. സപ്ലൈയർമാർ ഹാജരാക്കിയ സാമ്പിളുകൾ പരിശോധിച്ച് അവയിൽ ഉയർന്ന ഗുണനിലവാരമുള്ളവ വാങ്ങുന്ന നടപടി ടെണ്ടർ നടപടിയുടെ ഉദ്ദേശലക്ഷ്യങ്ങളെ സാധൂകരിക്കത്തക്കതല്ല. ലഭ്യമാക്കിയ സാമ്പിളുകൾ സാങ്കേതികവിദഗ്ദൻ പരിശോധിച്ച് ഗുണനിലവാരം സംബന്ധിച്ച് റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല. പർച്ചേസ് കമ്മിറ്റിക്ക് ഗുണനിലവാരം തൃപ്തികരമായി തോന്നിയില്ല എന്ന് മാത്രം രേഖപ്പെടുത്തി കുറഞ്ഞ നിരക്കിലുള്ള കട്ടിലുകൾ

ഒഴിവാക്കിയത് ക്രമപ്രകാരമല്ല. പ്രൊക്യൂർമെന്റ് നിബന്ധനകൾ പാലിക്കാതെ ഉയർന്ന നിരക്കിലുള്ള ടെണ്ടർ അംഗീകരിച്ചതിനാൽ പഞ്ചായത്ത് ഫണ്ടിന് 85500രൂപയുടെ ((3800-2900)*95)നഷ്ടം ഉണ്ടായിട്ടുണ്ട്. ഉത്തരവാദിയായ നിർവഹണ ഉദ്യോഗസ്ഥനിൽ നിന്നും തുക ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി - 6/26.2.20)

ഓഡിറ്റ് നിർദേശങ്ങൾ

ഓഡിറ്റ് നിർദേശങ്ങൾ

1.ടെണ്ടർ നോട്ടീസിൽ കൃത്യമായ സ്പെസിഫിക്കേഷൻ ഉൾപ്പെടുത്തേണ്ടതാണ്.

2.ലഭ്യമായ ടെണ്ടറിൽ സ്പെസിഫിക്കേഷൻ പ്രകാരമുള്ള ഇനത്തിന് ഏറ്റവും കുറഞ്ഞ നിരക്ക് തിരഞ്ഞെടുക്കേണ്ടതും നിരസിക്കുന്നവയ്ക്ക് കൃത്യമായ കാരണം രേഖപ്പെടുത്തേണ്ടതാണ്.

3. പ്രൊക്യൂർമെന്റ് മാർഗരേഖയിലെ ( ജി.ഒ (പി) - 259/2010/ തസ്വഭവ / 8.11.10)വ്യവസ്ഥകൾ പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

4. ഉയർന്ന നിരക്കിലുള്ള ഉപകരണങ്ങൾ വാങ്ങിയതിനാൽ പദ്ധതി ഫണ്ടിനുണ്ടായ നഷ്ടം - 85500രൂപ ഈടാക്കി സർക്കാരിലേക്ക് ഒടുക്കേണ്ടതാണ്.

# 1-25 സബ്സിഡി മാർഗരേഖയിൽ ഉൾപ്പെടാത്ത പ്രവൃത്തിക്ക് ധനസഹായം നൽകി

പ്രൊജക്ട് - ടോയ്‌ലെറ്റ് നിർമ്മാണം(ജനറൽ) -247/19

അടങ്കൽ -831600(CFC)

ചെലവ്- 495000

ബിൽ നമ്പർ- 4/5.9.18- 145000

9/28.9.18- 80400

11/31.10.18 - 186400

15/18.12.18- 62400

17/28.12.18 - 20800

നിർവ്വഹണ ഉദ്യോഗസ്ഥൻ.-വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (വി.ഇ.ഒ)

ഗ്രാമപഞ്ചായത്ത് ODFഗ്രാമമായി പ്രഖ്യാപിക്കപ്പെട്ടതിനുശേഷവും ജനറൽ വിഭാഗത്തിലുള്ള ഗുണഭോക്താക്കൾക്ക് ടോയ് ലെറ്റ് നിർമ്മാണത്തിന് 15400 രൂപ ധനസഹായം

നൽകുന്നതിനായാണ് 2017-18 വർഷം പ്രോജക്ട് രൂപീകരിച്ചത്. 2018-19 വർഷത്തിലാണ് പദ്ധതി നടപ്പിലാക്കിയത്. 44 ഗുണഭോക്താക്കൾക്ക് പദ്ധതി പ്രകാരം സബ്സിഡി അനുവദിച്ചത്.

13ാം പദ്ധതിയുടെ മാർഗ്ഗരേഖയിൽ ടോയ്‌ലെറ്റ് നിർമ്മാണത്തിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ ഉൾപ്പെടുത്തുകയോ സബ്സിഡി തുക നിശ്ചയിക്കുകയോ ചെയ്തിട്ടില്ല.സബ്സിഡി മാർഗരേഖയിൽ ഉൾപ്പെടാത്ത ഇനങ്ങൾക്ക് ധനസഹായം നൽകുന്നതിന് പ്രൊജക്ടുകൾ ആവിഷ്കരിക്കുന്നതിനു മുൻപ് സർക്കാരിൽ നിന്നും മുൻകൂർ അനുവാദം വാങ്ങേണ്ടതാണ്. എന്നാൽ നിർവഹണഉദ്യോഗസ്ഥൻ ഇപ്രകാരം മുൻകൂർ അനുമതി വാങ്ങിയിട്ടില്ല.

രജിസ്റ്റർ പരിശോധിച്ചതിൽ 18 ഗുണഭോക്താക്കൾ നിലവിലും നിർമ്മാണം പൂർത്തിയാക്കി ധനസഹായം പൂർണ്ണമായും കൈപ്പറ്റിയിട്ടില്ല എന്ന് കാണുന്നു. ഇതിൽ രണ്ട് ഗുണഭോക്താക്കൾക്ക് 10000 രൂപ വീതവും മറ്റ് 16 പേർക്ക് 5000 രൂപ വീതവും ധനസഹായം മുൻകൂറായി അനുവദിച്ചിട്ടുണ്ട്.

ഓഡിറ്റ് എൻക്വയറി നം - 12/28.2.20 ന് മറുപടിയായി ശുചിത്വമിഷൻ ഫണ്ട് ലഭ്യമല്ലാത്തതിനാൽ പദ്ധതിഫണ്ട് വകയിരുത്തി പദ്ധതി ആവിഷ്കരിച്ച് അംഗീകാരം വാങ്ങി നടപ്പിലാക്കിയതാണ് എന്നാണ് മറുപടി നൽകിയത്. പദ്ധതി മാർഗരേഖ പ്രകാരം അനുവദനീയമല്ലാത്ത ഇനത്തിന് പദ്ധതി ഫണ്ട് വിനിയോഗിച്ച് ധനസഹായം നൽകിയത് അനുവദനീയമല്ല. അതിനാൽ ടോയ്‌ലെറ്റ് നിർമ്മാണത്തിനുള്ള സബ്സിഡി നൽകുന്നതിനായി ചെലവഴിച്ച 495000 രൂപ ഓഡിറ്റ് തടസ്സപ്പെടുത്തുന്നു. സർക്കാരിൽ നിന്നും സാധൂകരണം ലഭ്യമാക്കി ചെലവ് ക്രമീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-26 തെരുവ് വിളക്ക് വാങ്ങൽ പദ്ധതി

പ്രൊജക്ട് - വിവിധ സ്ഥലങ്ങളിൽ തെരുവ് വിളക്ക് സ്ഥാപിക്കൽ 285/19)

നിർവഹണം - സെക്രട്ടറി

അടങ്കൽ- 490500 (CFC)

ചെലവ് - 489885

| ബിൽ നം | തുക |
|---|---:|
| 16/27.10.18- (KSEB) | 9310 |
| 29/29.12.18 | 431735 |
| 44/22.3.19 | 48840 |
| | 489885 |

തെരുവ് വിളക്ക് വാങ്ങുന്നതിനായി 19-3-2018ന് നടത്തിയ ടെൻഡറിൽ 2 സ്ഥാപനങ്ങൾ പങ്കെടുക്കുകയുണ്ടായി. ടെണ്ടർ സ്പെസിഫിക്കേഷനിൽ ആവശ്യപ്പെട്ടത് സിംഗിൾ ട്യൂബ് സെറ്റ് എന്ന് മാത്രമാണ്

ലഭ്യമായ ടെണ്ടറിന്റെ വിവരം താഴെ ചേർക്കുന്നു

| സ്ഥാപനം | ഇനം | നിരക്ക് |
|---|---|---|
| എഡിസണ്‍ ഇലക്ട്രോണിക്സ് 1 വർഷം വാരണ്ടി | 1*36 വാട്ട് സിംഗിൾ ട്യൂബ് സെറ്റ്- ബജാജ്, ക്രോംപ്ടൺ ആക്സസറീസ് & ഫിറ്റിംഗ്സ് | 1175 |
| | 1*36 വാട്ട് സിംഗിൾ ട്യൂബ് സെറ്റ് - company make with all accessories- Havels/ bajaj with fittings | 1380 |
| | ഫിറ്റിംഗ് ചാർജ് | 100 |
| KSIE 1 വർഷം വാരണ്ടി | സിംഗിൾ ട്യൂബ് സെറ്റ്- ബജാജ്, ഹാവൽ, ക്രോംപ്ടൺ 1*36 /40വാട്ട് | 1200 |
| | Glow world 1*36 /40വാട്ട് | 980 |
| | accessories | 185 |
| | Installation | 185 |

21-3-2018 ലെ പ്രൊക്യൂർമെന്റ് കമ്മിറ്റി

ഏറ്റവും കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത എഡിസണ്‍ ഇലക്ട്രോണിക്സ് എന്ന സ്ഥാപനം ക്വോട്ട് ചെയ്ത കമ്പനി സെറ്റ് ഹാവൽസ് / ബജാജ് (1380 രൂപ നിരക്ക് + 100 രൂപ ഫിറ്റിംഗ് ചാർജ് ) വാങ്ങുന്നത് അംഗീകരിച്ചു എന്നാണ് തീരുമാനിച്ചത്.

തുടർന്ന് 22.3.18 ലെ ഭരണസമിതി, പ്രൊക്യൂർമെന്റ് കമ്മിറ്റി തീരുമാനം അംഗീകരിക്കുകയും നിർവഹണ ഉദ്യോഗസ്ഥൻ 324 സ്ട്രീറ്റ് ലൈറ്റുകൾ വാങ്ങുകയും ചെയ്തിട്ടുണ്ട്.

പ്രൊക്യൂർമെന്റ് മാർഗരേഖയിലെ ( ജി.ഒ (പി) - 259/2010/ തസ്വഭവ / 8.11.10) വ്യവസ്ഥകൾ പ്രകാരം ടെണ്ടർ നോട്ടീസിൽ കൃത്യമായ സ്പെസിഫിക്കേഷൻ രേഖപ്പെടുത്തേണ്ടതും ലഭ്യമായ ടെണ്ടറുകളിൽ സ്പെസിഫിക്കേഷൻ പ്രകാരമുള്ളവ മാത്രം പരിഗണിക്കേണ്ടതുമാണ്. എന്നാൽ

ലഭ്യമായ ടെണ്ടറുകളിൽ കുറഞ്ഞ നിരക്ക് -( Edison – 1175 +100 ) ക്വോട്ട് ചെയ്ത ഇനം പരിഗണിക്കാതിരുന്നതിന് ഒരു കാരണവും പ്രൊക്യൂർമെന്റ് മിനുടിസിൽ രേഖപ്പെടുത്തിയിട്ടില്ല. നിർവഹണ ഉദ്യോസ്ഥൻ comparitive statement തയ്യാറാക്കി കമ്മിറ്റിക്ക് സമർപ്പിച്ചതായും കാണുന്നില്ല. ഉയർന്ന നിരക്കിലുള്ള തെരുവ് വിളക്ക് വാങ്ങിയതിനാൽ പഞ്ചായത്ത് ഫണ്ടിന് 66420 രൂപ (324*(1380-1175)) നഷ്ടമുണ്ടായിട്ടുണ്ട്. (ഓഡിറ്റ് എൻക്വയറി - 23/3.3.20ന് മറുപടി ലഭ്യമായില്ല)

ഓഡിറ്റ് നിർദേശങ്ങൾ

1.1.ടെണ്ടർ നോട്ടീസിൽ കൃത്യമായ സ്പെസിഫിക്കേഷൻ ഉൾപ്പെടുത്തേണ്ടതാണ്.

2.ലഭ്യമായ ടെണ്ടറിൽ സ്പെസിഫിക്കേഷൻ പ്രകാരമുള്ള ഇനത്തിന് ഏറ്റവും കുറഞ്ഞ നിരക്ക് തിരഞ്ഞെടുക്കേണ്ടതും നിരസിക്കുന്നവയ്ക്ക് കൃത്യമായ കാരണം രേഖപ്പെടുത്തേണ്ടതാണ്.

3. പ്രൊക്യൂർമെന്റ് മാർഗരേഖയിലെ ( ജി.ഒ (പി) - 259/2010/ തസ്വഭവ / 8.11.10)വ്യവസ്ഥകൾ പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

4. ഉയർന്ന നിരക്കിലുള്ള ഉപകരണങ്ങൾ വാങ്ങിയതിനാൽ പദ്ധതി ഫണ്ടിനുണ്ടായ നഷ്ടം - 66420രൂപ ഈടാക്കി സർക്കാരിലേക്ക് ഒടുക്കേണ്ടതാണ്.

# 1-27 ഡെപ്പോസിറ്റ് പ്രവർത്തികൾ-വിനിയോഗവിവരം ലഭ്യമാക്കേണ്ടതാണ്

ഓഡിറ്റ് വർഷത്തിൽ വൈദ്യുതിബോർഡിൽ ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തികൾ നടത്തുന്നതിന് പദ്ധതി ഫണ്ടിൽ നിന്നും താഴെ പറയും പ്രകാരം മുൻകൂർതുക നൽകിയിട്ടുണ്ട്. സെക്രട്ടറി നിർവഹണം നടത്തിയ പ്രസ്തുത പദ്ധതികളുടെ വിനിയോഗരേഖകൾ / സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

| പ്രോജക്ട് നമ്പരും പേരും | അടങ്കൽ | ബിൽ | ചെലവ് തുക | നിർവ്വഹണ എജൻസി. |
|---|---|---|---|---|
| 10/19-വിവിധ വാർഡുകളിൽ ലൈൻ എക്സ്റ്റൻഷൻ & തെരുവ് വിളക്ക് സ്ഥാപിക്കൽ - എസ്.സി.കോളനി | 466000 (പ്ലാൻ എസ്.സി.പി) | 25/11.12.18 | 37222 | അസി. എക്സി. എഞ്ചിനീയർ, കെ.എസ്. ഇ.ബി |
| | | 46/28.3.19 | 332506 | |
| 336/19 – പൂട്ടൂർ കുടിവെള്ളപദ്ധതിക്ക് മീറ്റർ | 60000(പ്ലാൻ-ജ) | 32/8.3.19 | 60000 | കെ.എസ്. ഇ.ബി |

ഡെപ്പോസിറ്റ് പ്രവർത്തികളുടെ നിർവഹണം മോണിറ്റർ ചെയ്യേണ്ടതും കരാർ കാലാവധിക്കകം എസ്റ്റിമേറ്റ് പ്രകാരമുള്ള പ്രവർത്തികൾ പൂർത്തിയാക്കുന്നു എന്ന് ഉറപ്പുവരുത്തേണ്ടതുമാണ്. പ്രവർത്തി പൂർത്തിയായ ശേഷം ഡെപ്പോസിറ്റ് തുകയുടെ വിനിയോഗവിവരങ്ങൾ ലഭ്യമാക്കി ചെലവഴിക്കാത്ത തുക തിരികെ ഈടാക്കേണ്ടതുമാണ്.

# 1-28 ദിവസവേതനജീവനക്കാരുടെ നിയമനം

ഗ്രാമപഞ്ചായത്തിലെ എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾ പരിശോധിച്ചതിൽ നിലവിലില്ലാത്ത തസ്തികകളിൽ ജീവനക്കാരെ നിയമിച്ച് ദിവസവേതനം നൽകിയതായി കണ്ടെത്തി. ഡാറ്റാ എൻട്രി ഓപ്പറേറ്റർ, സഞ്ചയ ഡാറ്റ പ്യൂരിഫിക്കേഷൻ ജോലികൾ എന്നി ജോലികൾക്കായി നിലവില്ലാത്ത തസ്തികകളിൽ താഴെ പറയും പ്രകാരം ദിവസവേതനം നൽകിയിട്ടുണ്ട്.

<u>ഡാറ്റ എൻട്രി ഓപ്പറേറ്റർ - 350 രൂപ ദിവസവേതനം</u>

1.ശ്രീമതി. നബിസ – 4/18 മുതൽ 8/18 വരെ - 31150

2.ശ്രീമതി.സബിന – 10/18 മുതൽ 3/19 വരെ – 48600

<u>സഞ്ചയ ഡാറ്റ പ്യൂരിഫിക്കേഷൻ - 250 രൂപ ദിവസവേതനം</u>

1. ശ്രീമതി.സുചിത്ര – 8/18 മുതൽ 3/19 വരെ -34750

2. ശ്രീമതി.സുനിത -1/19 മുതൽ 2/19 വരെ - 12000

1/19 & 2/19 വരെ യുള്ള 2 മാസം സുചിത്ര, സുനിത എന്നീ രണ്ട് പേരും ജോലി ചെയ്തിട്ടുണ്ട്.

സർക്കാർ ഉത്തരവ് (പി)28/16/ധനം/26.2.2016 പ്രകാരം സർക്കാരിന്റെ മുൻകൂർ അനുമതി ലഭ്യമായശേഷം മാത്രമേ അംഗീകൃതമല്ലാത്ത തസ്തികകളിൽ ദിവസവേതനാടിസ്ഥാനത്തിൽ നിയമനം നടത്താൻ കഴിയുകയുള്ളൂ. നിലവിലില്ലാത്ത തസ്തികകളിൽ, സർക്കാരിൽ നിന്നും മുൻകൂർ അനുമതി വാങ്ങാതെ ദിവസവേതനത്തിന് ജീവനക്കാരെ നിയമിച്ചത് അംഗീകരിക്കാവുന്നതല്ല. സർക്കാരിന്റെ മുൻകൂർ അനുമതി ലഭ്യമാക്കി നടപടിക്രമങ്ങൾ പാലിച്ച് മാത്രം ദിവസവേതനജീവനക്കാരെ നിയമിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

<u>എൽ.എസ്.ജി.ഡി ഓവർസിയർ</u>

ശ്രീ.ഷമീർ.എസ് - 1.4.18 to 31.12.18 വരെ നൽകിയ തുക – 1,11,650 രൂപ

ഗ്രാമപഞ്ചായത്തിൽ എൽ.എസ്.ജി.ഡി വിഭാഗത്തിൽ രണ്ട് ഓവർസിയർ തസ്തികകളാണ് നിലവിലുള്ളത്. അറ്റൻഡൻസ് രജിസ്റ്റർ പരിശോധിച്ചതിൽ 16-2-18 മുതൽ 31.3.18 വരെ 2 ഓവർസിയർമാരും നിലവിലുണ്ടായിട്ടും ഓവർസിയർ തസ്തികയിൽ വീണ്ടും ഒരാളെ ദിവസവേതനാടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ട്. തുടർന്നുള്ള മാസങ്ങളിൽ മെറ്റേണിറ്റി ലീവ് വേക്കൻസി / ഒഴിവ് ഉണ്ടായ സാഹചര്യങ്ങളിലും വേക്കൻസി നിയമാനുസൃതം എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ റിപ്പോർട്ട് ചെയ്യാതെ നേരിട്ട് ദിവസവേതനാടിസ്ഥാനത്തിൽ നിയമനം

നടത്തുകയാണ് ചെയ്തത്. എഞ്ചിനിയറിംഗ് വിഭാഗത്തിലെ തസ്തികകളിലെ ജീവനക്കാരുടെ ശമ്പളം സർക്കാരിൽ നിന്നും നേരിട്ടാണ് നൽകിവരുന്നത്. ആയതിനുള്ള നിശ്ചിത തുക സർക്കാർ ജനറൽ പർപ്പസ് ഫണ്ടിൽ നിന്നും നേരിട്ട് കുറവ് ചെയ്തശേഷമാണ് പഞ്ചായത്തിന് ഫണ്ട് അനുവദിക്കുന്നത്. അതിനാൽ എഞ്ചിനിയറിംഗ് വിഭാഗത്തിൽ നിലവിലുള്ള ഒഴിവുകളിലേക്ക് നിയമാനുസൃതം എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നും നിയമനം നടത്തേണ്ടതും വേതനം സംസ്ഥാന സർക്കാരിന്റെ ഫണ്ടിൽ നിന്നും ലഭ്യമാക്കേണ്ടതുമായിരുന്നു. നിയമാനുസൃത നടപടികൾ സ്വീകരിക്കാതെ തനത് ഫണ്ടിൽ നിന്നും ദിവസവേതനം അനുവദിച്ചതിനാൽ പഞ്ചായത്ത് ഫണ്ടിന് 1,11,650 രൂപ നഷ്ടമായി.

നടപടിക്രമങ്ങളൊന്നും പാലിക്കാതെ ദിവസവേതനമിനത്തിൽ തനത് ഫണ്ടിൽ നിന്നും ചെലവഴിച്ച 2,38,150രൂപ (111650+31150+48600+34750+12000) ഓഡിറ്റ് തടസ്സപ്പെടുത്തുന്നു. സർക്കാരിൽ നിന്നും അനുമതി ലഭ്യമാക്കി ഫണ്ട് ക്രമീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-29 ശമ്പളപരിഷ്കരണ കുടിശ്ശിക-പെൻഷൻ കോൺട്രിബ്യൂഷൻ ഒടുക്കിയിട്ടില്ല

ഗ്രാമപഞ്ചായത്തിലെ ജീവനക്കാരുടെ ശമ്പളം ജി.ഒ. (പി) നം 7/16 ഫിൻ തീയതി.20.01.2016 ഉത്തരവ് പ്രകാരം പരിഷ്കരിച്ചതിന്റെ ഭാഗമായി 2014 മുതലുള്ള ശമ്പള കുടിശ്ശിക 3 ഗഡുക്കളായി ജീവനക്കാരുടെ പ്രോവിഡന്റ് ഫണ്ടിൽ ലയിപ്പിക്കുന്നതിനും ജി.ഒ. (പി) നം 146/2018 ഫിൻ തീയതി.16.09.2018 ഉത്തരവ് പ്രകാരം IV-ാം ഗഡു ജീവനക്കാർക്ക് പണമായി നൽകുന്നതിനും സർക്കാർ ഉത്തരവായിട്ടുണ്ട്. 2018-19 സാമ്പത്തിക വർഷം 111 ഗഡു പി.എഫിലേക്കും IV-ാം ഗഡു ശമ്പള കുടിശ്ശിക പണമായും വിതരണം ചെയ്തിട്ടുണ്ട്. ഇതിന്റെ വിശദാംശം താഴെ കൊടുക്കുന്നു.

| ഗഡു | വൗച്ചർ നമ്പർ/ തീയതി | തുക | ജീവനക്കാരുടെ എണ്ണം | |
|---|---|---|---|---|
| 1 | 21800331/8.6.18 | 53006 | 3 | 3 ഗഡു- ജി.പി.എഫിൽ ഒടുക്കി |
| 2 | 21800332/8.6.18 | 110632 | 10 | “ |
| 3 | 21800889/10.10.2018 | 39859 | 1 | ശ്രീ.ശിവകുമാർ - മുൻസെക്രട്ടറി<br>4 ഗഡു |
| 4 | 21800895/11.10.18 | 123695 | 8 | 4 ഗഡു |
| | | | | |

| | | | | |
|---|---|---|---|---|
| 5 | 21800896/11.10.18 | 19940 | 3 | " |
| 6 | 21800912/16.10.18 | 14225 | 2 | " |
| | ആകെ | 361357 | | |

മേൽ ഉത്തരവ് നം 1 ലെ ഖണ്ഡിക 48 (1) പ്രകാരം വർദ്ധിപ്പിച്ച് നൽകിയ ശമ്പളത്തിന് ആനുപാതികമായ പെൻഷൻ കോൺട്രിബ്യൂഷൻ സ്ഥാപനം അടവാക്കേണ്ടതാണ് എന്ന് നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ ഗ്രാമ പഞ്ചായത്ത് ശമ്പള കുടിശ്ശിക 1, 2,3 ഗഡുക്കൾ പ്രോവിഡന്റ് ഫണ്ടിൽ ലയിപ്പിക്കുകയും ജീവനക്കാർക്ക് IV-ാം ഗഡു പണമായി അനുവദിച്ചു നൽകി എങ്കിലും പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കിയിട്ടില്ല.

ശമ്പള കുടിശ്ശിക നൽകിയ ഇനത്തിൽ പെൻഷൻ കോൺട്രിബ്യൂഷൻ തുക അടവാക്കേണ്ടിയിരുന്നിട്ടും, ഇതിന് 2017-18, 2018-19 ബജറ്റിൽ വകയിരുത്തുകയോ, അടവാക്കുകയോ ചെയ്തിട്ടില്ല. ആയതിന് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 5/3.3.20) മറുപടി ലഭ്യമാക്കിയിട്ടില്ല.

ജീവനക്കാരുടെ പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-30 അസാധാരണ ചെലവുകൾ-നടപടിക്രമങ്ങൾ പാലിക്കേണ്ടതാണ്

2011 ലെ കേരള പഞ്ചായത്ത് രാജ് (അസാധാരണ ചെലവുകൾ) ചട്ടങ്ങൾ പ്രകാരം അസാധാരണ ചെലവുകൾ നടത്തുവാൻ അനുവദനീയമായ ഇനങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കിയിട്ടുണ്ട്. മുൻവർഷത്തെ മിച്ചഫണ്ടിന്റെ 20% വരെ (പരമാവധി 1 ലക്ഷം രൂപ) ആണ് അസാധാരണ ചെലവ് പരിധി. പഞ്ചായത്ത് അസാധാരണ ചെലവ് സംബന്ധിച്ച ഒരു രജിസ്റ്റർ എഴുതി സൂക്ഷിക്കേണ്ടതാണ്. ഇതിൽ ചെലവാക്കിയ തുക, പഞ്ചായത്ത് തീരുമാനം നമ്പർ, തിയതി, ആകെ ചെലവ് തുക എന്നിവ രേഖപ്പെടുത്തണം. ചെലവഴിച്ച തുകയുടെ രേഖകൾ കൃത്യമായി സൂക്ഷിക്കേണ്ടതാണ്. അസാധാരണ ചെലവുകളുടെ വാർഷിക കണക്ക് പ്രത്യേകമായി ഗ്രാമസഭകളിൽ അവതരിപ്പിക്കേണ്ടതാണ്.

ചെലവുകൾ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ടോ എന്നും ചെലവ് പരിധി പാലിക്കുന്നുണ്ടോ എന്നും മേലുദ്യോഗസ്ഥർ പരിശോധിക്കുകയോ ധനകാര്യ സ്റ്റാൻറിംഗ് കമ്മിറ്റി വിലയിരുത്തുകയോ ചെയ്തിട്ടില്ല എന്ന് പരിശോധനയിൽ കണ്ടെത്തി. 2018-19 വർഷത്തെ തനത്ഫണ്ട് ചെലവ് രേഖകളുടെ പരിശോധനയിൽ അസാധാരണ ചെലവിനങ്ങളുടെ പരിധിയിൽ ഉൾപ്പെടുന്ന തുകകൾ ദൈനംദിന ചെലവായി പരിഗണിക്കുന്നതായി കണ്ടെത്തി. അസാധാരണ ചെലവിന്റെ ഏതാനും ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു

| വൗച്ചർ നം./ തിയതി | തുക | ചെലവിനം |
|---|---|---|
| 21800333/12.6.18 | 3500 | ലക്ഷം വീട് കോളനി റോഡ് (MLA Fund) ഉദ്ഘാടനം |

| | | |
|---|---|---|
| 21800346/12.6.18 | 20000 | ഗംഗാനഗർ കുടിവെള്ളപദ്ധതി ഉത്ഘാടനം- മൈക്ക് |
| 21800459/4.7.18 | 700 | ഗംഗാനഗർ കുടിവെള്ളപദ്ധതി ഉത്ഘാടനം- നോട്ടീസ് |
| 21800505/6.7.18 | 1540 | ലൈഫ്, PMAY കുടുംബസംഗമം -ഫോട്ടോ |
| 21800509/7.7.18 | 1300 | " - ബാനർ |
| 21800584/31.7.18 | 2500 | കട്ടിൽ വിതരണം - മൈക്ക് |
| 218011099/7.12.18 | 5621 | SSLC , +2 വിജയിച്ച വിദ്യാർത്ഥികളെ അനുമോദിക്കൽ |

അസാധാരണ ചെലവ് നടത്തുമ്പോൾ ചട്ടങ്ങൾ പാലിക്കേണ്ടതാണ്.അസാധാരണചെലവിൽ ഉൾപ്പെടുന്ന ഇനങ്ങൾ കൃത്യമായി അക്കൗണ്ട് ചെയ്യേണ്ടതും നിയമാനുസൃത പരിധി പാലിക്കുന്നു എന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

# 1-31 പൊതുടാപ്പുകളുടെ വെള്ളക്കരം കുടിശ്ശിക

പൊതുടാപ്പുകളുടെ വെള്ളക്കരമിനത്തിൽ ഗ്രാമപഞ്ചായത്ത് 152688രൂപ വീതം പ്രതിമാസം വാട്ടർ അതോറിറ്റിയിൽ ഒടുക്കി വരുന്നുണ്ട്.5250 രൂപ നിരക്കിൽ 349 ടാപ്പുകൾക്കുള്ള തുകയാണ് നൽകുന്നത്. എന്നാൽ 4/19 ൽ വാട്ടർ അതോറിറ്റി നൽകിയ ഡിമാന്റ് നോട്ടീസ് പ്രകാരം 5102739 കുടിശ്ശികയും 100091 രൂപ ഫൈനും ഒടുക്കാനുണ്ട്. ജനുവരി /2020 ൽ കുടിശ്ശിക 5994036 രൂപയും ഫൈൻ 117488 രൂപയുമായി ഉയർന്നു. കുടിശ്ശിക ഏത് കാലയളവിലെയാണെന്നും നാളിതുവരെ കുടിശ്ശിക ഒടുക്കാതിരുന്നതിന്റെ കാരണവും അറിയിക്കേണ്ടതാണ്. 2018-19 ൽ പദ്ധതി ഫണ്ടിൽ നിന്നും വെള്ളക്കരം കുടിശ്ശികയായി തുക കുറവ് ചെയ്തിട്ടുണ്ട്. എന്നാൽ പ്രസ്തുത തുക വാട്ടർ അതോറിറ്റിയുടെ ഡിമാന്റ് നോട്ടീസിൽ നിന്നും കുറവ് ചെയ്ത് കാണുന്നില്ല. സമയബന്ധിതമായി നടപടികൾ സ്വീകരിക്കാത്തതിനാൽ, പ്രതിമാസം 1 ലക്ഷത്തിലധികം രൂപ ഫൈൻ ഇനത്തിൽ ഗ്രാമപഞ്ചായത്തിന് അധികബാധ്യത ഉണ്ടാകുന്നുണ്ടെങ്കിലും ഗ്രാമപഞ്ചായത്ത് കുടിശ്ശിക തീർപ്പാക്കുന്നതിനുള്ള നടപടികളൊന്നും സ്വീകരിച്ചിട്ടില്ല. വിശദീകരണം നൽകുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 5/3.3.20) മറുപടി ലഭ്യമാക്കിയിട്ടില്ല.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കുടിവെള്ള വിതരണ സംവിധാനം കാര്യക്ഷമമാക്കുന്നതിനായി സ.ഉ(സാധാരണ)നം.1275/09/ത.സ്വ.ഭ.വ തിയതി 30-5-2009 പ്രകാരം വിശദമായ മാർഗ്ഗരേഖ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. ജല അതോറിറ്റി പരിപാലിക്കുന്ന പൊതുടാപ്പുകളിലൂടെയുള്ള ജലവിതരണത്തിന്റെ ചെലവ് വഹിക്കുന്നത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളായതിനാൽ ജല അതോറിറ്റിയിലെ ഉദ്യോഗസ്ഥന്റെ സഹായത്തോടെ ഭൗതിക പരിശോധന നടത്തി ആകെയുള്ള പൊതു ടാപ്പുകൾ, ജലം ലഭ്യമാകുന്ന ടാപ്പുകൾ, പ്രവർത്തനക്ഷമമല്ലാത്ത ടാപ്പുകൾ എന്നിവയുടെ വിവരങ്ങൾ ശേഖരിക്കേണ്ടതാണെന്നും ഉപയോഗിക്കുന്ന ജലത്തിന് മാത്രമാണ് പണം നൽകുന്നതെന്ന് ഉറപ്പുവരുത്തേണ്ടതാണെന്നും സർക്കാർ നിർദ്ദേശം നൽകിയിരുന്നു.

വെള്ളക്കരം ഒടുക്കുന്നതിന്റെ കൃത്യത പരിശോധിക്കുന്നതിനായി പൊതുടാപ്പുകളുടെ വിശദാംശങ്ങൾ അടങ്ങിയ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

ഗാർഹിക കണക്ഷനുകൾക്ക് പ്രോൽസാഹനം നൽകി ഒരു പ്രദേശത്തെ മുഴവൻ വീടുകൾക്കും കുടിവെള്ളം ഉറപ്പാക്കുക എന്നതാണ് പതിമൂന്നാം പദ്ധതിയുടെ പദ്ധതിയുടെ സമീപനം. ഇപ്രകാരമുള്ള പദ്ധതികൾ നടപ്പിലാക്കിയിട്ടില്ല

ഓഡിറ്റ് നിർദേശങ്ങൾ

1. പൊതുടാപ്പുകളുടെ കൃത്യമായ കണക്ക് സംയുക്തപരിശോധനയിലൂടെ കണ്ടെത്തി നിലവിലുള്ള ടാപ്പുകൾക്കുള്ള വെള്ളക്കരം മാത്രം ഒടുക്കേണ്ടതാണ്.

2. കുടിശ്ശിക തുകയുടെ കൃത്യത പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണ്. സർക്കാരിന് അപേക്ഷ നൽകി പിഴപലിശ ഒഴിവാക്കുന്നതിന് ശ്രമിക്കാവുന്നതാണ്. കുടിശ്ശിക അടിയന്തിരമായി ഒടുക്കി ബാധ്യത തീർപ്പാക്കേണ്ടതാണ്.

3. ഗാർഹിക കണക്ഷനുകൾ അനുവദിച്ച് പൊതുടാപ്പുകൾ ഒഴിവാക്കുവാൻ ശ്രമിക്കേണ്ടതാണ്.

# 1-32 വാഹനങ്ങളുടെ ഉപയോഗം

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ വാഹനങ്ങളുടെ ഉപയോഗം സംബന്ധിച്ച മാർഗനിർദേശങ്ങൾ സ.ഉ(എം.എസ്)170/2007/ത.സ്വ.ഭ.വ തിയതി 30.6.2007 പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. ഇത് പ്രകാരം പഞ്ചായത്ത് സെക്രട്ടറിയാണ് തദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ വാഹനങ്ങളുടെ കസ്റ്റോഡിയൻ ഓഫീസർ. സർക്കാർ മാർഗനിർദേശങ്ങൾ പാലിച്ചിട്ടുണ്ടോ എന്ന് ലോഗ് ബുക്കുകൾ, രജിസ്റ്ററുകൾ, ചെലവ് രേഖകൾ എന്നിവ അടിസ്ഥാനമാക്കി പരിശോധിച്ചതിൽ കണ്ടെത്തിയ വിവരങ്ങൾ താഴെ ചേർക്കുന്നു.
വാഹനം – Bolero – KL09AP6040

- ഓരോ അർദ്ധ വർഷത്തിന്റെയും ആരംഭത്തിൽ, മുൻ അർദ്ധ വർഷത്തിൽ ഓരോ വാഹനത്തിനും ചെലവഴിച്ച തുക സംബന്ധിച്ച റിപ്പോർട്ട് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് നൽകേണ്ടതാണ്. എന്നാൽ ഇപ്രകാരമുള്ള റിപ്പോർട്ട് തയ്യാറാക്കി സമർപ്പിച്ചിട്ടില്ല.

- ഓരോ വാഹനത്തെ സംബന്ധിച്ചും കസ്റ്റോഡിയൻ ഓഫീസർ 1. ലോഗ് ബുക്ക് 2. ഇന്ധനത്തിനുള്ള ഓർഡർ ബുക്ക് 3. റിപ്പയർ രജിസ്റ്റർ 4. ഫ്യുവൽ രജിസ്റ്റർ എന്നിവ സൂക്ഷിക്കേണ്ടതാണ്. എന്നാൽ ലോഗ് ബുക്ക് മാത്രമാണ് ഗ്രാമ പഞ്ചായത്തിൽ സൂക്ഷിച്ചു വരുന്നത്.

- ഓരോ യാത്രയുടെയും വിശദവിവരങ്ങൾ ഡ്രൈവർ യഥാസമയം നിശ്ചിത ഫോറത്തിലുള്ള ലോഗ്ബുക്കിൽ രേഖപ്പെടുത്തേണ്ടതും,ആയത് യാത്ര ചെയ്തവർ സാക്ഷ്യപ്പെടുത്തേണ്ടതുമാണ്. കസ്റ്റോഡിയൻ ഓഫീസർ ഇടയ്ക്കിടെ ലോഗ് ബുക്ക് പരിശോധിച്ച് ക്രമപ്രകാരമാണെന്ന് സാക്ഷ്യപ്പെടുത്തേണ്ടതാണ്.എന്നാൽ സെക്രട്ടറി ലോഗ് ബുക്കിലെ രേഖപ്പെടുത്തലുകൾ പരിശോധിക്കുകയോ സാക്ഷ്യപ്പെടുത്തുകയോ ചെയ്തിട്ടില്ല വാഹനത്തിന്റെ ലോഗ്ബുക്കിൽ

സർവീസ് / റിപ്പയർ റിപ്പയർ എന്നിവ സംബന്ധിച്ച വിവരങ്ങളോ രേഖപ്പെടുത്തുന്നില്ല. കസ്റ്റോഡിയൻ ഓഫീസർ പരിശോധിച്ചതായും രേഖപ്പെടുത്തിയിട്ടില്ല

അപാകതകൾ പരിഹരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി -23/3.3.20 ന് മറുപടി ലഭ്യമായില്ല)

# 1-33 ലൈഫ് മിഷൻ - അവലോകനം

കേരളത്തിലെ എല്ലാ ഭവന രഹിതർക്കും ഭൂരഹിത-ഭവനരഹിതർക്കും ഭവനം പൂർത്തിയാക്കാത്തവർക്കും നിലവിലുള്ള പാർപ്പിടം വാസയോഗ്യമല്ലാത്തവർക്കും സുരക്ഷിതവും മാന്യവുമായ പാർപ്പിട സംവിധാനം ഒരുക്കി നൽകുക എന്നതാണ് സമ്പൂർണ്ണ പാർപ്പിട സുരക്ഷാ പദ്ധതി (ലൈഫ്) യുടെ ലക്ഷ്യം. ഭൂമിയുള്ള ഭവനരഹിതർ, ഭൂമിയില്ലാത്ത ഭവനരഹിതർ, ഭവനനിർമ്മാണം പൂർത്തിയാക്കാത്തവർ/വാസയോഗ്യമല്ലാത്ത ഭവനം ഉള്ളവർ, പുറമ്പോക്കിലോ, തീരദേശ മേഖലയിലോ, തോട്ടം മേഖലയിലോ താൽക്കാലിക ഭവനമുള്ളവർ എന്നിവരാണ് പദ്ധതിയുടെ ഗുണഭോക്താക്കൾ. വിവിധ വകുപ്പുകൾ മുഖേന നടപ്പിലാക്കികൊണ്ടിരിക്കുന്ന ഭവന പദ്ധതികൾ സംയോജിപ്പിച്ചാണ് പദ്ധതി നടപ്പാക്കുന്നത്.

സ.ഉ(എം.എസ്)നം.151/2017/തസ്വഭവ തിയതി 31-7-2017 പ്രകാരം ലൈഫ് മിഷൻ സമ്പൂർണ്ണ പാർപ്പിട പദ്ധതിയുടെ മാർഗ്ഗരേഖ അംഗീകരിച്ചിട്ടുണ്ട്.

ലൈഫ് മിഷൻ പദ്ധതി പ്രകാരം ഗ്രാമപഞ്ചായത്ത് ആവിഷ്കരിച്ച പദ്ധതികളുടെ നിർവ്വഹണം മാർഗ്ഗരേഖകൾക്ക് അനുസൃതമാണോ എന്ന് വിലയിരുത്തിയതിന്മേലുള്ള കണ്ടെത്തലുകളും ഓഡിറ്റ് നിർദ്ദേശങ്ങളും താഴെ ചേർക്കുന്നു.

ലൈഫ് രണ്ടാം ഘട്ടം-2018-19 വർഷം

സ.ഉ(കൈ)നം. 34/2018/തസ്വഭവ തിയതി 16-3-2018 പ്രകാരം 2018-19 വർഷത്തെ ധനസഹായം അനുവദിക്കുന്നതിനുള്ള മാർഗ്ഗരേഖ സർക്കാർ അംഗീകരിച്ചിട്ടുണ്ട്.

ലൈഫ് മിഷന്റെ രണ്ടാമത് ഘടകമാണ് വ്യക്തിഗത ഭവനങ്ങളുടെ നിർമ്മാണം. അംഗീകൃത ഗുണഭോക്തൃ പട്ടികയിലുള്ള സ്വന്തമായി ഭൂമിയുള്ള എല്ലാ ഭവനരഹിതർക്കും 2018-19 വർഷത്തിൽ തന്നെ ഭവന നിർമ്മാണത്തിന് ധനസഹായം നൽകുന്നതിനാണ് ലക്ഷ്യമിട്ടിരുന്നത്.

ഭവനങ്ങളുടെ വിസ്തീർണ്ണം 400 ച.അടി +/- 20% (പരമാവധി 420 ച.അടി) ആയിരിക്കേണ്ടതാണ്. 600 ച.അടി വരെ വിസ്തീർണ്ണത്തിൽ വീട് പൂർത്തീകരിച്ചവർക്ക് അവസാന ഗഡു നൽകാവുന്നതാണ്.

യൂണിറ്റ് നിരക്ക്

4 ലക്ഷം രൂപയാണ് ഭവന നിർമ്മാണത്തിനായുള്ള ധനസഹായം. പട്ടിക വർഗ്ഗ സങ്കേതങ്ങളിലെ ഗുണഭോക്താക്കൾക്ക് 6 ലക്ഷം രൂപയും ആവശ്യമെങ്കിൽ 20% തുക അധികമായും അനുവദിക്കാവുന്നതാണ്. ജനറൽ, പട്ടികജാതി വിഭാകക്കാർക്ക് 4 ഗഡുക്കളായും പട്ടിക വർഗ്ഗ വിഭാഗക്കാർക്ക് 5 ഗഡുക്കളായും തുക അനുവദിക്കുവാനാണ് നിർദ്ദേശിച്ചിട്ടുള്ളത്. ഒന്നാം ഗഡു വിതരണം ചെയ്തതു മുതൽ 6 മാസത്തിനുള്ളിൽ ഭവന നിർമ്മാണം പൂർത്തീകരിക്കേണ്ടതാണെന്ന് ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്.

2018-19 വർഷത്തിൽ ഗ്രാമപഞ്ചായത്തിലെ ലൈഫ് മിഷൻ പദ്ധതി നടത്തിപ്പിന്റെ പുരോഗതി വിവരം താഴെ ചേർക്കുന്നു.

<u>2018-19 വർഷത്തിൽ ആവിഷ്കരിച്ച പദ്ധതികൾ</u>

അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റിൽ ജനറൽ വിഭാഗത്തിൽ 719 ഉം എസ്.സി വിഭാഗത്തിൽ 44 മാണ് ഗുണഭോക്താക്കളായുള്ളത്. ആയതിൽ ആകെ 381 (ജനറൽ) & 24 (എസ്.സി) പേരാണ് തൻവർഷം എഗ്രിമെന്റ് വെച്ചിട്ടുള്ളത്. ഒരു ഗുണഭോക്താവിന് 400000/- രൂപയാണ് പദ്ധതി പ്രകാരം വകയിരുത്തിയിട്ടുള്ളത്.

ഭൂമിയുള്ള ഗുണഭോക്താക്കൾക്ക് വ്യക്തിഗത ഭവനങ്ങൾ നിർമ്മിക്കുന്നതിനായി തൻ വർഷം ആവിഷ്കരിച്ച് 2 പദ്ധതികളുടെ വിവരം താഴെ ചേർക്കുന്നു.

<u>a) ലൈഫ് മിഷൻ ഭവനനിർമ്മാണം പദ്ധതി - ജനറൽ. (136/19)-</u>

നിർവ്വഹണ ഉദ്യോഗസ്ഥൻ - വി.ഇ.ഒ
ഈ പദ്ധതിക്കായി 2018-19 വർഷം ചെലവഴിച്ച തുകയുടെ വിവരം ചുവടെ കൊടുക്കുന്നു.

| ഫണ്ട് | അടങ്കൽ | ചെലവ് |
|---|---|---|
| പ്ലാൻ ഫണ്ട് | 5200000 | 5200000 |
| ബ്ലോക്ക് പഞ്ചായത്ത് | 2134394 | 800000 |
| ജില്ലാ പഞ്ചായത്ത് | 4131306 | 1840000 |
| മറ്റിനം(വായ്പ്പ) | 192534300 | 1913602 |
| ആകെ | 204000000 | 9753602 |

പദ്ധതി പ്രകാരം 18-19, 19-20 വർഷങ്ങളിലായി (1.3.20 വരെ) വിവിധ ഗഡുക്കളായി ധനസഹായം കൈപ്പറ്റിയവരുടെ എണ്ണം താഴെ പറയും പ്രകാരമാണ്.

| ഗഡു | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|
| I | 372 |
| II | 230 |
| III | 22 |
| ആകെ അനുവദിച്ച തുക - 55200000<br>വിവിധ ഗുണഭോക്താക്കൾക്ക് വ്യത്യസ്ത തുകകളാണ് ഗഡുക്കളായി നൽകിയിട്ടുള്ളത് | |

<u>b) പദ്ധതി - ലൈഫ് മിഷൻ ( 140/19)-എസ്.സി.പി</u>

നിർവ്വഹണ ഉദ്യോഗസ്ഥൻ - വി.ഇ.ഒ
ഈ പദ്ധതിക്കായി 2018-19 വർഷം ചെലവഴിച്ച തുകയുടെ വിവരം ചുവടെ കൊടുക്കുന്നു.

| ഫണ്ട് | അടങ്കൽ | ചെലവ് |
|---|---|---|
| പ്ലാൻ ഫണ്ട്(എസ്.സി.പി) | 2165000 | 440000 |
| ബ്ലോക്ക് പഞ്ചായത്ത് | 2707359 | 0 |
| ജില്ലാ പഞ്ചായത്ത് | 1950195 | 0 |
| ആകെ | | 440000 |

പദ്ധതി പ്രകാരം 18-19, 19-20 വർഷങ്ങളിലായി (1.3.20 വരെ) ധനസഹായം കൈപ്പറ്റിയവരുടെ എണ്ണം താഴെ പറയും പ്രകാരമാണ്.

| ഗഡു | ഗുണഭോക്താക്കളുടെ എണ്ണം | ഗഡു സംഖ്യ |
|---|---|---|
| I | 22 | 40000 |
| II | 19 | 160000 |
| III | 12 | 100000 |
| IV | 11 | 1000000 |
| ആകെ6740000 | | |

<u>ഹഡ്കോ ലോൺ ലഭ്യമായതിന്റേയും ചെലവിന്റേയും വിവരം</u>

44480000രൂപ ഹഡ്കോയിൽ നിന്നും KURDFC മുഖേന നാളിതുവരെ വായ്പ ലഭ്യമായിട്ടുണ്ട്.

വായ്പയുടെ തിരിച്ചടവ് ആരംഭിച്ചിട്ടില്ല.

<u>സർക്കാർ വിഹിതം</u>

സർക്കാർ വിഹിതമായി ഓരോ ഗുണഭോക്താവിനും 1 ലക്ഷം രൂപ വീതം ലഭ്യമാകുമെന്ന് മാർഗ്ഗരേഖയിൽ വ്യക്തമാക്കിയിട്ടുണ്ട്. തൻവർഷം സർക്കാരിൽ നിന്നും തുകയൊന്നും ലഭ്യമായിട്ടില്ല.

<u>മോണിറ്ററിംഗ്</u>

ലൈഫ് മിഷൻ പദ്ധതിയുടെ പുരോഗതി ഉറപ്പാക്കേണ്ടതിന്റെ പൂർണ്ണ ചുമതല സെക്രട്ടറിക്കാണ്. ഭൂമിയുള്ള ഭവന രഹിതരുടെ വ്യക്തിഗത ഭവന നിർമ്മാണം സമയബന്ധിതമായി പൂർത്തിയാക്കുന്നതിന്റെ മേൽനോട്ടച്ചുമതലയും സെക്രട്ടറിക്കാണ്.

രണ്ടാം ഘട്ടത്തിൽ ഏറ്റെടുത്ത പദ്ധതികളുടെ പുരോഗതി കൃത്യമായ വിലയിരുത്തൽ നടത്തിയതിന് രേഖകളില്ല. 2019-20 വർഷത്തിൽ പദ്ധതികൾ തുടർന്നു വരുന്നുണ്ട്.

<u>ഓഡിറ്റ് നിർദ്ദേശം</u>

1. വിവിധ ഘട്ടങ്ങളിലുള്ള ഭവനങ്ങളുടെ നിർമ്മാണ പൂർത്തീകരണം ഉറപ്പാക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിച്ച് പദ്ധതിയുടെ ലക്ഷ്യം കൈവരിക്കേണ്ടതാണ്.
2. സർക്കാരിൽ നിന്നും മറ്റ് സ്രോതസ്സുകളിൽ നിന്നും ലഭ്യമാകുവാനുള്ള തുക ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.
3. പദ്ധതിയുടെ മോണിറ്ററിംഗ് കാര്യക്ഷമമാക്കേണ്ടതാണ്.
4. പദ്ധതി നടത്തിപ്പിൽ പൊതുജന പങ്കാളിത്തം ഉറപ്പാക്കേണ്ടതാണ്.
5. ലൈഫ് മിഷൻ മാർഗ്ഗരേഖയ്ക്കനുസരിച്ചും കാലാകാലങ്ങളിലുള്ള സർക്കാർ ഉത്തരവ് പ്രകാരവും പദ്ധതി പ്രവർത്തനങ്ങൾ നടത്തേണ്ടതാണ്.
   തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-34 പാലിയേറ്റീവ് യൂണിറ്റിനായി വാങ്ങിയ കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും നാളിതുവരെ കൈമാറിയിട്ടില്ല

| | |
|---|---|
| പ്രോജക്റ്റ് നമ്പരും പേരും | 6/19: പാലിയേറ്റീവ് യൂണിറ്റിന് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി |
| അടങ്കൽ/ ഫണ്ടിനം | 50000/-(മെയിന്റനൻസ് ഫണ്ട് - നോൺ റോഡ്) |
| ചെലവ് / ബിൽ നം | 49996/- (20/23.3.19) |

2018-19 സാമ്പത്തിക വർഷം പാലിയേറ്റീവ് യൂണിറ്റിന് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ പദ്ധതി പ്രകാരം കമ്പ്യൂട്ടർ ഡെസ്ക്ടോപ്പ്, യു.പി.എസ്, പ്രിന്റർ എന്നിവ ഓൺലൈൻ സർക്കാർ പോർട്ടൽ സംവിധാനത്തിലൂടെ കെൽട്രോൺ ഐ.ടി ബിസിനസ്സ് ഗ്രൂപ്പ് എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങിയിട്ടുണ്ട്. മെഡിക്കൽ ഓഫീസറുടെ സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതിൽ ടി ഉപകരണങ്ങൾ ഹെൽത്ത് ഇൻസ്പെക്ടർക്ക് നൽകിയിട്ടുള്ളതായാണ് രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ നേരിൽ പരിശോധിച്ചതിൽ പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ

തന്നെ സൂക്ഷിച്ചിട്ടുള്ളതായി ബോധ്യപ്പെട്ടു. ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണത്തിനുള്ള {നം.18(2)} മറുപടിയിൽ ഹോസ്പിറ്റൽ പുതിയ കെട്ടിടത്തിലേക്ക് മാറുന്ന മുറയ്ക്ക് കമ്പ്യൂട്ടർ പാലിയേറ്റീവ് യൂണിറ്റിനായുള്ള മുറിയിൽ തന്നെ സൂക്ഷിക്കുന്നതാണെന്ന് പരാമർശിച്ചിട്ടുണ്ട്. പാലിയേറ്റീവ് യൂണിറ്റിന്റെ ആവശ്യത്തിനായി വാങ്ങിയ ഉപകരണങ്ങൾ എത്രയും പെട്ടെന്ന് പാലിയേറ്റീവ് വിഭാഗത്തിന് കൈമാറുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

# 1-35 പി. എച്ച്.സി യുടെ ഭൗതിക സൗകര്യങ്ങൾ വർദ്ധിപ്പിക്കൽ പദ്ധതി - ഉപകരണങ്ങൾ വാങ്ങിയത് ക്രമപ്രകാരമല്ല

| | |
|---|---|
| പ്രോജക്റ്റ് നമ്പരും പേരും | 14/19: പി.എച്ച്.സി യുടെ ഭൗതിക സാഹചര്യം വർദ്ധിപ്പിക്കൽ |
| അടങ്കൽ (₹) | 75000/-(മെയ്ന്റനൻസ് ഫണ്ട് - നോൺ റോഡ്) |
| ചെലവ് (₹) | 74400/- |
| ട്രഷറി ബിൽ നം. | 16/18-19, 74400/- തി.05-01-2019 |

2018-19 സാമ്പത്തിക വർഷത്തിൽ പി. എച്ച്.സി യുടെ ഭൗതിക സൗകര്യങ്ങൾ വർദ്ധിപ്പിക്കൽ പദ്ധതി പ്രകാരം പ്രാഥമികാരോഗ്യ കേന്ദ്രത്തിലേക്ക് ഫോട്ടോകോപ്പിയർ മെഷീനും അനുബന്ധ ഉപകരണങ്ങളും വാങ്ങിയിട്ടുണ്ട്. സംസ്ഥാനത്തെ സർക്കാർ വകുപ്പുകൾക്കും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും വിവിധ കമ്മീഷനുകൾക്കും സ്വയംഭരണ സ്ഥാപനങ്ങൾക്കും പൊതുമേഖല സ്ഥാപനങ്ങൾക്കും കമ്പ്യൂട്ടറുകൾ, ലാപ്ടോപ്പുകൾ, പ്രിന്ററുകൾ, സ്കാനറുകൾ തുടങ്ങിയ ഐ.ടി ഉപകരണങ്ങൾ ഒരു ഓൺലൈൻ സർക്കാർ പോർട്ടൽ (www.cprcs.kerala.gov.in) സംവിധാനത്തിലൂടെ വാങ്ങുന്നതിനായി ഒരു കേന്ദ്രീകൃത പർച്ചേസ് സംവിധാനം 01-02-2018 ലെ സ.ഉ.(സാധാ)നം. 25/2018/ITD നമ്പർ ഉത്തരവ് പ്രകാരം രൂപീകരിച്ചിട്ടുള്ള സാഹചര്യത്തിൽ, ടി സംവിധാനത്തിലൂടെ അല്ലാതെ ക്വട്ടേഷൻ മുഖേന ഉപകരണങ്ങൾ വാങ്ങിയത് അംഗീകരിക്കാവുന്നതല്ല. സർക്കാർ ഉത്തരവ് പ്രകാരമുള്ള നിർദ്ദേശങ്ങൾ പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

# 1-36 സമഗ്ര നെൽകൃഷി വികസനം പദ്ധതി -

# ഗുണഭോക്താവിന്റെ അക്കൗണ്ടിലേക്ക് തുക ട്രാൻസ്ഫർ ചെയ്തതിലുള്ള അപാകത

| | |
|---|---|
| പ്രോജക്റ്റ് നമ്പരും പേരും | 168/19: സമഗ്ര നെൽകൃഷി വിതരണം (സമൃതി) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | കൃഷി ഓഫീസർ |
| അടങ്കൽ (₹) | 5270000/- |
| ചെലവ് (₹) | 4635095/- |

ചെലവിന്റെ വിശദ വിവരം

| ഇനം | തുക |
|---|---:|
| വികസന ഫണ്ട് | 2603584 |
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 1072064 |
| ജില്ലാ പഞ്ചായത്ത് വിഹിതം | 959447 |
| ആകെ | 4635095 |

തുക പിൻവലിച്ചതിന്റെ വിവരം

| ബിൽ നം./ചെക്ക് നം | തുക |
|---|---:|
| 3/27.3.19/Dev Fund | 1036490 |
| 4/27.3.19/Dev Fund | 1018402 |
| 5/27.3.19/Dev Fund | 548692 |
| 1597933/16.3.19/BP share | 97602 |
| 1597936/20.3.19/BP share | 97300 |
| 1597937/21.3.19/BP share | 400490 |
| 1597939/22.3.19/BP share | 476672 |
| 1437862/30.319/DP Share | 959447 |
| ആകെ | 4635095 |

2018-19 സാമ്പത്തിക വർഷത്തിൽ സമഗ്ര നെൽകൃഷി വികസനം പദ്ധതി പ്രകാരം പിരായിരി പഞ്ചായത്തിലെ 18 പാടശേഖരങ്ങളിലെ കർഷകർക്കായി ഉഴവു കൂലി ഹെക്ടറിന് 17000/- രൂപ

എന്ന നിരക്കിൽ നൽകുവാനാണ് പദ്ധതി ലക്ഷ്യമിട്ടിരിക്കുന്നത്. ടി പദ്ധതിയുടെ ഗുണഭോക്താവായ കോമളം എന്ന വ്യക്തിയുടെ അക്കൗണ്ട് നമ്പർ തെറ്റായി നൽകിയിട്ടുള്ളതിനാൽ ഗുണഭോക്താവിന് ലഭിക്കേണ്ട പ്ലാൻ ഫണ്ട് വിഹിതവും, ബ്ലോക്ക് പഞ്ചായത്ത് വിഹിതവും ബി.സുനിത എന്ന ഗുണഭോക്താവിന്റെ അക്കൗണ്ടിലേക്കാണ് ട്രാൻസ്ഫർ ആയിട്ടുള്ളത്. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ഗുണഭോക്താവിന്റെ പേര് | അക്കൗണ്ട് നം. |
|---|---|
| ബി.സുനിത | 4069610101226 |
| കോമളം | 40696101003925 |

തുക നൽകിയതിന്റ വിവരം

| ഗുണഭോക്താവിന്റെ പേര് | അക്കൗണ്ട് നം. | തുക | ഫണ്ടിനം |
|---|---|---|---|
| ബി.സുനിത | 4069610101226 | 1190 | പ്ലാൻ ഫണ്ട് |
| കോമളം | 4069610101226 | 4930 | പ്ലാൻ ഫണ്ട് |
| ബി.സുനിത | 4069610101226 | 490 | ബ്ലോക്ക് പഞ്ചായത്ത് വിഹിതം |
| കോമളം | 4069610101226 | 2030 | ബ്ലോക്ക് പഞ്ചായത്ത് വിഹിതം |

സുനിത എന്ന ഗുണഭോക്താവിന്റെ അക്കൗണ്ടിലേക്ക് തെറ്റായി ട്രാൻസ്ഫർ ചെയ്ത തുക തിരികെ ഈടാക്കി, കോമളം എന്ന ഗുണഭോക്താവിന് അർഹമായ തുക ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതും വിവരം രേഖകൾ സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

# 1-37 അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പാക്കിയ പദ്ധതികൾ- പൊതുവായ കാര്യങ്ങൾ

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി അംഗീകാരം ലഭിച്ച പ്രൊജക്ടുകളുടെയും പൂർത്തിയാക്കി ബിൽ തുക നൽകിയതിന്റെയും ചെലവഴിച്ച തുകയുടെയും വിശദവിവങ്ങൾ ചുവടെ ചേർക്കുന്നു.

| | സ്പിൽ | പുതിയത് | ആകെ |
|---|---|---|---|

| | | | |
|---|---|---|---|
| | ഓവർ | | |
| അംഗീകാരം ലഭിച്ചത് | 55 | 112 | 167 |
| പൂർത്തിയാക്കി ബിൽ തുക അനുവദിച്ചത് | 49 | 85 | 134 |

25.3.19ന് ട്രഷറിയിൽ സമർപ്പിച്ച 11 ബില്ലുകൾ ക്യൂ ബിൽ ആയി 2019-20ൽ മാറിയിട്ടുണ്ട്

ചെലവഴിച്ച തുകയുടെ വിവരം:

| ഫണ്ടിനം | അടങ്കൽ | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 3864000 | 2183317 | 56.5 |
| വികസന ഫണ്ട് (എസ്.സി.പി) | 5952500 | 4370338 | 73.42 |
| ധനകാര്യ കമ്മീഷൻ അവാർഡ് | 13538400 | 10694751 | 79 |
| കേന്ദ്രാവിഷ്കൃത ഫണ്ട് | 560000 | 0 | 0 |
| മെയിന്റനൻസ് ഫണ്ട് (റോഡ്) | 9667709 | 9417592 | 97.41 |
| മെയിന്റനൻസ് ഫണ്ട് (റോഡിതരം) | 5199000 | 3243091 | 62.38 |
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 500000 | 0 | 0 |
| തനത് ഫണ്ട് | 3285500 | 1787515 | 54.41 |
| ആകെ | 42567109 | 31696604 | 74.46 |

ഏറ്റെടുത്ത പ്രവൃത്തികളിൽ 80%പൂർത്തീകരിച്ചപ്പോൾ വകയിരുത്തിയ തുകയുടെ 74.46% മാത്രമാണ് ചെലവഴിക്കാനായത്. ത്രിതല പഞ്ചായത്തിന്റെ പ്രവർത്തനങ്ങൾക്കായി തയ്യാറാക്കപ്പെട്ട ബഡ്ജറ്റ് മാന്വലിലെ സമയക്രമമനുസരിച്ച് തുടർ വർഷങ്ങളിൽ പദ്ധതി ആവിഷ്കരിച്ച് സമയബന്ധിതമായി പൂർത്തീകരിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. ഗ്രാമ പഞ്ചായത്തിന് ലഭിച്ച പ്ലാൻ(എസ്.സി.പി.) വിഹിതത്തിൽ ₹.4786944/- ഈ വർഷം ചെലവഴിക്കാതെ നഷ്ടപ്പെട്ടിട്ടുണ്ട്. ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്നും നഷ്ടമായത് ₹.2364277/- ആണ്. സർക്കാരിൽ നിന്നും ലഭിക്കുന്ന ഗ്രാന്റുകൾ പൂർണ്ണമായും ചെലവഴിച്ച് ഗ്രാമ പഞ്ചായത്തിന്റെ സുസ്ഥിര വികസനം ഉറപ്പാക്കാൻ സമയബന്ധിതമായി പ്രൊജക്ടുകൾ പൂർത്തീകരിക്കേണ്ടത് അനിവാര്യമാണ്. സ്പിൽ ഓവർ പ്രവൃത്തികൾക്ക്

പ്രത്യേകം ഫണ്ട് ലഭിക്കാതിരുന്നതാണ് വകയിരുത്തിയ തുകയും ചെലവഴിച്ച തുകയും തമ്മിൽ 25.54% വ്യത്യാസമുണ്ടാവാനുള്ള കാരണം. ഫണ്ടിന്റെ ലഭ്യത ഉറപ്പാക്കിമാത്രം പ്രവൃത്തി ഏറ്റെടുക്കുകയും ഏറ്റെടുത്ത പ്രവൃത്തികൾ മുഴുവൻ അതാതു വർഷം പൂർത്തീകരിച്ച് സർക്കാർ ഫണ്ടുകളുടെ 100% വിനിയോഗം ഉറപ്പുവരുത്തുകയും വേണം.

31.03.19 വരെ ഗ്രാമ പഞ്ചായത്ത് ആർജ്ജിച്ച ആസ്തികൾ ഉൾപ്പെടുത്തി ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടുണ്ട്.

# 1-38 കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങൾ പ്രകാരം പണി സ്ഥലത്ത് സ്ഥാപിക്കേണ്ട ബോർഡ് നിർബന്ധമായും സ്ഥാപിക്കണം:

കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങൾ ചട്ടം.17ൽ പഞ്ചായത്ത് നടത്തുന്ന പൊതുമരാമത്ത് പണിയുടെ സംക്ഷിപ്ത വിവരം അടങ്ങിയ ഒരു നോട്ടീസ് അതത് പണിസ്ഥലത്ത് പ്രകടമായി കാണാവുന്ന തരത്തിലും സ്ഥലത്തും പ്രദർശിപ്പിച്ചിരിക്കേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്.

29.03.2017ലെ സർക്കാർ ഉത്തരവ് (കൈയ്യെഴുത്ത്) നം.72/2017/ത.സ്വ.ഭ.വ ഖണ്ഡിക6.6(5)ൽ നിർമ്മാണ പ്രവൃത്തികളുടെ പൊതുവിവരങ്ങൾ അടങ്ങുന്ന ബോർഡ് പ്രവൃത്തിസ്ഥലത്ത് സ്ഥാപിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. അസിസ്റ്റന്റ് എഞ്ചിനീയറും കരാറുകാരനം ഒപ്പുവെക്കുന്ന കരാറിന്റെ ഖണ്ഡിക 26ൽ പ്രവൃത്തി സ്ഥലത്ത് വിവരങ്ങൾ കാണിക്കുന്ന ബോർഡ് സ്ഥാപിക്കുന്നതാണെന്ന് കരാറുകാരൻ സമ്മതിക്കുന്നുണ്ട്. എന്നാൽ ഗ്രാമ പഞ്ചായത്ത് 2018-19ൽ പൂർത്തീകരിച്ച പ്രവൃത്തികളുടെ നിർവ്വഹണ സ്ഥലത്ത് ചട്ടപ്രകാരമുള്ള എല്ലാ വിവരങ്ങളും ഉൾപ്പെടുത്തി ബോർഡ് സ്ഥാപിച്ചതായി കാണുന്നില്ല. കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങൾ ചട്ടം-17ൽ പറയും പ്രകാരമുള്ള വിവരങ്ങൾ ഉൾപ്പെടുത്തി പ്രവൃത്തി സ്ഥലത്ത് ബോർഡ് സ്ഥാപിക്കേണ്ടതുമാണ്.

ചട്ടപ്രകാരം താഴെ പറയുന്ന വിവരങ്ങൾ ബോർഡിൽ ഉൾപ്പെടുത്തേണ്ടതാണ്.

1. പ്രവൃത്തിയുടെ പേര്:

2. പ്രവൃത്തി നിർവ്വഹിക്കുന്നത് നേരിട്ടോ, കരാർ മുഖേനയോ, ഗുണഭോക്തൃക്കമ്മറ്റി മുഖേനയോ എന്നത്.

3. കരാറുകാരന്റെ / ഗുണഭോക്തൃക്കമ്മറ്റി കൺവീനറിടേയും നിർവ്വഹണക്കമ്മറ്റി അംഗങ്ങളുടേയും പേരും വിലാസവും.

4. എസ്റ്റിമേറ്റ് തുകയും പൂർത്തീകരണ കാലയളവും.

5. പ്രവൃത്തി ആരംഭിക്കുന്ന തീയതിയും പൂർത്തീകരിക്കുന്ന തീയതിയും.

6. പ്രവൃത്തിക്കാവശ്യമായ സാധന സാമഗ്രികളുടേയും അവയുടെ ഗുണനിലവാരത്തിന്റെയും അവ എവിടെനിന്ന് എങ്ങനെ കൊണ്ടുവരും എന്നതിന്റെയും വിവരം.

7. കരാറുകാരന് അനുവദിച്ച ടെണ്ടർ നിരക്ക്.

8. ഗ്രാമ പഞ്ചായത്ത് നേരിട്ടോ ഗുണഭോക്തൃക്കമ്മറ്റി മുഖേനയോ നടപ്പാക്കുന്ന പ്രവൃത്തികളുടെ കാര്യത്തിൽ സാധന സാമഗ്രികളുടെ മാർക്കറ്റ് നിരക്ക്, ആവശ്യമായ തൊഴിലാളികളുടെ എണ്ണം, കൂലി നിരക്ക് തുടങ്ങിയ വിവരങ്ങൾ.

9. ഈ പ്രവൃത്തിക്കായി അനുവദിച്ച മുൻകൂർ തുകയുടെ വിവരം.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം.6(4)/24-01-2020നുള്ള മറുപടിയിൽ ഇനി മുതൽ നടപ്പാക്കുന്ന പ്രവൃത്തികളുടെ നിർവ്വഹണ സ്ഥലത്ത് ബോർഡ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

ഈ ചട്ടങ്ങളിൽ മറ്റു വിധത്തിൽ പ്രത്യക്ഷമായി പറഞ്ഞിട്ടുള്ള സംഗതികളിൽ ഒഴികെ ഒരു പൊതുമരാമത്ത് പണിയെ സംബന്ധിച്ച പ്ലാനും എസ്റ്റിമേറ്റും തയ്യാറാക്കൽ, ടെൻഡർ ക്ഷണിക്കൽ, പണിയുടെ നടത്തിപ്പ്, പണം നൽകൽ, അക്കൗണ്ട്സ് തയ്യാറാക്കൽ എന്നിവയ്ക്ക് സർക്കാരിന്റെ പൊതുമരാമത്ത് വകുപ്പിൽ തൽസമയം അനുവർത്തിച്ചുവരുന്ന നടപടിക്രമം പാലിക്കേണ്ടതാണ്.

സർക്കാർ ഉത്തരവ് (കൈയ്യെഴുത്ത്) നം.72/2017/ത.സ്വ.ഭ.വ ഖണ്ഡിക 6.6ൽ ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളിൽ 1997-ലെ കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങൾ

പ്രകാരമായിരിക്കണം നിർമ്മാണ പ്രവൃത്തികൾ നടത്തേണ്ടത് എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. മേലിൽ നടത്തുന്ന എല്ലാ നിർമ്മാണ പ്രവൃത്തികളുടെയും നിർവ്വഹണ സ്ഥലത്ത് ചട്ടപ്രകാരമുള്ള വിവരങ്ങൾ ഉൾപ്പെടുത്തിയ ബോർഡ് നിർബന്ധമായും സ്ഥാപിക്കേണ്ടതാണ്.

# 1-39 ബിറ്റുമെൻ ബാരൽ വില ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടക്കണം:

2018-19 വർഷം പിരായിരി ഗ്രാമ പഞ്ചായത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ ബിൽ തുക നൽകിയ ടാറിങ്ങ് പ്രവൃത്തികളുടെ എസ്റ്റിമേറ്റിൽ പാക്ക്ഡ് ബിറ്റുമെൻ റേറ്റാണ് ഉൾപ്പെടുത്തിയിരുന്നത്. ഈ പ്രവൃത്തികളുടെ അവസാന ബില്ലിൽ നിന്നും ബിറ്റുമെൻ ബാരൽവില ഈടാക്കിയിരുന്നില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.14/28-02-2020) ബാരൽ വില ബന്ധപ്പെട്ട കരാറുകാരിൽ നിന്നും ഈടാക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചുവരുന്നതായും തുക ഈടാക്കിയ ശേഷം രസീതി സമർപ്പിക്കുന്നതാണെന്നും അസിസ്റ്റന്റ് എഞ്ചിനീയർ മറുപടി നൽകിയിട്ടുണ്ട്. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

A

| | |
|---|---|
| പ്രൊജക്ട് നം/ പേര് | 281/19(162/18): വേങ്ങരപ്പറമ്പ് റോഡ് അറ്റകുറ്റപ്പണി (വാർഡ്-19) |
| വകയിരുത്തിയ തുക/ ഫണ്ടിനം | ₹.200,000/- (റോഡ് മെയിന്റനൻസ് ഗ്രാന്റ്) |
| ചെലവ് തുക/ ബിൽ നം. | ₹.200,000 /- (21/11.7.18) |
| ഉപയോഗിച്ച ബിറ്റുമെൻ ബാരലുകളുടെ എണ്ണം/അളവ് പുസ്തകത്തിന്റെ വിവരം | 7(134/17-18) |
| ഈടാക്കേണ്ട തുക | 7*250 = ₹.1750/- |
| കരാറുകാരൻ | സുരേഷ് കുമാർ. വി.എസ്. |

B.

| | |
|---|---|
| പ്രൊജക്ട് നം/ പേര് | 267/19(147/18): കൽപ്പടി ശങ്കരച്ചൻതൊടി അറ്റകുറ്റപ്പണി (വാർഡ്-2) |
| വകയിരുത്തിയ തുക/ ഫണ്ടിനം | ₹.250,000/- (റോഡ് മെയിന്റനൻസ് ഗ്രാന്റ്) |
| ചെലവ് തുക/ ബിൽ നം. | ₹.250,000 /- (22/11.7.18) |
| ഉപയോഗിച്ച ബിറ്റുമെൻ ബാരലുകളുടെ എണ്ണം/അളവ് പുസ്തകത്തിന്റെ വിവരം | 8(157/17-18) |
| ഈടാക്കേണ്ട തുക | 8*250 = ₹.2000/- |
| | |

| | |
|---|---|
| കരാറുകാരൻ | എ. മോഹൻദാസ് |

C.

| | |
|---|---|
| പ്രൊജക്ട് നം/ പേര് | 278/19(150/18): മോഴിപ്പുലം ഗ്രാമോദയം റോഡ് അറ്റകുറ്റപ്പണി (വാർഡ്-7) |
| വകയിരുത്തിയ തുക/ ഫണ്ടിനം | ₹.400,000/- (റോഡ് മെയിന്റനൻസ് ഗ്രാന്റ്) |
| ചെലവു തുക/ ബിൽ നം. | ₹.370707/- (23/11.7.18) |
| ഉപയോഗിച്ച ബിറ്റുമെൻ ബാരലുകളുടെ എണ്ണം/അളവു പുസ്തകത്തിന്റെ വിവരം | 16(155/17-18) |
| ഈടാക്കേണ്ട തുക | 16*250 = ₹.4000/- |
| കരാറുകാരൻ | സുരേഷ് കുമാർ വി. എസ്. |

D.

| | |
|---|---|
| പ്രൊജക്ട് നം/ പേര് | 263/19(143/18): ആന്ത്രാം കുന്ന് ഹൈവേ കോളനി റോഡ് അറ്റകുറ്റപ്പണി (വാർഡ്-3) |
| വകയിരുത്തിയ തുക/ ഫണ്ടിനം | ₹.345,000/- (റോഡ് മെയിന്റനൻസ് ഗ്രാന്റ്)<br>₹.87000/- (തനത് ഫണ്ട്) |
| ചെലവു തുക/ ബിൽ നം. | ₹.345,000 /- (24/11.7.18)<br>₹.31,472/- (Vr. No. 21800533) |
| ഉപയോഗിച്ച ബിറ്റുമെൻ ബാരലുകളുടെ എണ്ണം/അളവു പുസ്തകത്തിന്റെ വിവരം | 12(147/17-18) |
| ഈടാക്കേണ്ട തുക | 12*250 = ₹.3000/- |
| കരാറുകാരൻ | അനന്ത കൃഷ്ണൻ. എം |

E.

| | |
|---|---|
| പ്രൊജക്റ്റ് നം/ പേര് | 275/19(155/18): കണ്ണോട്ടുകാവ് - ഉപാസന നഗർ പുനരുദ്ധാരണം (വാർഡ്-10) |
| വകയിരുത്തിയ തുക/ ഫണ്ടിനം | ₹.400,000/- (റോഡ് മെയിന്റനൻസ് ഗ്രാന്റ്) |
| ചെലവ് തുക/ ബിൽ നം. | ₹.400,000 /- (25/11.7.18) |
| ഉപയോഗിച്ച ബിറ്റുമെൻ ബാരലുകളുടെ എണ്ണം/അളവ് പുസ്തകത്തിന്റെ വിവരം | 12(150/17-18) |
| ഈടാക്കേണ്ട തുക | 12*250 = ₹.3000/- |
| കരാറുകാരൻ | അനന്ത കൃഷ്ണൻ. എം |

F.

| | |
|---|---|
| പ്രൊജക്റ്റ് നം/ പേര് | 272/19(152/18): ഉമാ നഗർ റോഡ് അറ്റകുറ്റപ്പണി (വാർഡ്-14) |
| വകയിരുത്തിയ തുക/ ഫണ്ടിനം | ₹.491,000/- (റോഡ് മെയിന്റനൻസ് ഗ്രാന്റ്) |
| ചെലവ് തുക/ ബിൽ നം. | ₹.489051/- (26/11.7.18) |
| ഉപയോഗിച്ച ബിറ്റുമെൻ ബാരലുകളുടെ എണ്ണം/അളവ് പുസ്തകത്തിന്റെ വിവരം | 13(132/17-18 Vol.I&II ) |
| ഈടാക്കേണ്ട തുക | 13*250 = ₹.3250/- |
| കരാറുകാരൻ | രമണൻ. കെ |

G.

| | |
|---|---|
| പ്രൊജക്റ്റ് നം/ പേര് | 260/19(137/18): നെടുങ്ങോട് ആലക്കൽ പറമ്പ് റോഡ് ടാറിങ്ങ് (വാർഡ്-6) |
| വകയിരുത്തിയ തുക/ ഫണ്ടിനം | ₹.350,000/- (റോഡ് മെയിന്റനൻസ് ഗ്രാന്റ്) |

| | |
|---|---|
| | ₹.83671/- (ധനകാര്യ കമ്മീഷൻ അവാർഡ്) |
| ചെലവു തുക/ ബിൽ നം. | ₹.350,000/- (27/11.7.18)<br>₹.83671/- 28/11.7.18 |
| ഉപയോഗിച്ച ബിറ്റുമെൻ ബാരലുകളുടെ എണ്ണം/അളവു പുസ്തകത്തിന്റെ വിവരം | 11 (153/17-18 ) |
| ഈടാക്കേണ്ട തുക | 11*250 = ₹.2750/- |
| കരാറുകാരൻ | അനന്തകൃഷ്ണൻ. എം |

H.

| | |
|---|---|
| പ്രൊജക്ട് നം/ പേര് | 271/19(151/18)(141/17): കിണായത്ത് തൊടി റോഡ് അറ്റകുറ്റപ്പണി (വാർഡ്-14) |
| വകയിരുത്തിയ തുക/ ഫണ്ടിനം | ₹.300,000/- (റോഡ് മെയിന്റനൻസ് ഗ്രാന്റ്) |
| ചെലവു തുക/ ബിൽ നം. | ₹.298520/- 19/11.7.18 |
| ഉപയോഗിച്ച ബിറ്റുമെൻ ബാരലുകളുടെ എണ്ണം/അളവു പുസ്തകത്തിന്റെ വിവരം | 8 (136/17-18 ) |
| ഈടാക്കേണ്ട തുക | 8*250 = ₹.2000/- |
| കരാറുകാരൻ | വി.കെ. ചാമി |

I

| | |
|---|---|
| പ്രൊജക്ട് നം/ പേര് | 269/19(149/18): വാലിപ്പറമ്പ് റോഡ് അറ്റകുറ്റപ്പണി (വാർഡ്-20) |
| വകയിരുത്തിയ തുക/ ഫണ്ടിനം | ₹.200,000/- (റോഡ് മെയിന്റനൻസ് ഗ്രാന്റ്) |
| ചെലവു തുക/ ബിൽ നം. | ₹.189657/- 20/11.7.18 |
| ഉപയോഗിച്ച ബിറ്റുമെൻ ബാരലുകളുടെ | 5(120/17-18 & 124/17-18) |

| | |
|---|---|
| എണ്ണം/അളവ് പുസ്തകത്തിന്റെ വിവരം | |
| ഈടാക്കേണ്ട തുക | 5*250 = ₹.1250/- |
| കരാറുകാരൻ | ടി. ചന്ദ്രൻ |

J.

| | |
|---|---|
| പ്രൊജക്ട് നം/ പേര് | 262/19(141/18): മോപ്പറമ്പ് കുന്നമ്പ്രം അറ്റകുറ്റപ്പണി (വാർഡ്-5) |
| വകയിരുത്തിയ തുക/ ഫണ്ടിനം | ₹.309,000/- (റോഡ് മെയിന്റനൻസ് ഗ്രാന്റ്) |
| ചെലവ് തുക/ ബിൽ നം. | ₹.304492/- 34/8.8.18 |
| ഉപയോഗിച്ച ബിറ്റുമെൻ ബാരലുകളുടെ എണ്ണം/അളവ് പുസ്തകത്തിന്റെ വിവരം | 17(151/17-18) |
| ഈടാക്കേണ്ട തുക | 17*250 = ₹.4250/- |
| കരാറുകാരൻ | അനന്തകൃഷ്ണൻ.എം |

K

| | |
|---|---|
| പ്രൊജക്ട് നം/ പേര് | 264/19(144/18): ഫാത്തിമ റോഡ് എറയപ്പറ്റ റോഡ് അറ്റകുറ്റപ്പണി (വാർഡ്-11) |
| വകയിരുത്തിയ തുക/ ഫണ്ടിനം | ₹.309,000/- (റോഡ് മെയിന്റനൻസ് ഗ്രാന്റ്) |
| ചെലവ് തുക/ ബിൽ നം. | ₹.304044/- 35/8.8.18 |
| ഉപയോഗിച്ച ബിറ്റുമെൻ ബാരലുകളുടെ എണ്ണം/അളവ് പുസ്തകത്തിന്റെ വിവരം | 8(152/17-18) |
| ഈടാക്കേണ്ട തുക | 8*250 = ₹.2000/- |
| കരാറുകാരൻ | അനന്തകൃഷ്ണൻ.എം |

L.

| | |
|---|---|
| പ്രൊജക്ട് നം/ പേര് | 261/19(140/18): പ്രതീക്ഷാ നഗർ |

| | |
|---|---|
| | റോഡ് അറ്റകുറ്റപ്പണി (വാർഡ്-5) |
| വകയിരുത്തിയ തുക/ ഫണ്ടിനം | ₹.210,000/- (റോഡ് മെയിന്റനൻസ് ഗ്രാന്റ്) |
| ചെലവ് തുക/ ബിൽ നം. | ₹.202824/- 36/8.8.18 |
| ഉപയോഗിച്ച ബിറ്റുമെൻ ബാരലുകളുടെ എണ്ണം/അളവ് പുസ്തകത്തിന്റെ വിവരം | 6(149/17-18) |
| ഈടാക്കേണ്ട തുക | 6*250 = ₹.1500/- |
| കരാറുകാരൻ | അനന്തകൃഷ്ണൻ.എം |

M.

| | |
|---|---|
| പ്രൊജക്റ്റ് നം/ പേര് | 282/19(157/18): കറമ്പക്കാട് എസ്.സി. കോളനി പോക്കറ്റ് റോഡ് റീടാറിങ്ങ് (വാർഡ്-15) |
| വകയിരുത്തിയ തുക/ ഫണ്ടിനം | ₹.200,000/- (പ്ലാൻ -എസ്.സി.പി) |
| ചെലവ് തുക/ ബിൽ നം. | ₹.198948/- 37/8.8.18 |
| ഉപയോഗിച്ച ബിറ്റുമെൻ ബാരലുകളുടെ എണ്ണം/അളവ് പുസ്തകത്തിന്റെ വിവരം | 13 (135/17-18) |
| ഈടാക്കേണ്ട തുക | 13*250 = ₹.3250/- |
| കരാറുകാരൻ | വി.കെ.ചാമി |

N.

| | |
|---|---|
| പ്രൊജക്റ്റ് നം/ പേര് | 268/19(138/17): ഓരാച്ചിക്കുളം റോഡ് അറ്റകുറ്റപ്പണി (വാർഡ്-15) |
| വകയിരുത്തിയ തുക/ ഫണ്ടിനം | ₹.300,000/- (റോഡ് മെയിന്റനൻസ് ഗ്രാന്റ്) |
| ചെലവ് തുക/ ബിൽ നം. | ₹.253372/- 38/8.8.18 |
| ഉപയോഗിച്ച ബിറ്റുമെൻ ബാരലുകളുടെ എണ്ണം/അളവ് പുസ്തകത്തിന്റെ വിവരം | 7 (137/17-18) |
| | |

| | |
|---|---|
| ഈടാക്കേണ്ട തുക | 7*250 = ₹.1750/- |
| കരാറുകാരൻ | വി.കെ.ചാമി |

O.

| | |
|---|---|
| പ്രൊജക്റ്റ് നം/ പേര് | 277/19(158/18): വാലാമ്പള്ളം റോഡ് അറ്റകുറ്റപ്പണി (വാർഡ്-11) |
| വകയിരുത്തിയ തുക/ ഫണ്ടിനം | ₹.400,000/- (റോഡ് മെയിന്റനൻസ് ഗ്രാന്റ്) |
| ചെലവു തുക/ ബിൽ നം. | ₹.400000/- 39/8.8.18 |
| ഉപയോഗിച്ച ബിറ്റുമെൻ ബാരലുകളുടെ എണ്ണം/അളവു പുസ്തകത്തിന്റെ വിവരം | 11(138/17-18) |
| ഈടാക്കേണ്ട തുക | 11*250 = ₹.2750/- |
| കരാറുകാരൻ | വി.കെ.ചാമി |

P

| | |
|---|---|
| പ്രൊജക്റ്റ് നം/ പേര് | 276/19(156/17): വടക്കേപ്പുറമ്പ് റോഡ് അറ്റകുറ്റപ്പണി (വാർഡ്-4) |
| വകയിരുത്തിയ തുക/ ഫണ്ടിനം | ₹.400,000/- (റോഡ് മെയിന്റനൻസ് ഗ്രാന്റ്) |
| ചെലവു തുക/ ബിൽ നം. | ₹.400000/- 40/8.8.18 |
| ഉപയോഗിച്ച ബിറ്റുമെൻ ബാരലുകളുടെ എണ്ണം/അളവു പുസ്തകത്തിന്റെ വിവരം | 11 (148/17-18) |
| ഈടാക്കേണ്ട തുക | 11*250 = ₹.2750/- |
| കരാറുകാരൻ | അനന്തകൃഷ്ണൻ. എം |

Q.

| | |
|---|---|
| പ്രൊജക്റ്റ് നം/ പേര് | 274/19(145/17): വാർഡ് -16 ഗ്രാമം റോഡ് അറ്റകുറ്റപ്പണി (വാർഡ്-16) |
| | |

| | |
|---|---|
| വകയിരുത്തിയ തുക/ ഫണ്ടിനം | ₹.200,000/- (റോഡ് മെയിന്റനൻസ് ഗ്രാന്റ്) |
| ചെലവു തുക/ ബിൽ നം. | ₹.195125/- 45/13.8.18 |
| ഉപയോഗിച്ച ബിറ്റുമെൻ ബാരലുകളുടെ എണ്ണം/അളവു പുസ്തകത്തിന്റെ വിവരം | 6(133/17-18) |
| ഈടാക്കേണ്ട തുക | 6*250 = ₹.1500/- |
| കരാറുകാരൻ | സുരേഷ് കുമാർ. വി.എസ്. |

R.

| | |
|---|---|
| പ്രൊജക്ട് നം/ പേര് | 279/19(160/17): കാഞ്ഞിരക്കോട് പള്ളി റോഡ് അറ്റകുറ്റപ്പണി (വാർഡ്-21) |
| വകയിരുത്തിയ തുക/ ഫണ്ടിനം | ₹.250,000/- (റോഡ് മെയിന്റനൻസ് ഗ്രാന്റ്) |
| ചെലവു തുക/ ബിൽ നം. | ₹.244026/- 44/13.8.18 |
| ഉപയോഗിച്ച ബിറ്റുമെൻ ബാരലുകളുടെ എണ്ണം/അളവു പുസ്തകത്തിന്റെ വിവരം | 6(159/17-18) |
| ഈടാക്കേണ്ട തുക | 6*250 = ₹.1500/- |
| കരാറുകാരൻ | എ. മോഹൻ ദാസ് |

S.

| | |
|---|---|
| പ്രൊജക്ട് നം/ പേര് | 280/19(161/17): മംഗളം ഗ്രാർഡൻ റോഡ് അറ്റകുറ്റപ്പണി (വാർഡ്-19) |
| വകയിരുത്തിയ തുക/ ഫണ്ടിനം | ₹.200,000/- (റോഡ് മെയിന്റനൻസ് ഗ്രാന്റ്) |
| ചെലവു തുക/ ബിൽ നം. | ₹.200000/- 43/13.8.18 |
| ഉപയോഗിച്ച ബിറ്റുമെൻ ബാരലുകളുടെ എണ്ണം/അളവു | 6 (158/17-18) |

| | |
|---|---|
| പുസ്തകത്തിന്റെ വിവരം | |
| ഈടാക്കേണ്ട തുക | 6*250 = ₹.1500/- |
| കരാറുകാരൻ | സുരേഷ് കുമാർ വി.എസ്. |

T.

| | |
|---|---|
| പ്രൊജക്ട് നം/ പേര് | 265/19(145/18): പുളിയമ്പറമ്പ് റോഡ് അറ്റകുറ്റപ്പണി (വാർഡ്-20) |
| വകയിരുത്തിയ തുക/ ഫണ്ടിനം | ₹.250,000/- (റോഡ് മെയിന്റനൻസ് ഗ്രാന്റ്) |
| ചെലവു തുക/ ബിൽ നം. | ₹.238412/- 42/13.8.18 |
| ഉപയോഗിച്ച ബിറ്റുമെൻ ബാരലുകളുടെ എണ്ണം/അളവു പുസ്തകത്തിന്റെ വിവരം | 7(125/17-18, 117/17-18) |
| ഈടാക്കേണ്ട തുക | 7*250 = ₹.1750/- |
| കരാറുകാരൻ | ചന്ദ്രൻ. ടി |

U.

| | |
|---|---|
| പ്രൊജക്ട് നം/ പേര് | 270/19(150/17): ചൈത്രാ നഗർ റോഡ് അറ്റകുറ്റപ്പണി (വാർഡ് -17) |
| വകയിരുത്തിയ തുക/ ഫണ്ടിനം | ₹.490,000/- (റോഡ് മെയിന്റനൻസ് ഗ്രാന്റ്) |
| ചെലവു തുക/ ബിൽ നം. | ₹.479805/- 41/13.8.18 |
| ഉപയോഗിച്ച ബിറ്റുമെൻ ബാരലുകളുടെ എണ്ണം/അളവു പുസ്തകത്തിന്റെ വിവരം | 28 (131/17-18) |
| ഈടാക്കേണ്ട തുക | 28*250 = ₹.7000/- |
| കരാറുകാരൻ | രമണൻ. കെ |

₹.54500/- (അമ്പത്തിനാലായിരത്തി അഞ്ഞൂറുരൂപ) കരാറുകാരിൽ നിന്നും ഈടാക്കി ഗ്രാമ പഞ്ചായത്തിൽ അടവാക്കേണ്ടതാണ്.

# 1-40 റോഡ് റീ കോൺക്രീറ്റ് - പുതിയ കോൺക്രീറ്റ് റോഡിന്റെ അതേ കനത്തിൽ ചെയ്തു

പ്രോജക്ട് നം.53/19: നെടുങ്ങോട് എസ്.സി. കോളനി റോഡ് കെൺക്രീറ്റ് എന്ന പ്രവൃത്തിയുടെ എസ്റ്റിമേറ്റിൽ 38.8മീറ്റർ കോൺക്രീറ്റിങ്ങും 17 മീറ്റർ റീ കോൺക്രീറ്റിങ്ങും ആണ് ഉൾപ്പെടുത്തിയത്. രണ്ടും 15 സെ.മീ. കനത്തിൽ തന്നെയാണ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

ഇതേ പ്രകാരം തന്നെ റീ കോൺക്രീറ്റിങ്ങ് 15cm കനത്തിൽ നടത്തിയ മറ്റ് റോഡുകളുടെ വിവരം ചുവടെ കൊടുക്കുന്നു.

| പ്രൊജക്ട് നമ്പറും പേരും | അടങ്കൽ തുക/ ഫണ്ടിനം | ചെലവു തുക/ ബിൽ നം | റീ കോൺക്രീറ്റിങ്ങ് നടത്തിയ അളവ്/ അളവുപുസ്തകം |
|---|---|---|---|
| 104/19: കൃഷ്ണാ റോഡ് കോൺക്രീറ്റിങ്ങ് | 100000/- (CFC Grant) | 95,633/- 55/12.11.18 | 12.66$m^3$ (15/18-19) |
| 118/19: പുത്തൻപുര റോഡുകൾ കോൺക്രീറ്റിങ് | 250000/- (തനത് ഫണ്ട്) | 250000/- (വൗ.നം. 21800979/2.11.18) (ചെക്ക് നം.67335/2.11.18) | 15.25$m^3$ (9/18-19) |
| 89/19: മാപ്പിളക്കാട് വിവധ പോക്കറ്റ് റോഡുകൾ കോൺക്രീറ്റിങ്ങ് | 280000/- വികസന ഫണ്ട് (പൊതു വിഭാഗം- സാധാരണ വിഹിതം) | 280000/- 64/14.11.18 | 4.651$m^3$ (17/18-19) |
| | | | |

| | | | |
|---|---|---|---|
| 84/18: പുളിമ്പറമ്പ് റോഡ് കോൺക്രീറ്റ് | 300000/-<br>(CFC Grant) | 300000/-<br>75/23.11.18 | 5.88 $m^3$ |
| 42/19: കാഞ്ഞിരക്കോട് എസ്.സി.കോളനി റോഡ് കോൺക്രീറ്റ് | 135000/-<br>(വികസന ഫണ്ട് - എസ്.സി.പി) | 134999/-<br>79/5.12.18 | 7.5$m^3$<br>(9.2$m^3$ പഴയ കോൺക്രീറ്റ് റോഡ് പൊളിച്ചെടുത്തു) |
| 291: 21ാം വാർഡിലെ വിവിധ ഭാഗങ്ങളിൽ റോഡ് കോൺക്രീറ്റിങ്ങ് | 280000/-<br>വികസന ഫണ്ട് (പൊതു വിഭാഗം- സാധാരണ വിഹിതം) | 277964/-<br>80/5.12.18 | 8.1$m^3$<br>(3.1$m^3$ പഴയ കോൺക്രീറ്റ് റോഡ് പൊളിച്ചെടുത്തു) |
| 58/19: പറക്കോട് ആന്ത്രാംകുന്ന് കുറുക്കൻപാറ റോഡ് കോൺക്രീറ്റ് | 294000/-<br>(വികസന ഫണ്ട് - എസ്.സി.പി) | 294000/-<br>81/5.12.18 | 32.19$m^3$<br>(1.08$m^3$ പഴയ കോൺക്രീറ്റ് റോഡ് പൊളിച്ചെടുത്തു) |
| 101/19: പ്രതീക്ഷാ നഗർ റോഡുകൾ കോൺക്രീറ്റിങ്ങ് | 300000/-<br>(റോഡ് മെയിന്റനൻസ് ഗ്രാന്റ്) | 300000/-<br>84/10.12.18 | 16.8$m^3$<br>(4.03$m^3$ പഴയ കോൺക്രീറ്റ് റോഡ് പൊളിച്ചെടുത്തു)MB No.20/18-19 |
| 103/19: നെടുങ്ങോട് ആലക്കൽ പറമ്പ് റോഡ് കോൺക്രീറ്റിങ്ങ് | 100000/-<br>(റോഡ് മെയിന്റനൻസ് ഗ്രാന്റ്) | 100000/-<br>87/10.12.18 | 13.25$m^3$ |

കോൺക്രീറ്റ് റോഡിന്റെ അതേ കനത്തിൽ തന്നെ റീ കോൺക്രീറ്റിങ് ചെയ്യുന്നതുമായി ബന്ധപ്പെട്ട് [ഓഡിറ്റ് അന്വേഷണം നം.15(2)/28-02-2020] അസിസ്റ്റന്റ് എഞ്ചിനീയർ നൽകിയ വിശദീകരണത്തിൽ താഴെ പറയുന്ന കാര്യങ്ങൾ സൂചിപ്പിച്ചിട്ടുണ്ട്.

1. പലപ്പോഴും റീ കോൺക്രീറ്റ് ചെയ്യുന്ന ഭാഗം പഴയ കോൺക്രീറ്റ് പൊളിഞ്ഞ് പയതോ താഴ്ന്ന് പോയതോ ആയിരിക്കും.

2. നിലവിലെ കോൺക്രീറ്റ് റോഡിന് കാര്യമായ തകരാർ ഇല്ലാത്ത അവസ്ഥയിൽ മാത്രമേ 10സെന്റീമീറ്റർ വരെ കുറച്ച് കോൺക്രീറ്റ് ചെയ്യുവാൻ സാധിക്കുകയുള്ളൂ.

3. സാങ്കേതിക അനുമതി നൽകിയ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിലാണ് 15 സെ.മീ. കനത്തിൽ കോൺക്രീറ്റ് ചെയ്തത്.

4. വലിയ നിരപ്പ് വ്യത്യാസമോ, താഴ്ന്ന് പോകുന്ന അവസ്ഥയില്ലാത്തതോ ആയ സന്ദർഭങ്ങളിൽ 10 സെ.മീ. കനത്തിൽ തന്നെയാണ് റീ കോൺക്രീറ്റ് ചെയ്യുന്നത്.

നിർവ്വഹണ ഉദ്യോഗസ്ഥന്റെ മറുപടി അംഗീകരിച്ച്കൊണ്ടുതന്നെ ഓഡിറ്റ് താഴെ പറയുന്ന നിർദ്ദേശങ്ങൾ മുന്നോട്ടുവെക്കുന്നു.

1. റോഡ് മെയിന്റനൻസ് പ്രവൃത്തികളുടെ (റീ കോൺക്രീറ്റീങ്ങ്, റീ ടാറിങ്ങ്) എസ്റ്റിമേറ്റ് റിപ്പോർട്ടുകളിൽ ഈ റോഡിൽ അറ്റകുറ്റ പ്രവൃത്തി നിർവ്വഹിക്കുന്ന റീച്ച്, നിർമ്മിച്ച/അറ്റകുറ്റ പണി നടത്തിയ വർഷം രേഖപ്പെടുത്തേണ്ടതാണ്.

2. റോഡുകളുടെ നിർമ്മാണം/ അറ്റകുറ്റപ്പണി പൂർത്തിയാകുന്ന മുറയ്ക്ക് അടുത്ത റീ ടാറിങ്ങിന്റെ/ റീ കോൺക്രീറ്റിങ്ങിന്റെ സ്വാഭാവിക തീയ്യതി രേഖപ്പെടുത്തിവെക്കുന്നത് റോഡുകളുടെ കൃത്യമായതും സമയ ബന്ധിതവുമായ മെയിന്റനൻസിന് സഹായകരമാവും.

3. പുതിയ റോഡുകളുടെ നിർമ്മാണ സമയത്തു തന്നെ അതിന്റെ അടിസ്ഥാനം (Base) ബലപ്പെടുത്തിയിട്ടുണ്ടെന്ന് ഉറപ്പു വരുത്തേണ്ടതാണ്.

# 1-41 അസിസ്റ്റന്റ് എഞ്ചിനീയർ പ്രൊജക്ട് ആവിഷ്കരിക്കുമ്പോൾ സർക്കാർ മാർഗനിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

i)ഗ്രാമ പഞ്ചായത്ത് ഓഫീസിലോ എഞ്ചിനീയറിങ് വിഭാഗത്തിലോ ഗ്രാമ പഞ്ചായത്തിന്റെ അധീനതയിൽ ഉള്ള റോഡുകളുടെ വിവരം കാണിക്കുന്ന രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

സർക്കാർ ഉത്തരവ് (കൈ)നം. 11/2018/ത.സ്വ.ഭ.വ തീയതി: 29.01.2018 പ്രകാരം പുറപ്പെടുവിച്ച പദ്ധതി മാർഗരേഖ ഖണ്ഡിക 7/13(1) നിർദ്ദേശിക്കും പ്രകാരം റോഡ് കണക്ടിവിറ്റി പ്ലാൻ, റോഡ് കണക്ടിവിറ്റി ഭൂപടം ഇവയും തയ്യാറാക്കേണ്ടതുണ്ട്. പിരായിരി ഗ്രാമ പഞ്ചായത്തിൽ റോഡ് കണക്ടിവിറ്റി പ്ലാൻ, റോഡ് കണക്ടിവിറ്റി ഭൂപടം ഇവ തയ്യാറാക്കിയിട്ടില്ല. ഇതി സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിനുള്ള (നം.3/22-

02-2020) മറുപടിയിൽ റോഡ് കണക്റ്റിവിറ്റി പ്ലാൻ, റോഡ് കണക്റ്റിവിറ്റി ഭൂപടം എന്നിവ തയ്യാറാക്കി വരുന്നതായും തീരുന്ന മുറയ്ക്ക് പരിശോധനയ്ക്ക് ഹാജരാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

ഖണ്ഡിക 7.13(5)ൽ തദ്ദേശ ഭരണ സ്ഥാപനത്തിന്റെ റോഡ് രജിസ്റ്ററിലുള്ള റോഡുകൾ മാത്രമേ റോഡ് മെയിന്റനൻസ് ഫണ്ട് ഉപയോഗിച്ച് ഏറ്റെടുക്കാൻ പാടുള്ളു എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ റോഡ് രജിസ്റ്റർ, റോഡ് കണക്റ്റിവിറ്റി പ്ലാൻ, റോഡ് കണക്റ്റിവിറ്റി ഭൂപടം ഇവ പൂർത്തീകരിക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കണം.

ii) സർക്കാർ ഉത്തരവ് (കൈ)നം. 11/2018/ത.സ്വ.ഭ.വ തീയതി: 29.01.2018 പ്രകാരം പുറപ്പെടുവിച്ച പദ്ധതി മാർഗരേഖ ഖണ്ഡിക 7/13(12)ൽ ഗുണമേൻമയുള്ളതും ഈടുറ്റതുമായ റോഡുകൾ പ്രോത്സാഹിപ്പിക്കുന്നതിന് ഓരോ തദ്ദേശഭരണ സ്ഥാപനവും ഒരു വാർഷിക പദ്ധതിയിൽ ഒരു റോഡെങ്കിലും 5 വർഷത്തെ ഗ്യാരണ്ടിയോടു കൂടി നടപ്പാക്കുന്നതിന് ശ്രമിക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ പിരായിരി ഗ്രാമ പഞ്ചായത്തിൽ ഇത്തരത്തിൽ ഒരു ശ്രമം നടത്തിയിട്ടില്ല. പദ്ധതികൾ ആവിഷ്കരിക്കുമ്പോൾ പദ്ധതി മാർഗനിർദ്ദേശങ്ങൾ പാലിക്കാൻ ശ്രദ്ധിക്കണം.

ഭാഗം-2

വരവിനങ്ങളിലുള്ള പരാമർശങ്ങൾ - ഒന്നുമില്ല

ഭാഗം-3

ചെലവിനങ്ങളിലുള്ള പരാമർശങ്ങൾ – ഒന്നുമില്ല

# <u>ഭാഗം -4</u>
# <u>പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും</u>

# 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2018- | 06-07-2019 & 08-07-2019 | KSAPKD21/997/2019 ( |

| | | |
|---|---|---|
| 19 | | 62)/ 26.8.19 |

# 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്റ്റിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2017-18 | 1550000 | ഉഴവ് കൂലി | 1550000 | 00 |
| | 2018-19 | 959450 | ഉഴവ് കൂലി | 959447 | 3 |
| | 2017-18 | 1123740 | ലൈഫ് (ജനറൽ) | 1123740 | |
| | 2018-19 | 4131306 | ലൈഫ് (ജനറല് | 716260 | 3415046 |
| | 2018-19 | 2606450 | ലൈഫ് (എസ്.സി) | 0 | 2606450 |
| | 2018-19 | 50000 | പാൽ സബ്സിഡി | 50000 | 0 |
| | 2018-19 | 300000 | സ്കോളർഷിപ്പ് | 189770 | 110230 |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 2134394 | ലൈഫ് (ജ) | 800000 | 1334394 |
| | 2018-19 | 2707359 | ലൈഫ് (എസ്.സി) | 0 | 2707359 |
| | | 400000 | പാൽ സബ്സിഡി | 400000 | 0 |
| | 2018-19 | 1085000 | ഉഴവ്കൂലി | 1072064 | 12936 |
| | | 450000 | ലാപ്ടോപ് | 0 | 450000 |
| | | 500000 | തോലനിക്കാവ് സാംസ്കാരിക | 0 | 500000 |

| | | | | | |
|---|---|---|---|---|---|
| | | | കേന്ദ്രം | | |

# 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഒന്നുമില്ല

# 4-4 വായ്പ/വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് ഹഡ്കോ വായ്പയിനത്തിൽ 1913602രൂപ വരവുണ്ട്.തൻവർഷം വായ്പ തുക തിരിച്ചടവ് ഇല്ല.

ഓഡിറ്റ് വർഷം മറ്റ് വായ്പകൾ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ്.ഭവന പദ്ധതി | 957/10 തസ്വഭവ തിയതി, 20.3.10 | 16092000 | 2121954 | 1675000 | - | 446954 |

165000 ഗുണഭോക്താവ് തിരിച്ചടച്ചതിൽ 75000 രൂപ മുതലും 90000 രൂപ പലിശയുമാണ്. ഇതിൽ 75000 രൂപ തിരിച്ചടച്ചു. 536954 രൂപയാണ് ബാലൻസ് ഷീറ്റിലെ ലോൺ തുക. ഇതിൽ 446954 രൂപ ലോണും

90000 രൂപ ഗുണഭോക്താവിൽ നിന്നും തിരികെ ലഭിച്ച പലിശ തുകയുമാണ്.

# 4-5 ഡെപ്പോസിറ്റ് പ്രവർത്തികൾ

ഓഡിറ്റ് വർഷത്തിൽ വൈദ്യുതിബോർഡിൽ ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തികൾ നടത്തുന്നതിന് പദ്ധതി ഫണ്ടിൽ നിന്നും താഴെ പറയും പ്രകാരം മുൻകൂർതുക നൽകിയിട്ടുണ്ട്.

| പ്രോജക്റ്റ് നമ്പരും പേരും | അടങ്കൽ | ബിൽ | ചെലവ് തുക | നീക്കിയിരുപ്പ് | നിർവ്വഹണ എജൻസി. |
|---|---|---|---|---|---|
| 10/19-വിവിധ വാർഡു കളിൽ ലൈൻ എക്സ്റ്റൻഷൻ & തെരുവ് വിളക്ക് സ്ഥാപിക്കൽ - എസ്.സി. കോളനി | 466000 (പ്ലാൻ എസ്. സി.പി) | 25/ 11.12.18 | 37222 | വിനിയോഗ വിവരം ലഭ്യമായില്ല | അസി. എക്സി. എഞ്ചിനീയർ, കെ.എസ്. ഇ.ബി |
| | | 46/28.3.19 | 332506 | | |
| 336/19 – പൂട്ടൂർ കുടിവെള്ള പദ്ധതിക്ക് മീറ്റർ | 60000 (പ്ലാൻ-ജ) | 32/8.3.19 | 60000 | “ | “ |

# 4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 1000(ഓഹരി) |
| തൻവർഷം നിക്ഷേപിച്ച തുക (പലിശ) | 0 |
| ആകെ | 1000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 1000 |

# 4-7 ഓഡിറ്റ് റിക്കവറി

ഒന്നുമില്ല

# 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

2014-15 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിന്റെ ഭാഗമായുള്ള മൃഗസംരക്ഷണമേഖലയെ സംബന്ധിച്ച പ്രവർത്തനക്ഷമതാ ഓഡിറ്റ് റിപ്പോർട്ടിൽ പിരായിരി ഗ്രാമപഞ്ചായത്തിലെ മൃഗസംരക്ഷണ മേഖലയിലെ പരാമർശങ്ങൾ ഉൾപ്പെട്ടിട്ടുണ്ട്. വിഷയം നാളിതുവരെ ലോക്കൽഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി പരിഗണിച്ചിട്ടില്ല.

# 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഒന്നുമില്ല

# 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പെടെ) | 130340119 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 89052484 |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 326945 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 733150 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| | | ഒന്നുമില്ല | |

ഭാഗം -1 ൽ ഉൾപ്പെട്ട പരാമർശങ്ങൾ പ്രകാരം പഞ്ചായത്ത് ഫണ്ടിനുണ്ടായ നഷ്ടം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | വരവ് നഷ്ടം | ചെലവ് നഷ്ടം | |
| | | | |

| | | | |
|---|---|---|---|
| 1-22 | | 98100 | ശ്രീ.മോഹൻദാസ്, അസി.സെക്രട്ടറി |
| 1-23 | | 22425 | ശ്രീമതി.ധനലക്ഷ്മി<br>ഐ.സി.ഡി.എസ്.സൂപ്പർവൈസർ |
| 1-24 | | 85500 | ശ്രീമതി.ധനലക്ഷ്മി<br>ഐ.സി.ഡി.എസ്.സൂപ്പർവൈസർ |
| 1-26 | | 66420 | ശ്രീ.എം.ജെ.ജോയ്സൺ<br>സെക്രട്ടറി |
| 1-39 | | 54500 | ശ്രീ.ദേവപ്രസാദ്, അസിസ്റ്റന്റ് എഞ്ചിനീയർ |
| ആകെ | | 326945 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-25 | 495000 | ശ്രീ.ശിവപ്രസാദ്, വി.ഇ.ഒ |
| 1-28 | 2,38,150 | ശ്രീ.എം.ജെ.ജോയ്സൺ<br>സെക്രട്ടറി |
| ആകെ | 7,33,150 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഒന്നുമില്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഒന്നുമില്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ<br>(ഓഡിറ്റ് നടന്ന സമയത്തെ) | സ്ഥിരം മേൽവിലാസം |
|---|---|---|

| | | |
|---|---|---|
| | ഔദ്യോഗിക മേൽവിലാസം | |
| ശ്രീ.എം.ജെ.ജോയ്സൺ<br>സെക്രട്ടറി | വിരമിച്ചു | മുട്ടത്ത് വീട്<br>കൊടുന്തിരപ്പുള്ളി<br>പാലക്കാട് ജില്ല<br>പിൻ-678004. |
| ശ്രീ.ദേവപ്രസാദ്.പി.എം<br>അസിസ്റ്റന്റ് എഞ്ചിനിയർ | പിരായിരി ഗ്രാമപഞ്ചായത്ത് | ദേവാഞ്ജലി<br>ഹിൽവ്യു നഗർ<br>പുതുപ്പരിയാരം-678731 |
| ശ്രീ.ശിവപ്രസാദ്<br>വി.ഇ.ഒ | പിരായിരി ഗ്രാമപഞ്ചായത്ത് | പനങ്കാവ്<br>പട്ടഞ്ചേരി<br>പാലക്കാട് ജില്ല<br>പിൻ-678532 |
| ശ്രീമതി.ധനലക്ഷ്മി<br>ഐ.സി.ഡി.എസ്.സൂപ്പർവൈസർ | പിരായിരി ഗ്രാമപഞ്ചായത്ത് | തെക്കേടത്ത്<br>നാഗർകോവിൽ<br>ലൈൻ<br>കൊടുമ്പ്<br>പാലക്കാട് ജില്ല<br>പിൻ-678551 |

# 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നു പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | റിമാർക്സ് |
|---|---|---|
| 1996-97 | LF.P12/904/05/20.01.06 | ബാദ്ധ്യതാരഹിത സർട്ടിഫിക്കറ്റ് |
| 1997-98 | LF.P12/42/06/19.04.06 | ഓഡിറ്റ് തടസ്സം സംബന്ധിച്ച് |
| 1998-99 | LF.P7/756/01/15.07.06 | ഫർദർ റിമാർക്സ് |
| 1999-00 | LF.P12/462/09/12.06.09 | ചാർജ്/ സർചാർജ് സംബന്ധിച്ച് |
| 2000- | LF.P12/1396/05/04.01.06 | ഓഡിറ്റ് |

| | | |
|---|---|---|
| 01 | | റിപ്പോർട്ട് |
| 2001-02 | LF.P12/1631/07/05.04.08 | ഫർദർ റിമാർക്സ് |
| 2002-03 | LF.P12/558/06/09.10.06 | ഓഡിറ്റ് റിപ്പോർട്ട് |
| 2003-04 | LF.P14/1405/13/22.10.13 | സെക്രട്ടറിയുടെ ബാദ്ധ്യത |
| 2004-05 | LF.P17/1074/10/01.12.10 | ഫർദർ റിമാർക്സ് |
| 2005-06 | LF.P17/1074/10/01.12.10 | ഫർദർ റിമാർക്സ് |
| 2006-07 | LF.P17/1068/10/19.11.10 | ഫർദർ റിമാർക്സ് |
| 2007-08 | LF.P17/1032/11/14.12.11/05.06.12 | ഫർദർ റിമാർക്സ് |
| 2008-09 | LF.P17/1032/11/14.12.11/05.06.12 | ഫർദർ റിമാർക്സ് |
| 2009-10<br>2010-11<br>2011-12 | LF.P17/2763/13/06.01.14 | ഫർദർ റിമാർക്സ് |
| 2012-13 | എൽ എഫ് പി 17/390/2015 /2-5-15 | ഫർദർ റിമാർക്സ് |
| 2013-14 & 2014-15 | നം. കെ.എസ്.എ-പികെഡി-17/1427/16 തിയ്യതി:8.8.2016 | ഓഡിറ്റ് റിപ്പോർട്ട് |
| 2015-16 | നം.കെ.എസ്.എ.പി.കെ.ഡി.17-228-17/08.02.17 | ഓഡിറ്റ് റിപ്പോർട്ട് |
| 2016-17 | കെ.എസ്.എ-പികെഡി 17-1174/2017/26.07.2017 | ഓഡിറ്റ് റിപ്പോർട്ട് |
| 2017-18 | നം.കെ.എസ്.എ-പികെഡി.17-835/2019/20.07.2019 | ഓഡിറ്റ് റിപ്പോർട്ട് |

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# അനുബന്ധം 1 ഓഡിറ്റ് സാക്ഷ്യപത്രം

കെ.എസ്.എ-പി.കെ.ഡി-21/997/2019(62)

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്

ഫോൺ - 04912-520145, തീയതി.26.08.2019

ഇ-മെയിൽ - dopkd.ksad@kerala.gov.in

## സാക്ഷ്യപത്രം

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215-ാം വകുപ്പും, ബന്ധപ്പെട്ട ചട്ടങ്ങളും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ കണക്കുകളുടെ സാക്ഷ്യപ്പെടുത്തലി നായി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അവലംബിച്ചും പാലക്കാട് ജില്ലയിലെ പിരായിരി ഗ്രാമപഞ്ചായത്തിന്റെ 31-3-2019 ൽ അവസാനിച്ച വർഷത്തെ ധനകാര്യ സ്റ്റേറ്റ്മെന്റിന്റെ പരിശോധന നിർവ്വഹിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഈ സാക്ഷ്യപത്രത്തിന്റെ അന്യത്ര കൊടുത്തിട്ടുള്ള ന്യൂനതകൾ ഒഴികെ എന്റെ അഭിപ്രായത്തിൽ പിരായിരി ഗ്രാമപഞ്ചായത്തിന്റെ 2018-19 വർഷത്തെ ധനകാര്യ സ്റ്റേറ്റ്മെന്റ് വരവ്, ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

## അനുബന്ധം

## ന്യൂനതകളുടെ സംഗ്രഹം

1. ആസ്തി രജിസ്റ്റർ കാലികമാക്കി സാംഖ്യയുമായി ബന്ധിപ്പിച്ചിട്ടില്ല.
2. സ്റ്റോക്ക് രജിസ്റ്റർ വാല്യൂ ബേസ്ഡ് ആക്കി സൂക്ഷിക്കുന്നില്ല.
3. സഞ്ചയ സോഫ്റ്റ്‌വെയറിലെ വസ്തു നികുതി ഡിമാന്റ് -കളക്ഷൻ- ബാലൻസ് തുക വാർഷിക ധനകാര്യ പത്രികയുമായി പൊരുത്തപ്പെടുന്നില്ല.
4. തൊഴിൽ നികുതി വരവ്(employees) - ഡിമാന്റ് രജിസ്റ്ററും വാർഷിക കണക്കും (RP-1) പൊരുത്തപ്പെടുന്നില്ല. തൊഴിൽ നികുതി വരവ്(traders) ഡിമാന്റ് രജിസ്റ്ററും വാർഷിക

കണക്കും (RP-43) പൊരുത്തപ്പെടുന്നില്ല.

5. ഡി & ഒ ലൈസൻസ് - ഡിമാന്റ് രജിസ്റ്റർ പൂർത്തിയാക്കി സംക്ഷിപ്തം തയ്യാറാക്കി യിട്ടില്ല.

6. വെള്ളക്കരം - രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കുന്നില്ല.

7. PSC- ബാങ്കിൽ 2018 July മുതലുള്ള കാഷ് ചെയ്യാത്ത ചെക്കുകൾ Stale Cheque എന്ന ശീർഷകത്തിലേക്ക് മാറ്റിയിട്ടില്ല.

8. MNREGS – രജിസ്റ്ററിലേയും വാർഷികകണക്കിലേയും തുകകൾ പൊരുത്തപ്പെടുന്നില്ല.

ഡെപ്യൂട്ടി ഡയറക്ടർ

No.KSA.PKD-21/997/2019(62)

Kerala State Audit Department,
District Audit Office, Palakkad,

Phone Number: 04912 520145,

Date.26.08.2019

email: dopkd.ksad@kerala.gov.in

## Audit Certificate

Certified that I have examined the Annual Financial Statement of Pirayiri Gramapanchayat in Palakkad District for the year ended on 31-3-2019 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215(6) of the Kerala Panchayat Raj Act 1994, the Rules made there under and the Guidelines issued by the Comptroller and Auditor General of India for the Cetification of Accounts of Panchayat Raj Institutions.

In my opinion, the Financial Statements of Pirayiri Gramapanchayat for the year 2018-19 subject to the observations in the Annexure, property presents the picture of income, expenditure and closing balance.

Deputy Director

## Annexure

### Abstract Defects / Discrepancies

1. Accuracy of Asset value in balance sheet could not be verified since the asset register is not made up to date and linked with Sankhya.

2. Stock register is not kept as value based.

3. Property tax demand, collection and balance in Sanchaya does not agree with that of AFS.

4. Profession Tax(Employees)& (Traders) – Figures in Profession Tax Register does not agree with that of AFS.

5. D& O Licence – Register not completed &Abstract not certified.

6. Demand Register not maintained for water charge.

7. PSC-Uncashed Cheques issued during 2018 not transferred to the Head "Stale cheques"

8. MNREGS - Figures in the Register does not agree with that of AFS.

Deputy Director

# അനുബന്ധം 2 പത്രികകൾ

| | | | |
|---|---|---|---|
| | Pirayiri Grama Panchayat<br>RECEIPT & PAYMENT<br>STATEMENT | | |
| | For the period from 01-April-2018 to 31-March-2019 | | |
| Code.No | Description of Items | Schedule No | Amount |
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 10624667.00 |
| Cash | Cash | RP-40(a) | 226261.00 |
| | Operating | | |
| 110000000 | Tax Revenue | RP-1 | 3077245.00 |
| 130000000 | Rental income from Panchayat Properties | RP-3 | 825000.00 |
| 140000000 | Fees & User Charges | RP-4 | 1308151.00 |
| 150000000 | Sale & Hire Charges | RP-5 | 343894.00 |
| 151000000 | Receipts from Transferred Institutions | RP-6 | 44000.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 71381082.00 |
| 171000000 | Interest Earned | RP-9 | 388028.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 18880377.00 |
| 350000000 | Other Liabilities | RP-36 | 134754.00 |
| | Non Operating | | |
| 180000000 | Other Income | RP-10 | 0.0 |
| 311000000 | Earmarked Funds | RP-29 | 1056.00 |
| 330000000 | Secured Loans | RP-32 | 2078602.00 |
| 340000000 | Deposits Received | RP-34 | 672095.00 |
| 350000000 | Other Liabilities | RP-36 | 332438.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 19257680.00 |
| 460000000 | Loans, Advances and Deposits | RP-47 | 764789.00 |
| | | | |

| | | | |
|---|---|---|---|
| | Grand total | | 130340119.00 |
| | PAYMENTS | | |
| | Operating | | |
| 210000000 | Establishment Expenses | RP-11 | 3446936.00 |
| 220000000 | Administrative Expenses | RP-12 | 1491717.00 |
| 230000000 | Operations & Maintenance | RP-13 | 6445855.00 |
| 250000000 | Decentralised Plan Programme- Productive Sector | RP-15 | 7557633.00 |
| 251000000 | Decentralised Plan Programme- Service Sector | RP-16 | 21880309.00 |
| 252000000 | Decentralised Plan Programme- Infrastructure Sector | RP-17 | 3432841.00 |
| 253000000 | Decentralised Plan Programme- Projects not included in | RP-18 | 553489.00 |
| | Sector Division | | |
| 254000000 | Expenditures of Transferred institutions and State Sponsored Schemes | RP-19 | 920400.00 |
| 255000000 | Maintenance Projects | RP-20 | 22920724.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 18600.00 |
| 350000000 | Other Liabilities | RP-36 | 5088010.00 |
| | Non Operating | | |
| 240000000 | Interest & Finance Charges | RP-14 | 17742.00 |
| 280000000 | Prior Period Item | RP-26 | -31461.00 |
| 330000000 | Secured Loans | RP-32 | 1675000.00 |
| 340000000 | Deposits Received | RP-34 | 550929.00 |
| 350000000 | Other Liabilities | RP-36 | 2119157.00 |
| 410000000 | Fixed Assets | RP-38 | 3360082.00 |
| 412000000 | Capital work in Progress | RP-40 | 4453887.00 |
| 460000000 | Loans, Advances and Deposits | RP-47 | 3150634.00 |
| | Closing Balance | | |
| Bank | Bank | RP-40(b) | 41186481.00 |
| Cash | Cash | RP-40(b) | 101154.00 |
| | Grand Total | | 130340119.00 |

Pirayiri Grama Panchayat INCOME &

EXPENDITURE STATEMENT

For the period from 01-April-2018 to 31-March-2019

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | INCOME | | |
| 110000000 | Tax Revenue | I-1 | 8792663.00 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 825000.00 |
| 140000000 | Fee & User Charges | I-4(b) | 1580171.00 |
| 150000000 | Sale & Hire Charges | I-5(b) | 343894.00 |
| 151000000 | Receipts from Transferred Institutions | I-5(a) | 44000.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 170301268.00 |
| 171000000 | Interest Earned | I-8 | 388028.00 |
| 180000000 | Other Income | I-9 | 0.0 |
| | Total Income | | 182275024.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 9931708.00 |
| 220000000 | Administrative Expenses | I-11(b) | 1491717.00 |
| 230000000 | Operations & Maintenance | I-12(b) | 7271930.00 |
| 240000000 | Interest & Finance Charges | I-13 | 17742.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 8459107.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 54555634.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 6059980.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(c) | 149011.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(d) | 62518100.00 |
| 255000000 | Maintenance Projects | I-14(e) | 22920724.00 |
| 272000000 | Depreciation | I-17(a) | 1196121.00 |
| | Total Expenditure | | 174571774.00 |

| | | | |
|---|---|---|---|
| | Gross Surplus/ Deficit of income over Expenditure | | 7703250.00 |
| 280000000 | Prior Period Item | I-18 | 1020273.00 |
| | Gross Surplus/Deficit of Income over Expenditure after prior period items. | | 6682977.00 |
| 290000000 | Transfer to Reserve Funds | I-18(a) | 0.0 |

| Pirayiri Grama Panchayat BALANCE SHEET | | | |
|---|---|---|---|
| For the period from 01-April-2018 to 31-March-2019 | | | |
| Code.No | Description of Items | Schedule No | Amount |
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | 24929362.45 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 1056.00 |
| 312000000 | Reserves | B-3 | 28310756.00 |
| | Total Reserve & Surplus | | 53241174.45 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 16841942.00 |
| | Total Grants, Contributions for Specific Purposes | | 16841942.00 |
| | Loans | | |
| 330000000 | Secured Loans | B-5 | 2450556.00 |
| | Total Loans | | 2450556.00 |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 1014694.00 |
| 341000000 | Deposits Works | B-8 | 2810.00 |
| 350000000 | Other Liabilities | B-9 | 795456.55 |
| | Total Current Liabilities and Provisions | | 1812960.55 |
| | TOTAL LIABILITIES | | 74346633.00 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 31219230.00 |
| 411000000 | Accumulated Depreciation | B-11 | -3021430.00 |
| 412000000 | Capital Work in Progress | B-11(a) | 0.0 |
| | Total Fixed Assets | | 28197800.00 |

| | | | |
|---|---|---|---|
| | Investments | | |
| 420000000 | Investments-General Fund | B-12 | 0.0 |
| | Total Investments | | 0.0 |
| | Current Assets, Loans and Advances | | |
| 430000000 | Stock-in-hand | B-14 | 0.0 |
| 431000000 | Sundry Debtors (Receivables) | B-15 | 2759781.00 |
| 432000000 | Accumulated Provisions Against Debtors (Receivables) | B-15(a) | -244754.00 |
| | | | |
| 440000000 | Pre-paid Expenses | B-16 | 446954.00 |
| 450000000 | Cash and Bank Balance | B-17 | 41287635.00 |
| 460000000 | Loans, Advances and Deposits | B-18 | 1899217.00 |
| | Total Current Assets, Loans and Advances | | -244754.00 |
| | Total Current Assets, Loans and Advances | | 46393587.00 |
| | Other Assets | | |
| | Miscellaneous Expenditure (To the Extent not written off) | | |
| | TOTAL ASSETS | | 74346633.00 |

Deputy Director